പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ജൂൺ 2025




## പുതിയ ഭരണ സമിതിക്ക് ആശംസകൾ



# പ്രസവിക്കാൻ ഒരു പുതിയ വീട്




A Unit of EDAPPAL HOSPITALS

The birthplace of first ICSI baby of Kerala (1998)

## OUR DEPARTMENTS

- Reproductive Medicine
- Fetal Medicine
- Gynaecology
- Paediatrics & Neonatology
- Anaesthesiology & Pain management
- Casualty
- Physiotherapy & Rehabilitation
- Clinical nutrition
- Psychology
- Andrology & Urogynaecology
- Orthopaedics
- Cardiology
- Plastic surgery
- E.N.T
- Dentistry
- Dermatology & Cosmetology

സൈമർ
ദി വിമൻസ് ഹോസ്പിറ്റൽ | തൃശൂർ
കണിമംഗലം

+91 98466 00554 / +0487 222 4555

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2025 ജൂൺ**

**പുഷ്പം 46 / ദളം 3**

**1200 എടവം-മിഥുനം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ:
**ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീമതി വൈക സതീഷ്**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. അനൂപ് രാഘവൻ**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
e-mail : mail@pisharodysamajam.com
mail.pisharodysamajam@gmail.com

Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


പത്രാധിപക്കുറിപ്പ്....................................4

പ്രതിഫലനം – പ്രതീക്ഷ, പ്രതിജ്ഞ, പ്രയത്നം........5
എ.പി. സരസ്വതി

റിപ്പോർട്ട് – പിഷാരോടിസമാജം 48–ാം വാർഷികം.....6
കെ.പി. ഹരികൃഷ്ണൻ

റിപ്പോർട്ട് – ഇരിഞ്ഞാലക്കുട ഗായത്രി ഓഡിറ്റോറിയത്തിൽ
പെയ്തിറങ്ങിയ കലയുടെ ചൈതന്യ മഴയേറ്റ്.........12
ഗോപൻ പഴുവിൽ

യാത്ര – തലസ്ഥാന നഗരിയിലേക്ക് ഒരു യാത്ര.......19
ശ്രീദേവി ഹരീഷ്

യാത്ര – രജപുത്താന...............................23
മുരളി ആനായത്ത്

ലേഖനം – സ്ത്രീ അന്നും ഇന്നും.....................27
ദേവി അപ്പംകളം

കവിത – സിന്ദൂരത്തിന്റെ മഹത്വം....................36
ഷീബ ദേവദാസ്

ഓർത്തിരിക്കാൻ ചില കാര്യങ്ങൾ.....................37
കെ.പി. ശ്രീധരൻ മാസ്റ്റർ

വൈവാഹികം........................................38

ശാഖാവാർത്തകൾ..................................39

ആദരാഞ്ജലികൾ...................................45

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# ശ്രദ്ധിക്കുക.. സ്കൂൾ തുറക്കുകയാണ്...

ഈയിടെ ഒരു രക്ഷാകർത്താവ് പങ്കുവെച്ച ആശങ്ക പുതിയ കാലത്തിന്റെ പേടികളിലേക്ക് നമ്മുടെ ചിന്തകളെ എത്തിക്കുന്നു. ജൂൺ 2ന് അഞ്ചാം ക്ലാസ്സിൽ, പുതിയ ക്ലാസ്സിൽ പഠിക്കാൻ പോകുന്ന മകളെ അടുത്തിരുത്തി അയാൾ പറഞ്ഞു. 'സ്കൂൾ കോമ്പൗണ്ടിൽ നിന്നും യാതൊരു കാരണവശാലും പുറത്ത് പോകരുത്. അങ്ങനെ വേണ്ടി വന്നാൽ തന്നെ ടീച്ചറുടെ അറിവോട് കൂടിയും കൂട്ട് ചേർന്നും മാത്രമേ പോകാവൂ. അന്യർ മിഠായി അടക്കം എന്ത് തന്നാലും വാങ്ങി കഴിക്കരുത്. ഏതെങ്കിലും കൂട്ടുകാരികളോ മറ്റോ അങ്ങനെ ചെയ്യുന്നത് കണ്ടാൽ നിരുത്സാഹപ്പെടുത്തണം. കൂട്ടുകാരികൾ ആരെങ്കിലും ആരിൽ നിന്നെങ്കിലും എന്തെങ്കിലും പൊടിയോ മറ്റോ വാങ്ങുന്നതോ വാങ്ങിക്കഴിക്കുന്നതോ മറ്റോ കണ്ടാൽ വളരെ രഹസ്യമായി ടീച്ചറോട് പറയണം. സ്കൂളിലെ എല്ലാ കാര്യങ്ങളും ഇവിടെ അച്ഛനോടും അമ്മയോടും പറയണം....'പിന്നെയും അച്ഛൻ മകളെ ഉപദേശിച്ചു കൊണ്ടിരുന്നു. അതേ. ഇതൊരു രക്ഷാകർത്താവിന്റെ മാത്രം ആശങ്ക അല്ല. ഇന്നത്തെ ഓരോ രക്ഷാകർത്താവിന്റെയും ഉള്ളിലെ ആധിയാണത്. സ്വന്തം കൂട്ടുകാരെ അടക്കം ആരെയും വിശ്വസിക്കരുത് എന്നൊരു ഭയം കുരുന്നു മനസ്സിൽ നൽകേണ്ടി വരുന്ന സാമൂഹ്യ സാഹചര്യത്തിൽ രക്ഷാകർത്താക്കൾ നിസ്സഹായരാവുന്നു. മയക്കുമരുന്നിനെതിരെ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുമ്പോഴും ധാരാളം മയക്കു മരുന്ന് വിൽക്കുന്നവരും ഉപയോഗിക്കുന്നവരും സജീവമായി തന്നെ നിൽക്കുന്നു എന്ന പത്ര വാർത്തകൾ കൂടുതൽ ഭയചകിതരാക്കുന്നുണ്ട്. ചെറിയ പെൺകുട്ടികളെ Good touch ഉം Bad touch ഉം എന്താണെന്ന് മനസ്സിലാക്കി പ്രതിരോധം തീർക്കേണ്ടത് എങ്ങനെ ആണെന്ന് ഇന്ന് പൊതുവെ ബോധവൽക്കരണങ്ങൾ നടക്കുന്നുണ്ട്. അതോടൊപ്പം വർത്തമാന കാലത്തെ മയക്കുമരുന്ന് ഭീഷണിയെപ്പറ്റി എല്ലാ കുട്ടികൾക്കും മുന്നറിയിപ്പ് നൽകുക എന്നതും നമ്മുടെ ചുമതലയാകുന്നു. മേലെ സൂചിപ്പിച്ച രക്ഷാകർത്താവും അതുപോലുള്ളവരും ആ യാഥാർഥ്യം തിരിച്ചറിഞ്ഞിട്ടുണ്ട്. മയക്കു മരുന്ന് ഉപയോഗിക്കുന്നവർക്ക് അത്ര കടുത്ത ശിക്ഷ ഉണ്ടാകുന്നില്ല എന്നത് അവർക്ക് നിയമത്തെ പേടിയില്ല എന്ന അവസ്ഥയിൽ എത്തിച്ചിട്ടുണ്ടോ എന്ന് സംശയിക്കേണ്ടതുണ്ട്. ഇന്നത്തെ പല സെലിബ്രിറ്റികളും മയക്കുമരുന്ന് ഉപയോഗിക്കുന്നവരാണ് എന്നുള്ള അറിവും കൂടുതൽ പേടി നൽകുന്നുണ്ട്. കുട്ടികൾ ഇവരുടെ ഫാൻസ് കൂടി ആകുമ്പോൾ. ഇനിയുമിനിയും മയക്കു മരുന്നിന്റെ വ്യാപനത്തിനെതിരെ കൂടുതൽ ശക്തമായ ബോധവൽക്കരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. എല്ലാവരും ഒത്തൊരുമിച്ചു ഒരേ മനസ്സോടെ പ്രവർത്തിച്ചാൽ തീർച്ചയായും നിയന്ത്രിക്കാനാകും. നമുക്കും ആ പ്രവർത്തനത്തിന്റെ ഭാഗമാകാം.

മേയ് 25ന് ശ്രീ. എ. രാമചന്ദ്ര പിഷാരോടി പ്രസിഡണ്ടായും ശ്രീ. കെ.പി. ഹരികൃഷ്ണൻ ജനറൽ സെക്രട്ടറിയുമായുള്ള പുതിയ ഭരണസമിതി നിലവിൽ വന്നു. സംഘടനക്കും സമുദായത്തിനും ഗുണം ലഭിക്കുന്ന പല പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. പുതിയ ഭരണസമിതിക്ക് അഭിനന്ദനങ്ങൾ. ആശംസകൾ.

ഇരിഞ്ഞാലക്കുടയിൽ വെച്ച് നടന്ന കേന്ദ്ര വാർഷികം കൃത്യമായ ആസൂത്രണം കൊണ്ട് യാതൊരു കുറവുകളും ഇല്ലാതെ വളരെ ഭംഗിയായി നടന്നു. ഓരോ പ്രോഗ്രാമിന്റെയും ഉദ്ഘാടനത്തിനായി എത്തിയ അതിഥികൾ എല്ലാവരും അതത് പ്രോഗ്രാമുകൾക്ക് അനുയോജ്യരായിരുന്നു എന്നത് ഏറെ സന്തോഷം നൽകുന്നു. അവർ നന്നായി സംസാരിക്കുകയും ചെയ്തു. അന്നേ ദിവസം അവിടെ അരങ്ങേറിയ കലാപരിപാടികൾ എല്ലാം ഒന്നിനൊന്നു മികച്ചു നിന്ന് എന്നറിയിക്കാൻ മടിക്കേണ്ടതില്ല. പ്രധാന നേതൃത്വം കൊടുത്ത ശ്രീ. സി.ജി. മോഹനനടക്കം ഈ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

പ്രതിഫലനം

# പ്രതീക്ഷ, പ്രതിജ്ഞ, പ്രയത്നം



**എ.പി. സരസ്വതി**

**ഇ**ന്നത്തെ വായനയിൽ വീണുകിട്ടിയൊരു കവിതാശകലം. ആശയപുഷ്ക്കലമായിത്തോന്നിയതുകൊണ്ട് അതിവിടെ കുറിക്കാം. കവിയാരെന്നറിയില്ല. ചൊല്ലാനും ചൊല്ലിക്കേൾക്കാനും സുഖമുണ്ട്. അർത്ഥശങ്കയുമില്ല.

ഉദാത്തമായൊരു ലക്ഷ്യം വേണം
നമുക്കു മുന്നേറാൻ
മഹത്ത്വമാർന്നൊരു മാതൃകവേണം
നമുക്കു പിൻതുടരാൻ
മുളക്കുമപ്പോളഗ്നിച്ചിറകുക-
ളതീവദീപ്തങ്ങൾ
വിദൂരതേജോഗോളങ്ങളിലും
പറന്നുചെന്നെത്താൻ.

നമ്മുടെ ഏതൊരു പ്രവർത്തനവും ഉത്തമമായൊരു ലക്ഷ്യപ്രാപ്തിയുദ്ദേശിച്ചുകൊണ്ടാവണം. ഉദ്ദിഷ്ടലക്ഷ്യത്തിലേക്കെത്തേണ്ടതെങ്ങനെയെന്നു മനസ്സിലാക്കാൻ വിജയക്കൊടിനാട്ടിയ അനവദ്യ വ്യക്തിത്വങ്ങളെ കണ്ടറിഞ്ഞ് അതിലും മികവാർന്നു പ്രവർത്തിക്കാൻ നമുക്കു കഴിയണം. ഉയർന്ന ലക്ഷ്യങ്ങളും തെറ്റാത്ത മാർഗ്ഗങ്ങളുമുണ്ടായാൽ അസാധ്യമെന്നു നമുക്കു തോന്നുന്ന പലതും നേടിയെടുക്കാനുള്ള ഊർജ്ജവും ഉത്സാഹവും താനേ വന്നുകൊള്ളും. ഉജ്ജ്വലമായ അഗ്നിച്ചിറകുകളുമായി അതിദൂരെയുള്ള തേജോഗോളങ്ങളിലേക്കായാൽപോലും പറന്നുയരാൻ സന്നദ്ധരാവുന്നതും ജേതാക്കളാകുന്നതും അങ്ങനെയുള്ളവരല്ലേ? 'അഗ്നിച്ചിറകുകൾ' എന്ന ആത്മകഥാഗ്രന്ഥത്തിന്റെ കർത്താവായ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ വാക്കുകൾ ഓർമ്മയിൽ കടന്നുവരുന്നു. വിദ്യാർത്ഥി സമൂഹത്തിനോടുള്ള അദ്ദേഹത്തിന്റെ വിലപ്പെട്ട ഉപദേശം നമ്മുടെ 'ഉറക്കം കെടുത്തുന്ന സ്വപ്നങ്ങൾ' കാണാനും അതു സാക്ഷാത്കരിച്ചെടുക്കാനുള്ള 'ദൃഢപ്രതിജ്ഞ'യെടുക്കാനും 'കഠിനപ്രയത്നം' കൊണ്ടതിനെ സാധിച്ചെടുക്കാനുമായിരുന്നു. വിമാനം പറത്താനുള്ള മോഹവുമായി അദ്ദേഹം പൈലറ്റുമാരുടെ ട്രെയിനിങ്ങിന് അഭിമുഖത്തിന് പോയി പക്ഷെ തിരഞ്ഞെടുപ്പിൽ പുറംതള്ളി. പിന്നീട് രാഷ്ട്രപതിയായപ്പോൾ ആറുമാസ പരിശീലനം നേടി വിമാനം പറത്താനുള്ള സ്വപ്നം സഫലമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുവത്രെ. വലിയ സ്വപ്നങ്ങൾ കാണാനെങ്കിലും നമുക്കു കഴിയണം. നമ്മുടെ യുവസമൂഹത്തിന് സത്യസന്ധമായ മാർഗ്ഗം പിൻതുടരാനും അഗ്നിപോലെ പടർന്നെത്താനും പറന്നെത്താനുമുള്ള കരുത്തോടെ മുന്നേറാനും ഉയർന്ന ലക്ഷ്യങ്ങളിലെത്തിച്ചേരാനും കഴിയട്ടെ! ●

---

പരീക്ഷകളുടെയെല്ലാം റിസൾട്ട് വന്നു. ഉന്നത വിജയം നേടിയ എല്ലാവർക്കും അഭിനന്ദനങ്ങൾ. ഉന്നത വിജയം നേടാൻ കഴിയാതെ പോയവരോ അല്ലെങ്കിൽ പരാജിതരോ ആയ ആർക്കും നിരാശ തോന്നേണ്ടതില്ല. ഓരോ ഇറക്കങ്ങളിലും സ്വന്തം അദ്ധ്വാനം കൊണ്ട് തീർത്ത ഏണിപ്പടികളിലൂടെ ഉശിരോടെ കയറി വന്ന് ജീവിത വിജയമടക്കമുള്ള എല്ലാ വിജയങ്ങളും സ്വന്തം കൈപ്പിടിയിൽ ഒതുക്കിയ എത്രയോ പേർ നമ്മുടെ മുന്നിൽ മാതൃകയായി നിൽപ്പുണ്ടെന്നറിയാമോ. ആത്മാർത്ഥമായ കഠിനാദ്ധ്വാനം മാത്രമാണ് വിജയത്തിലേക്കുള്ള വഴി എന്നറിയുക.

സാധാരണ ഇടവപ്പാതിക്ക് മഴക്കാലം തുടങ്ങും എന്നാണല്ലോ വിശ്വാസം. പ്രകൃതി തന്നെ ഉണ്ടാക്കി വെച്ചിട്ടുള്ള പാരമ്പര്യം. ഇടവപ്പാതിയായ ജൂൺ ഒന്നിന് സ്കൂളുകളും തുറക്കും. മഴ നനഞ്ഞു വേണം വിദ്യാഭ്യാസമാരംഭിക്കാൻ. എന്നാൽ ഇക്കുറി ഇടവം തുടക്കത്തിൽ തന്നെ മഴ തുടങ്ങി. ആരാണ് ഒരു മാറ്റം ആഗ്രഹിക്കാത്തത്? അല്ലേ? മഴക്കാലം അസുഖക്കാലം കൂടിയാണ്. ജാഗരൂകരായിരിക്കുക. എല്ലാവർക്കും ജൂൺ നല്ല അനുഭവങ്ങൾ മാത്രം പകരട്ടെ എന്നാശംസിക്കുന്നു.

**പത്രാധിപ സമിതി.**

# പിഷാരോടി സമാജം 48-ാം വാർഷിക സമ്മേളനം

**പി**ഷാരോടി സമാജം 48-ാം വാർഷികാഘോഷം ഇരിഞ്ഞാലക്കുട ശാഖയുടെ ആത്മാർത്ഥമായ ഉത്സാഹവും നല്ല സംഘാടനം കൊണ്ടും സമുദായ അംഗങ്ങളുടെ സജീവപങ്കാളിത്തം കൊണ്ടും കലാപരിപാടികളുടെ സമ്പന്നതകൊണ്ടും അവിസ്മരണീയമായ അനുഭവമായി.

ഡോ. കെ.എൻ. പിഷാരോടി നഗറിൽ (ഗായത്രി ഹാൾ, ഇരിഞ്ഞാലക്കുട) രാവിലെ 9 മണിക്ക് റെജിഷ്ട്രേഷൻ ആരംഭിച്ചു.

പിഷാരോടി സമാജം പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണൻ പിഷാരോടി പതാക ഉയർത്തി വാർഷിക സമ്മേളനത്തിന് തുടക്കം കുറിച്ചു.

ശ്രീമതി ശ്രീകുമാരി മോഹനനന്റെ നേതൃത്വത്തിൽ എല്ലാവരും ചേർന്ന് വിഷ്ണുസഹസ്രനാമം ചൊല്ലി.

ശ്രീ. രാജീവ് വാര്യർ (ഇരിഞ്ഞാലക്കുട) മനോഹരമായി സോപാന സംഗീതം അവതരിപ്പിച്ചു.

പിഷാരോടി സമാജം വാർഷിക സമ്മേളനം സമാജം പ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണൻ പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ കുമാരി സ്വാതി മുകുന്ദന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു.

സമാജം വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. മുരളി ഏവരേയും സ്വാഗതം ചെയ്തു. ഹൈക്കോടതി ജഡ്ജി Hon. ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ ഉദ്ഘാടനം ചെയ്തു.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ വാർഷിക റിപ്പോർട്ടും ട്രഷറർക്ക് വേണ്ടി ശ്രീ. ആർ.പി. രഘുനന്ദനൻ കണക്കും അവതരിപ്പിച്ചു.

ഇരിഞ്ഞാലക്കുട ശാഖാ സെക്രട്ടറിയും സ്വാഗത സംഘം ജനറൽ കൺവീനറുമായ ശ്രീ. സി. ജി. മോഹനൻ കൃതജ്ഞത പറഞ്ഞു.

തുളസീദളം വാർഷികത്തിൽ മാനേജർ ശ്രീ. ആർ.പി. രഘുനന്ദനൻ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. എഡിറ്റർ ശ്രീ. ഗോപൻ പഴുവിൽ തുളസീദളം മാസികയുടെയും സമാജം വെബ്സൈറ്റിൻെറയും പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

ചീഫ് എഡിറ്റർ ശ്രീമതി സരസ്വതി ബാലകൃഷ്ണൻ നന്ദി പറഞ്ഞു.

പിഷാരോടി സമാജം അനുബന്ധ ഘടകങ്ങളായ PE&WS, PP & TDT എന്നിവയുടെ വാർഷിക യോഗങ്ങളും സമാജം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

PE&WS വാർഷികം Col. (Hon) Prof. Dr. രാജേന്ദ്രകുമാർ ആനായത്ത് (OSD to Dept. of Higher Education Govt. of Haryana) ഉദ്ഘാടനം ചെയ്തു.

സെക്രട്ടറി ഡോ. പി.ബി. രാംകുമാർ റിപ്പോർട്ടും ട്രഷറർ ശ്രീ. രാജൻ എ. പിഷാരോടി കണക്കും അവതരിപ്പിച്ചു. യോഗത്തിന് ജോ. സെക്രട്ടറി ശ്രീ. ആനന്ദ്കുമാർ സ്വാഗതവും വൈസ് പ്രസിഡണ്ട് ശ്രീ. വി.പി. മധു നന്ദിയും പറഞ്ഞു.

PP&TDT വാർഷിക റിപ്പോർട്ട് സെക്രട്ടറി ശ്രീ. കെ.പി. രവി അവതരിപ്പിച്ചു. ജോ. സെക്രട്ടറി ശ്രീ. പി. മോഹനൻ സ്വാഗതവും വൈസ് പ്രസിഡണ്ട് ശ്രീ. കെ. വേണുഗോപാൽ നന്ദിയും പറഞ്ഞു.

ശ്രീ. രാമചന്ദ്രൻ (പാലക്കാട്), ശ്രീ. പി. വിജയൻ (മുംബൈ) എന്നിവർ അവരുടെ അഭിപ്രായങ്ങൾ സഭയെ അറിയിച്ചു.

27/04/2025ന് പിഷാരോടി സമാജം പ്രതിനിധി സഭായോഗം തിരഞ്ഞെടുത്ത 2025 – 27 ലേക്കുള്ള പുതിയ ഭാരവാഹികളുടെ ലിസ്റ്റ് ഉച്ചയ്ക്ക് 3 മണിക്ക്, സഹ വരണാധികാരിയായിരുന്ന ശ്രീ. സി. പി. അച്യുതന്റെ സാന്നിദ്ധ്യത്തിൽ പിഷാരോടി സമാജം വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. മുരളി വായിച്ച് പുതിയ ഭരണസമിതി അംഗങ്ങളെ വേദിയിലേക്ക് സ്വാഗതം ചെയ്തു.

പുതിയ പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്രൻ പിഷാരോടി, ജനറൽ സെക്രട്ടറി കെ.പി. ഹരികൃഷ്ണൻ എന്നിവർ സഭയെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

തുടർന്ന് സമാജം വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. മുരളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം ശ്രീമതി രാജേശ്വരി പ്രമോദിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. സ്വാഗതസംഘം ചെയർമാൻ ശ്രീമതി മായ സുന്ദരേശൻ സ്വാഗതം പറഞ്ഞു.

ഇരിഞ്ഞാലക്കുട നഗരസഭ ചെയർപേഴ്സൺ ശ്രീമതി മേരിക്കുട്ടി ജോസ് യോഗം ഉദ്ഘാ

ടനം ചെയ്തു. നിയുക്ത പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്രൻ പിഷാരോടി, ജനറൽ സെക്രട്ടറി കെ.പി. ഹരികൃഷ്ണൻ, ശ്രീ. പി. വിജയൻ (മുംബൈ) എന്നിവർ ആശംസകൾ നേർന്നു. ശ്രീ. സി.ജി. മോഹനൻ നന്ദി പറഞ്ഞു.

കലാ സാംസ്കാരിക പരിപാടികൾ, നടന കൈരളി ഡയറക്ടർ ശ്രീ. വേണു ജി. ഉദ്ഘാടനം ചെയ്തു.

ശ്രീമതി മായാ സുന്ദരേശൻ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ശ്രീ. വി.പി. രാധാകൃഷ്ണൻ ഏവരേയും സ്വാഗതം ചെയ്തു.

ഔദ്യോഗിക യോഗങ്ങളും കലാ പരിപാടികളും ഉദ്ദേശിച്ച പ്രകാരം തന്നെ സമയക്ലിപ്ത പാലിച്ചു നടത്താൻ കഴിഞ്ഞു എന്നത് വലിയ കാര്യമാണ്.

കലാപരിപാടികൾ ഒന്നിനൊന്നു മികച്ചതായിരുന്നു. നമ്മുടെ കുട്ടികളും മുതിർന്നവരും കലാപരിപാടികൾ ഭംഗിയാക്കാൻ എത്രത്തോളം തയ്യാറെടുപ്പുകൾ നടത്തിയിരുന്നു എന്ന് അവരുടെ അവതരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

അതിമനോഹരമായി കലാപ്രകടനം നടത്തി നമ്മെ വിസ്മയിപ്പിച്ച ഒരോരുത്തരേയും എത്ര അഭിനന്ദിച്ചാലും മതിവരില്ല.

ശ്രീമതി രാജി പിഷാരസ്യാരുടെ പത്തു മിനിട്ട് കൊണ്ട് live portrate ഉം ശ്രീമതി ദീപ്തിയുടെ ornaments exhibition and sales ഉം പ്രത്യേക ശ്രദ്ധയാകർഷിച്ച കാര്യങ്ങളാണ്.

എല്ലാറ്റിനും ഉപരി കൊടുംമഴയെ അവഗണിച്ചുകൊണ്ട് തിരുവനന്തപുരം, കോട്ടയം, മഞ്ചേരി, പട്ടാമ്പി, കോങ്ങാട്, പാലക്കാട്, എറണാകുളം, വടക്കാഞ്ചേരി, ഗുരുവായൂർ, ആലത്തൂർ, എറണാകുളം, ചൊവ്വര, കൊടകര, തൃശൂർ എന്നീ ശാഖകളിൽ നിന്നും സ്വന്തമായി വാഹനസൗകര്യം ഏർപ്പെടുത്തി എത്തിച്ചേർന്ന നമ്മുടെ അംഗങ്ങൾ, ഔദ്യോഗിക പരിപാടികൾ സുഗമമായി നടത്താൻ സഹകരിച്ച കേന്ദ്രശാഖാ ഭാരവാഹികൾ എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു.

ഇരിഞ്ഞാലക്കുട ശാഖാംഗങ്ങളുടെ കഴിഞ്ഞ അഞ്ചുമാസങ്ങളായുള്ള അദ്ധ്വാനത്തിന്റെ ഫലമാണ് ഈ വാർഷികത്തിൻെറ വിജയം.

ശാഖാ പ്രസിഡണ്ട് ശ്രീമതി മായ സുന്ദരേശൻ സെക്രട്ടറി ശ്രീ. സി.ജി. മോഹനൻ എന്നിവരുടെ നേതൃത്വത്തിൽ ഇരിഞ്ഞാലക്കുട ഭാരവാഹികൾ, വനിതാവിഭാഗത്തിലെ സജീവപ്രവർത്തകർ റെജിസ്ട്രേഷൻ കൗണ്ടറിൽ രാവിലെ മുതൽ വൈകുന്നേരം വളരെ വിടർന്ന പുഞ്ചിരിയുമായിരുന്നു എല്ലാവരെയും സ്വീകരിച്ച പ്രിയപ്പെട്ട സഹോദരിമാർ, അവതാരികമാരായ കുട്ടികൾ, കൃത്യമായ സമയങ്ങളിൽ ഒരു തിക്കും തിരക്കുമില്ലാതെ ഭക്ഷണ നല്കി സന്തോഷിപ്പിച്ചവർ... അങ്ങനെയങ്ങനെ എല്ലാ സംഘാടകരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

എല്ലാ പരിപാടികളും live streaming ലൂടെ ലോകം മുഴുവനുള്ള നമ്മുടെ അംഗങ്ങളിൽ തൽസമയം എത്തിക്കൊണ്ടിരുന്നു.

മേല്പറഞ്ഞതെല്ലാം നമുക്ക് പുതിയ ആശയങ്ങളും പ്രതീക്ഷകളും നല്കുന്നവയാണ് അതോടൊപ്പം ശ്രീ. എ. രാമചന്ദ്രൻ പിഷാരോടിയുടെ നേതൃത്വത്തിൽ ചുമതലയേറ്റ പുതിയ ഭരണസമിതിയും പിഷാരോടി സമുദായത്തിന്റെ പ്രതീക്ഷകൾക്കും സങ്കല്പങ്ങൾക്കും ഒപ്പം ഉയരട്ടെ എന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

**കെ.പി. ഹരികൃഷ്ണൻ**
ജനറൽ സെക്രട്ടറി, പിഷാരോടി സമാജം



# ആദർശിന് അഭിനന്ദനങ്ങൾ

**ഇ**ക്കഴിഞ്ഞ മേയ് മാസം ഒന്നാം തീയതി തൃശൂർ ജവഹർ ബാലഭവനിൽ വെച്ച് നടന്ന കരാട്ടെ മത്സരത്തിൽ പി.ബി. ആദർശ് ഉന്നത വിജയം നേടി ബ്ലാക്ക് ബെൽറ്റിന് അർഹനായി.

മേയ്ക്കാട് പിഷാരത്ത് ബിജുവിന്റെയും കൊണ്ടയൂർ പിഷാരത്ത് സുകന്യയുടെയും മകനായ ആദർശ് തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ EC വിദ്യാർഥിയാണ്. സഹോദരി ആർദ്ര.

തുളസീദളം കലാസാംസ്കാരിക സമിതി അംഗം കൂടിയാണ് ആദർശ്. ആദർശിന് പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും ഒപ്പം തുളസീദളം കലാസാംസ്കാരിക സമിതിയുടെയും അഭിനന്ദനങ്ങൾ.


# കേന്ദ്ര വാർഷികം 2025
## ചിത്രങ്ങളിലൂടെ











# കേന്ദ്ര വാർഷികം 2025
## ചിത്രങ്ങളിലൂടെ




























# കേന്ദ്ര വാർഷികം 2025
## ചിത്രങ്ങളിലൂടെ














# കേന്ദ്ര വാർഷികം 2025
## ചിത്രങ്ങളിലൂടെ
























**മുഴുവൻ ചിത്രങ്ങളും കാണുവാൻ പിഷാരടി സമാജം ഗൂഗിൾ ഡ്രൈവ് നോക്കുക.**

റിപ്പോർട്ട്

# ഇരിഞ്ഞാലക്കുട ഗായത്രി ഓഡിറ്റോറിയത്തിൽ പെയ്തിറങ്ങിയ കലയുടെ ചൈതന്യ മഴയേറ്റ്

**2025** മേയ് 25. ഇരിഞ്ഞാലക്കുടയിൽ രാവിലെ മുതൽ തീവ്ര മഴയെ അനുസ്മരിപ്പിക്കുന്ന മഴയായിരുന്നു. ആ മഴത്തണുപ്പിന്റെ കുളിരിൽ ആണ് ഗായത്രി ഓഡിറ്റോറിയത്തിൽ പിഷാരോടിസമാജം 2023–25 ഭരണ സമിതിയുടെ വാർഷികത്തിന്റെ വേദിയുണർന്നത്. സദസ്സ് നിറഞ്ഞതും.

വൈകീട്ട് കലാപരിപാടികൾ ആരംഭിക്കുമ്പോഴും മഴ പെയ്തിരുന്നു. പക്ഷെ മത്സര ബുദ്ധി അനുഭവമാക്കും വിധത്തിൽ ഓരോന്നായി അരങ്ങിറങ്ങിയ കലാപരിപാടികളിൽ പ്രേക്ഷകർ പുറത്തെ മഴ മറന്നു. സ്വയം മറന്നു. അരങ്ങിനും സദസ്സിനും ഒരേ മനസ്സായി.

സമാജത്തിന്റെ വേദികളിലൂടെ വളർന്നു വന്ന് ഇന്ന് നൃത്തരംഗത്ത് സ്വന്തമായ ഇടം സ്ഥാപിച്ച പ്രഗത്ഭ കലാകാരിയാണ് സാന്ദ്ര പിഷാരടി (ഇരിഞ്ഞാലക്കുട ശാഖ). കാവാലത്തിന്റെ ഏറെ പ്രശസ്തമായ കവിത കറുകറെ കാർമുകിൽ കൊമ്പനാനപ്പുറത്ത്... എന്ന വരികൾക്ക് മനോഹരമായ ചുവടുകളും ഭാവവും മുദ്രകളും നൽകി അവതരിപ്പിച്ച മോഹിനിയാട്ടം ഇനിയും കുറേക്കാലം നമ്മുടെ മനസ്സുകളിൽ മയിലിനെ പോലെ ആടും. തീർച്ച. എറണാകുളം ശാഖയെ പ്രതിനിധീകരിച്ച് എത്തിയ പ്രശസ്ത കലാകാരിയും നൃത്ത അദ്ധ്യാപികയുമായ ശ്രീമതി സൗമ്യ ബാലഗോപാൽ അവതരിപ്പിച്ച ഭരതനാട്യവും പ്രേക്ഷകർക്ക് ആസ്വാദ്യ മധുരം പകർന്നു. കോട്ടയം ശാഖയിൽ നിന്നെത്തിയ ശ്രീഭദ്ര പ്രസാദ്, വിദ്യ പ്രസാദ് എന്നിവർ ചേർന്ന് അവതരിപ്പിച്ച നൃത്തം പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റിയ നൃത്ത ഇനങ്ങളിൽ മുൻ പന്തിയിൽ തന്നെയാണ് ഉള്ളത്. ആരതി സോമനാഥ് (ഇരിഞ്ഞാലക്കുട), കൃഷ്ണ (പാലക്കാട്) എന്നിവർ അവതരിപ്പിച്ച ഭരതനാട്യങ്ങൾ വളരെ ഹൃദ്യവും മനോഹരവുമായി. വടക്കാഞ്ചേരി ശാഖയിൽ നിന്നുള്ള വൃന്ദ ഉണ്ണിയുടെ അർദ്ധ ശാസ്ത്രീയ നൃത്തം കഴിവുറ്റ ആ കലാകാരിയുടെ നടന ചാതുരി നമുക്ക് അനുഭവമാക്കി. അർദ്ധ ശാസ്ത്രീയ നൃത്ത ഇനത്തിൽ തൃശൂർ ശാഖയിലെ ദീപിക ശ്രീകുമാർ തനിച്ചും ദീപികയും ഭദ്രയും ചേർന്നും അവതരിപ്പിച്ച നൃത്തങ്ങൾ ഭാവിയിൽ നടന രംഗത്തേക്ക് ഈ കുട്ടികൾ വാഗ്ദാനങ്ങളാണെന്ന് തെളിയിച്ചു.

ഗുരുവായൂർ ശാഖയിലെ എം.പി. വിനോദ് ആലപിച്ച സോപാനസംഗീതം മനസ്സുകളെ ഭക്തിസാന്ദ്രമാക്കി എന്ന് പ്രത്യേകം പറയേണ്ടതുണ്ട്. ഗുരുവായൂർ ശാഖയിൽ നിന്ന് തന്നെയുള്ള വിജയലക്ഷ്മിയുടെ ഭക്തിഗാനവും കൊടകര ശാഖയിൽ നിന്നുമുള്ള പ്രസന്നൻ തൃക്കൂരിന്റെ ഭക്തിഗാനവും ശ്രദ്ധേയമായി. പ്രോഗ്രാം ഇടവേളയിൽ തിരുവനന്തപുരം ശാഖയിലെ കൃഷ്ണൻ ശ്രീമദ് ഭഗവദ്ഗീത വായിച്ചത് വ്യത്യസ്ത അനുഭവമായി. മിമിക്രിക്കും ഉണ്ടായിരുന്നു മിടുക്കനായ ഒരു കലാകാരൻ. തിരുവനന്തപുരം ശാഖയിൽ നിന്നുള്ള ആദിത്യ കൃഷ്ണൻ. ആദിത്യ കൃഷ്ണനെ ഭാവിയിലെ ഒരു രമേശ് പിഷാരടി തന്നെ ആയി കാണാം. ചൊവ്വര ശാഖയിൽ നിന്നുമുള്ള കലാപരിപാടികൾ മനോഹരങ്ങളായ ഗാനാലാപനങ്ങളിൽ ഒതുങ്ങി എന്ന് തോന്നുന്നു. നല്ലൊരു സംഘാടകനും അവതാരകനും ഗായകനുമായ കൃഷ്ണകുമാർ (കെ കെ എന്ന് പ്രിയപ്പെട്ടവർ) സ്വതസിദ്ധമായ നർമ്മത്തിന്റെ അകമ്പടിയോടെ അവതരിപ്പിച്ച ചെറിയ ഗെയിമുകളും ഗാനവും ജനം ഹർഷാരവങ്ങളോടെ സ്വീകരിച്ചു. ചൊവ്വര ശാഖയിൽ നിന്ന് തന്നെയുള്ള സാജു, ശ്രീലക്ഷ്മി എന്നിവരും ഇരിഞ്ഞാലക്കുട ശാഖയിൽ നിന്നുള്ള ഉഷ ജനാർദ്ദനൻ, മധു, ജയശ്രീ എന്നിവർ പാടിയ ഗാനങ്ങളും നന്നായി ആസ്വദിക്കപ്പെട്ടു. എടപ്പാൾ ശുകപുരം പിഷാരത്ത് സുധയും ഗാനമാലപിച്ചു. കൂട്ടത്തിൽ രണ്ട് കുരുന്നുകളെ കൂടി പറയേണ്ടതുണ്ട്. കോട്ടയം ശാഖയിൽ നിന്നുള്ള സഹോദരികളായ മിടുക്കികൾ. കൃഷ്ണദിയ പിഷാരോടിയും തേജശ്രീ ശരത്തും. കൃഷ്ണദിയയുടെ പാട്ടും രണ്ട് പേരും ചേർന്ന് അവതരിപ്പിച്ച ഡാൻസും എല്ലാവരിലും വാത്സല്യം നിറഞ്ഞ കൗതുകമുണർത്തി.

അനാമിക, ഗൗരി ഗോപി എന്നിവരുടെ നേതൃത്വത്തിൽ തൃശൂർ ശാഖയിൽ നിന്നുമുള്ള യുവകലാകാരികൾ അവതരിപ്പിച്ച സിനിമാറ്റിക്ക് ഡാൻസ് അത്യന്തം രസകരമായി. ഗായത്രി ഗോപി, ഗായത്രി ശ്രീകുമാർ, ശ്രേയ, ദേവിക ശ്രീകുമാർ, ദേവിക ഹരികൃഷ്ണൻ, പവിത്ര, ആർദ്ര എന്നിവരാണ് ചടുലമായ നൃത്തച്ചുവടുകളുമായി വേദിയിൽ എത്തിയത്. തൃശൂർ ശാഖയിലെ തന്നെ ദേവി ദത്ത, സ്വാതി എന്നിവരുടെ സിനിമാറ്റിക്ക് ഡാൻസും മനോഹരമായിരുന്നു

വാർഷിക വേദിയിൽ രണ്ട് കൈകൊട്ടിക്കളികൾ ആണ് അരങ്ങേറിയത്. ആദ്യം കോട്ടയം ശാഖയാണ് അവതരിപ്പിച്ചത്. സുമംഗല പിഷാരടി, വിദ്യ പ്രസാദ്, ശ്രീ ഭദ്ര പ്രസാദ്, അഞ്ജു ശരത്ത്, നിർമ്മല ചക്രപാണി, ശ്രാവന്തി ഹരി, കൃഷ്ണദിയ, തേജശ്രീ ശരത്ത് എന്നിവർ കൈകൊട്ടിക്കളിയിൽ പങ്കെടുത്തു. ആതിഥേയരായ ഇരിഞ്ഞാലക്കുട ശാഖയാണ് രണ്ടാമത്തെ കൈകൊട്ടിക്കളി അവതരിപ്പിച്ചത്. വിജയലക്ഷ്മി രവി സംവിധാനം ചെയ്ത് അവതരിപ്പിച്ച കൈകൊട്ടിക്കളിയിൽ പുഷ്പ മോഹൻ, ലത സോമനാഥൻ, ജയശ്രീ മുരളി, ശോഭ വിജയൻ, ശ്രീലത വേണുഗോപാൽ, ഗിരിജ മോഹൻദാസ്, ശ്രീദേവി മുകുന്ദൻ, റാണി രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു. രണ്ട് കൈകൊട്ടിക്കളികളും മലയാളിയുടെ ഗൃഹാതുരമായ ശാസ്ത്രീയ താൽപ്പര്യങ്ങളെ തൃപ്തിപെടുത്തുന്ന തരത്തിൽ മികച്ച അവതരണം കാഴ്ച വെച്ചു.

കൊടകര ശാഖ വ്യത്യസ്തമായ ഒരു നാടകവുമായി ആണ് അരങ്ങേറിയത്. കെ.പി. മോഹനൻ എഴുതി രാജൻ സിത്താര സംവിധാനം ചെയ്ത റിട്ടയർമെന്റ് എന്ന നാടകം സമകാലികമായ വിഷയത്തെ അവതരണ മികവ് കൊണ്ടും അഭിനയ ചാതുരികൊണ്ടും ജനമനസ്സേറി. കഴിവുറ്റ അഭിനേതാക്കളായ രാജൻ സിത്താര, മോഹനൻ കെ.പി, രാമചന്ദ്രൻ ടി.പി., പ്രസന്നൻ തൃക്കൂർ, ഉണ്ണി കാരൂർ, ബിന്ദു രാമനാഥൻ, ശാന്ത ഹരിഹരൻ, രമ്യ രാധാകൃഷ്ണൻ എന്നിവർ കഥാപാത്രങ്ങളായി വേഷമിട്ടു.

കൊടകര ശാഖയുടെ തന്നെ പ്രഹ്ലാദ പുണ്യം നരസിംഹം എന്ന വർണ്ണ ഭംഗിയാർന്ന പുരാണ നൃത്ത ദൃശ്യാവിഷ്ക്കാരം നിറഞ്ഞ കയ്യടികളോടെ ജനം സ്വീകരിച്ചു. നൃത്താദ്ധ്യാപകൻ കൂടിയായ രാമചന്ദ്രൻ മാങ്കുറ്റിപ്പാടം സംവിധാനം ചെയ്ത നൃത്ത വിശേഷത്തിൽ ആദിദേവ്, നവനീത, ലക്ഷ്മി, ഭവ്യ, നന്ദന, നവ്യ ശ്രീകുമാർ, എന്നിവരെ കൂടാതെ രാമചന്ദ്രനും കഥാപാത്രങ്ങളായി രംഗത്തെത്തി.

വിഷയത്തിന്റെ കാര്യത്തിൽ സമയത്തിന്റെ യാതൊരു അതിർവരമ്പുകളും ഏശാത്ത കവിതയാണ് ഇടശ്ശേരിയുടെ പൂതപ്പാട്ട്. കവിത രചിക്കപ്പെട്ട ശേഷം ഇന്നോളം ആയിരക്കണക്കിന് വേദികളിൽ തലമുറ വ്യത്യാസങ്ങളില്ലാതെയാണ് പൂതപ്പാട്ട് അരങ്ങേറിയത്. ആവിഷ്ക്കാരങ്ങളിൽ മാത്രം സംവിധായകരുടെ ഭാവനകൾക്കനുസരിച്ച് മാറ്റങ്ങൾ ഉണ്ടായി എന്ന് മാത്രം. നമ്മുടെ വാർഷികത്തിനു വടക്കാഞ്ചേരി ശാഖ അവതരിപ്പിച്ചതും പൂതപ്പാട്ടിന്റെ 2025 ലെ ദർശനമാണ്. ശ്രീശൈല നൃത്തസംവിധാനവും സംവിധാനവും നിർവഹിച്ച ദൃശ്യാവിഷ്ക്കാരം വർത്തമാനകാലത്തെ ഏറ്റവും വലിയ ആശങ്കയും ഭീതിയുമായ  മയക്കുമരുന്നിനെതിരെയുള്ള നമ്മുടെ ബോധവൽക്കരണ പ്രോഗ്രാമായി മാറി. കയ്യിൽ മയക്കു മരുന്നുമായി ഉണ്ണികളെ ആകർഷിച്ച് പിടിച്ചു കൊണ്ട് പോകാൻ പുതിയ പൂതങ്ങൾ കാത്തു നിൽക്കുകയറാണ്. ഈ പൂതങ്ങൾ ഇടശ്ശേരി എഴുതിവെച്ചപോലെ സ്നേഹമുള്ള, അലിവുള്ള പൂതമല്ല. നശിപ്പിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ക്രൂരതയുടെ രാക്ഷസ പ്രതീകങ്ങളാണ്. സൂക്ഷിക്കുക. ഇങ്ങനെയൊരു സന്ദേശമാണ് വടക്കാഞ്ചേരി ശാഖ പുതിയ പൂതപ്പാട്ടിലൂടെ തരുന്നത്. വളരെ നന്നായി അറിഞ്ഞാസ്വദിക്കാനും ഗഹനമായി ചിന്തിക്കാനും ഈ പൂതപ്പാട്ടിനു സാധിച്ചു. പൂതപ്പാട്ടിൽ പൂതമായി വേഷമിട്ടത് ശ്രീജിഷ പിഷാരടിയാണ്. കൂടാതെ സന്തോഷ് എം.പി., ദിവ്യ എസ്.പിഷാരടി, ഐശ്വര്യ, അനശ്വര, പ്രണവ് മുരളി, അതുൽ കൃഷ്ണ, വൃന്ദ ഉണ്ണി, പദ്മിനി ഗോപിനാഥൻ, ഷീബ ജയൻ, മായ, ശ്രീശൈല, ഗീത, ജ്യോതി പ്രഭ, ശ്രീദേവി, രമാദേവി, പ്രസന്ന ബാലചന്ദ്രൻ, ജയൻ, അഖില, നവമി നാരായണൻ എന്നിവരും പൂതപ്പാട്ടിന്റെ കഥാ പാത്രങ്ങൾക്ക് ജീവൻ  നൽകി.

ഇരിഞ്ഞാലക്കുട ശാഖയിലെ ശ്രീതു മുകുന്ദൻ അവതരിപ്പിച്ച മനോഹരമായ സിനിമാറ്റിക്ക് ഡാൻസിനെ സദസ്സ് തന്നെ ഏറ്റെടുക്കുകയും എല്ലാവരും ചേർന്നുള്ള ഗംഭീരമായ പര്യവസാനത്തോടെ കലാ സന്ധ്യക്ക് തിരശീല വീഴുകയും ചെയ്തു.

കലാ പരിപാടികൾ അടക്കമുള്ള എല്ലാ പരിപാടികളും വിദഗ്ദമായി നിയന്ത്രിക്കുന്ന വിഭാഗമുണ്ട്. അവതാരകർ. നല്ലൊരു അവതാരകൻ/അവതാരകക്ക് വേണ്ട പ്രധാന ഗുണം എന്നത് ശബ്ദ മാധുര്യം, ശബ്ദ നിയന്ത്രണം, വേദിയിൽ പെട്ടെന്നെടുക്കുന്ന സമർത്ഥമായ തീരുമാനങ്ങൾ എന്നി

വയൊക്കെയാണ്. അവയെല്ലാം തൊണ്ണൂറ് ശതമാനത്തോളം ഒത്തുചേർന്ന അവതാരകർ തന്നെയായിരുന്നു അന്ന് വേദിയിൽ ഉണ്ടായിരുന്നത് എന്ന് പറയാൻ സന്തോഷമുണ്ട്. സ്വാതി മുകുന്ദൻ, രാജേശ്വരി പ്രമോദ്, ആരതി സോമനാഥൻ, നന്ദിത രാകേഷ്, ശ്രീതു മുകുന്ദൻ എന്നിവരായിരുന്നു പരിപാടികളെ വിജയത്തിലെത്തിക്കാൻ സഹായിച്ച അവതാരകർ.

മേയ് 25 ന്റെ കലാസന്ധ്യ ഗംഭീര വിജയമാക്കിയ ഓരോ കലാകാരനും കലാകാരിക്കും അവരെ എത്തിച്ച ശാഖകൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. സമയ നഷ്ടങ്ങൾ ഉണ്ടാക്കുന്ന മടുപ്പുകളെ ഇല്ലാതാക്കി അവരെ സമർത്ഥമായി ഏകോപിപ്പിച്ച പ്രോഗ്രാം കോർഡിനേറ്റേഴ്സ് മുരളി ബാല, റാണി രാധാ കൃഷ്ണൻ, മുരളി പിഷാരോടി എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**ഗോപൻ പഴുവിൽ**
സെക്രട്ടറി
തുളസീദളം കലാ സാംസ്കാരിക സമിതി

# ഋഷിനാരദമംഗലം കുടുംബസംഗമം

ഋഷിനാരദമംഗലം കുടുംബസംഗമം എന്ന കുടുംബാംഗങ്ങളുടെ സ്വപ്നം 2025 മെയ് ഒന്നാം തിയ്യതി യാഥാർഥ്യമായി.

അറുപതിൽപരം കുടുംബാംഗങ്ങൾ പങ്കെടുത്ത സംഗമം ദീപജ്വലനത്തോടെ പട്ടാമ്പി പിഷാരഡീസ് ഓഡിറ്റോറിയത്തിൽ ആരംഭിച്ചു. അവതാരക, ചലച്ചിത്ര നടി, RJ എന്നീ നിലകളിൽ ശ്രദ്ധേയയായ ശ്രീമതി ശ്രീലക്ഷ്മി പ്രസാദ് മുഖ്യാതിഥിയായി വേദി അലങ്കരിച്ചു. ശ്രീമതി ശൈലജയുടെ ഈശ്വര പ്രാർത്ഥനയെ തുടർന്ന് ശ്രീ. ആർ.പി. രഘുനന്ദനൻ ഏവരെയും സ്വാഗതം ചെയ്തു. വേദിയിൽ പ്രദർശിപ്പിച്ച മൺമറഞ്ഞ ഇരുപതു കുടുബാംഗങ്ങളുടെ ഛായാചിത്രങ്ങൾ അവരുടെ സ്നേഹസ്മരണകൾ ഉണർത്തുന്നതായിരുന്നു.

ശ്രീമതിമാർ ശാന്ത, സുശീല, ശൈലജ, പത്മം എന്നിവർ ചേർന്ന് നാരായണീയ പാരായണവും, ശ്രീമതിമാർ ശാന്തയും പത്മവും ചേർന്ന് തയ്യാറാക്കി അവതരിപ്പിച്ച ഋഷി നാരദമംഗലകുടുംബ ചരിത്രവും ശ്രദ്ധേയമായി. പ്രായാധിക്യത്തിന്റെ അവശതകളെ അവഗണിച്ച് സംഗമത്തിന് എത്തിയവരിൽ മുടവന്നൂർ പിഷാരത്തു ഉണ്ണികൃഷ്ണ പിഷാരോടി, ആർ.പി. രാധാകൃഷ്ണ പിഷാരോടി, കുത്തനൂർ പടിഞ്ഞാറേപിഷാരത്തു അച്യുതൻകുട്ടി പിഷാരോടി എന്നിവരുടെ സാന്നിധ്യം ഏവർക്കും പ്രചോദനമായി.

സ്വയം പരിചയപ്പെടുത്തലിലൂടെ ഓരോ അംഗങ്ങളും ഗതകാല സ്മരണകൾ അയവിറക്കുവാനുള്ള സന്ദർഭമാക്കി.

തുടർന്നു നടന്ന കലാപരിപാടികളിൽ ആനന്ദ് ഉണ്ണികൃഷ്ണന്റെ വയലിൻ, ദേവേശന്റെയും, മാസ്റ്റർ അനിരുദ്ധിന്റേയും സംസ്കൃത ശ്ലോകങ്ങൾ, സി.ർ. രാമചന്ദ്രനും, ശ്രീമതി ആർ.പി. സുശീലയും അവതരിപ്പിച്ച കവിതകൾ, ശ്രീമതി സന്ധ്യ ആനന്ദിന്റെ ഗാനാലാപനം, ശ്രീമതി ഹേമയുടെയും ശരണ്യയുടേയും മൂകാംബിക സ്തോത്രം, എന്നിവ കാണികളുടെ ശ്രദ്ധ്ക്കു വിധേയമായി.

അനിയൻ തിരുവേഗപ്പുറ രചിച്ച ലളിതഗാനം അദ്ദേഹംതന്നെ അവതരിപ്പിച്ചതും ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി.

വനിതകൾ ഏവരും ചേർന്നവതരിപ്പിച്ച കൈകൊട്ടിക്കളി പരിപാടിക്കു മാറ്റുകൂട്ടി.

സംഗമത്തിനു തിരശീല വീഴുന്നതിനു മുൻപേ മുതിർന്ന അംഗങ്ങളായ രാധാകൃഷ്ണൻ-അംബുജം, ഉണ്ണികൃഷ്ണൻ-സുഭ, അച്യുതൻകുട്ടി-ചന്ദ്രിക, വേണുഗോപാൽ-രാജി. ഉണ്ണിക്കണ്ണൻ എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

പ്രഭാതഭക്ഷണം, വിഭവസമൃദ്ധമായ സദ്യ, ഹാൾ, തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയ പിഷാരോടിസിനു നന്ദി പ്രകാശിപ്പിച്ചു സംഗമം മൂന്നുമണിയോടെ അവസാനിച്ചു. ഓരോ കുടുംബത്തിനും ഋഷിനാരദമംഗലം നരസിംഹമൂർത്തിയുടെ ഫോട്ടോ ഉപഹാരമായി നൽകി.

വരും വർഷങ്ങളിലും കൂടുതൽ ഭംഗിയോടെ സംഗമിക്കാമെന്ന പ്രതീക്ഷയിൽ ഏവരും യാത്രയായി.



# വിവാഹ മംഗളാശംസകൾ

## ശ്രീനാഥ് ❤ ഹരിത

ബാംഗ്ലൂർ തണ്ണിസാന്ദ്ര ലക്ഷ്മീനിലയം, കെ. ഹരികൃഷ്ണൻ (കാടമുറി കുഴിഞ്ഞാലിൽ പിഷാരം കോട്ടയം)-കവിത ടി.പി. (പടിഞ്ഞാറേക്കര പിഷാരം തിപ്പലശ്ശേരി) ദമ്പതിമാരുടെ മകൾ **ഹരിത എച്ച്.** ഉം, കോഴിക്കോട് മാവൂർ കണ്ണിയാംപറമ്പ് വെട്ടുമ്മൽ ഹൗസ് വേണുഗോപാൽ ജി.-ടി.പി. ഭാഗ്യലക്ഷ്മി (കോഴിക്കോട് തെക്കേ പുറം പിഷാരം) ദമ്പതിമാരുടെ മകൻ **ശ്രീനാഥ് വി.ജി.** യും തമ്മിലുള്ള വിവാഹം 27-04-2025നു 10നും 11നും ഇടയിലുള്ള ശുഭമുഹൂർത്തത്തിൽ പെരുമ്പിലാവ് സെൻട്രൽ ഓഡിറ്റോറിയത്തിൽ വെച്ചു സമംഗളം നടന്നു.



ഋഷിനാരദമംഗലം കുടുംബ സംഗമം (01-05-2025)

# വിവാഹമംഗളാശംസകൾ



## സൂരജ്കൃഷ്ണൻ ❤ അമൃത

മലപ്പുറം വിളയിൽ ചിറ്റാരിപിഷാരത്ത് സുരേഷ്ബാബുവിന്റേയും വിളയത്ത് പിഷാരത്ത് സുനന്ദയുടേയും മകൻ **സൂരജ്കൃഷ്ണനും** പാലക്കാട് നെന്മാറ നാരായണമന്ദിരത്തിൽ രവീന്ദ്രൻ – ജയശ്രീ ദമ്പതിമാരുടെ മകൾ **അമൃതയും** തമ്മിലുള്ള വിവാഹം 11 – 05 – 25 ന് പാലക്കാട് സൂര്യരശ്മി കൺവെൻഷൻ സെന്ററിൽ വെച്ച് ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ നടന്നു.

# 50-ാം വിവാഹവാർഷികാശംസകൾ

## GOLDEN JUBILEE WEDDING ANNIVERSARY WISHES

## (15-06-2025)



### തലയണക്കാട് തെക്കേ പിഷാരത്തു രാമൻകുട്ടി
### കുനിശ്ശേരി പൂക്കുളങ്ങര പിഷാരത്തു ഗീത രാമൻകുട്ടി

**'മയൂഖം', ശാസ്താ നഗർ, ഇടപ്പഴഞ്ഞി, തിരുമല പി.ഒ., തിരുവനന്തപുരം-1**

## സ്നേഹാശംസകളോടെ

| മക്കൾ | മരുമക്കൾ | പേരമക്കൾ |
|---|---|---|
| ഹരീഷ് ആർ. | സ്മിത എച്ച്. | ദർശന എച്ച്., വിസ്മയ് എച്ച്. |
| സുധീഷ് ആർ. | ദിവ്യ എസ്. | മയൂഖ എസ്., മാളവിക എസ്. |

# 80-ാം പിറന്നാൾ നിറവിൽ



തൃപ്പുറ്റ പിഷാരത്ത്

## ശ്രീ അച്യുതപിഷാരടിയുടെ (മണി)

## 80-ാം പിറന്നാൾ

25-05-2025ന് കുടുംബ സുഹൃദ്സംഗമത്തോടെ
കുളപ്പുള്ളി തത്വമസി ഹാളിൽ ആഘോഷിച്ചു.

### പിറന്നാൾ ആശംസകളോടെ

ഭാര്യ: രാജലക്ഷ്മി പി.പി.
മക്കൾ: മഞ്ജു ഹരിദാസ്, മായ ബാബു, മീര ജയചന്ദ്രൻ
പേരക്കുട്ടികളും കൊച്ചുമകളും.






മേൽപ്പത്തൂർ ശ്രീ നാരായണ ഭട്ടതിരിയുടെ പ്രസിദ്ധമായ 'നാരായണീയം' എന്ന സംസ്കൃത ഗ്രന്ഥത്തിന്റെ ഉള്ളടക്കം, കഥകളുടെ രൂപത്തിൽ, ലളിതമായ മലയാളഭാഷയിൽ, എളുപ്പത്തിൽ വായിക്കാവുന്ന ലിപികളോടെ ആസ്വദിക്കാം.

ഭാരതീയ സംസ്കാരത്തിന്റെ വിശിഷ്ട മൂല്യങ്ങൾ, വളരുന്ന തലമുറയ്ക്ക് കഥകളിലൂടെ പകർന്നു കൊടുക്കാനും ഭാഗവത-നാരായണീയ സപ്താഹങ്ങളിലെ പ്രഭാഷണങ്ങളുടെ ഉള്ളടക്കം കൂടുതൽ വ്യക്തമായി മനസ്സിലാക്കാനും സഹായിക്കുന്ന ഈ പുസ്തകം, പ്രായമായവരെ സന്ദർശിക്കുമ്പോഴും, സപ്തതി, ഷഷ്ടിപൂർത്തി തുടങ്ങിയ അവസരങ്ങളിലും സമ്മാനമായി നൽകാൻ ഏറ്റവും ഉചിതമാണ്.

## പുസ്തകം തപാലിൽ ലഭിക്കാൻ

**https://notionpress.com/read/narayaneeya-kathamritham**

(or, search for the book title in https://notionpress.com)

**Price: Rs.470 (hardbound), Rs.310 (paperback)**

ഗീത വേണുഗോപാൽ, വില്വതിലകം, തിരുവില്വാമല പി.ഒ., തൃശൂർ -- 680588.

യാത്ര

# തലസ്ഥാന നഗരിയിലേക്ക് ഒരു യാത്ര



ശ്രീദേവി ഹരീഷ്

**പാ**ഠപുസ്തകങ്ങളിൽ കണ്ടിട്ടുള്ള ചരിത്രപ്രധാനമായ സ്ഥലങ്ങൾ കൺമുന്നിൽ നേരിട്ട് കാണുമ്പോഴുള്ള അനുഭൂതി എന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ഭാരതത്തിന്റെ തലസ്ഥാന നഗരിയെക്കുറിച്ചും, ഇന്ത്യൻ ഭരണഘടനയെക്കുറിച്ചും പാർലമെന്റ് മന്ദിരം, രാഷ്ട്രപതി ഭവൻ, ലോക്സഭ, രാജ്യസഭ എന്നിവയെക്കുറിച്ചുമെല്ലാം പാഠപുസ്തകങ്ങളിൽ നിന്നും കിട്ടിയ അറിവുകളെക്കാൾ എന്റെ അച്ഛൻ പറഞ്ഞുതന്ന അറിവുകളാണ് കൂടുതലായി മനസ്സിൽ തങ്ങി നിൽക്കുന്നത്. അതുകൊണ്ടു തന്നെ ഇവയൊക്കെ അച്ഛന്റെ കൈയും പിടിച്ച് നടന്നു കാണാൻ ആഗ്രഹിച്ചിട്ടുണ്ട്. ആ രംഗം മനസ്സിൽ സങ്കല്പിച്ച് നോക്കിയിട്ടുമുണ്ട്. പക്ഷേ അതിനുള്ള ഭാഗ്യം അന്ന് എനിക്കുണ്ടായില്ല. എന്നാൽ വർഷങ്ങൾക്കിപ്പുറം ഹരിയേട്ടനിലൂടെയും മകനിലൂടെയും എനിക്കതിനുള്ള ഭാഗ്യമുണ്ടായി. എനിക്ക് അച്ഛനിൽ നിന്നും കിട്ടിയ അറിവുകൾ അതേപോലെ ഞാൻ മകനിലേക്കും പകർന്നു. ആ സമയത്ത് എന്റെ മുഖത്ത് നിഴലിച്ച സന്തോഷം കണ്ടിട്ടാവാം അവർ എനിക്ക് ഇങ്ങനെ ഒരവസരം ഒരുക്കിത്തന്നത്.

വിമാനത്തിലായിരുന്നു യാത്ര. എന്റെ ആദ്യ വിമാനയാത്ര എന്നെ ഒരു പ്രത്യേകത കൂടി ഈ യാത്രക്കുണ്ട്. കൃത്യസമയത്ത് തന്നെ വിമാനം ഇന്ദ്രപ്രസ്ഥത്തിൽ ഇറങ്ങി. അവിടെ താമസ സൗകര്യം നേരത്തെ തന്നെ ഓൺലൈൻ വഴി ഒരുക്കിയിരുന്നു. അവിടെയെല്ലാം ചുറ്റിക്കാണണമെങ്കിൽ ഒരു സാരഥി വേണമല്ലൊ. ഭാഗ്യവശാൽ ഒരു മലയാളിയെ തന്നെ കിട്ടിയെന്നത് വളരെ യാദൃശ്ചികം. അദ്ദേഹം അന്നു രാത്രിതന്നെ ദീപപ്രഭയിൽ തിളങ്ങി നിൽക്കുന്ന തലസ്ഥാന നഗരി കാണിക്കാൻ ഞങ്ങളെ കൊണ്ടുപോയി. അതിൽ ഇന്ത്യാ ഗേറ്റ്, ഫാർല്മെന്റ് മന്ദിരം (പഴയതും പുതിയതും) രാഷ്ട്രപതിഭവൻ എല്ലാം ഉൾപ്പെടും. അതെല്ലാം കണ്ടശേഷം സന്തോഷ ത്തോടെ താമസസ്ഥലത്തേക്ക് മടങ്ങി.

പിറ്റേ ദിവസം രാവിലെ വീണ്ടും യാത്ര തുടങ്ങി. ആദ്യം കുതുബ് മീനാറിലേക്ക്. അതിനുള്ളിലേക്ക് കയറാൻ ഇപ്പോൾ അനുമതിയില്ല. വലിയ ഒരു അപകടം നടന്നിട്ടുണ്ടത്രെ. അതിനുശേഷം ആണ് ഈ നടപടി. ഹിന്ദു ആധിപത്യത്തിനെതിരെ മുസ്ലിം അധിനിവേശത്തിന്റെ വിജയത്തിന്റെ സ്മാരകമാണത്രെ കുതുബ് മീനാർ.

1192-ൽ കുതുബ്-ദിൻ ഐബക്ക് ആണ് ഇതിന് തറക്കല്ലിട്ടത്. ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിയത് 1368ൽ ഫിറോസ് ഷാ തുഗ്ലക് ആണ്. ഇത് മാർബിൾ, ചുവന്ന സാന്റ് സ്റ്റോൺ എന്നിവ കൊണ്ടാണു നിർമ്മിച്ചിരിക്കുന്നത്. ഉയരം 73 മീറ്റർ. ശത്രുക്കളുടെ നീക്കം നിരീക്ഷിക്കാനുള്ള ടവർ ആയും ഉപയോഗിച്ചിരുന്നത്രെ.

അതിന്റെ മനോഹാരിത ആവോളം ആസ്വദിച്ച് അവിടെ നിന്നും മടങ്ങി. പിന്നീട് പോയത് ലോട്ടസ് ടെമ്പിളിലേക്ക്. അതിന്റെ ഐതിഹ്യം എന്താണെന്ന് എനിക്ക് അറിയില്ല. അത് ഒരു പ്രാർത്ഥനാ കേന്ദ്രം ആണ്. അതിൽ എന്നെ ആകർഷിച്ചത് അതിന്റെ ആകാരഭംഗി തന്നെയാണ്. താമരപ്പൂ വിരിഞ്ഞു നിൽക്കുന്ന മാതൃകയിലുള്ള ഒരു സ്തൂപം. അവിടെനിന്നും പിന്നീട് ഞങ്ങൾ പോയത് ഞാൻ കാണാൻ ആഗ്രഹിച്ച സ്ഥലത്തേക്കു തന്നെ പാർലമെന്റ് മന്ദിരം (പഴയതും പുതിയതും), രാഷ്ട്രപതി ഭവൻ, ഇന്ത്യാഗേറ്റ്. പോകാൻ കഴിയുന്നതിന്റെ പരമാവധി അടുത്ത തന്നെ സാരഥി ഞങ്ങളെ കൊണ്ടുപോയി. അവിടെയെത്തി ഇതെല്ലാം കൺമുന്നിൽ നേരിട്ട് കണ്ടപ്പോൾ എനിക്കുണ്ടായ അനുഭൂതി അനിർവചനീയമായിരുന്നു. എന്തുകൊണ്ടോ എന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. സന്തോഷം കൊണ്ടാണോ അഭിമാനം കൊണ്ടാണോ, ദേശസ്നേഹം കൊണ്ടാണോ, വിസ്മയം കൊണ്ടാണോ എന്നൊന്നും എനിക്കറിയില്ല.

കട്ടിക്കാലത്ത് അച്ഛൻ പറഞ്ഞുതന്ന കാര്യ

ങ്ങൾ ഓരോന്നായി മനസിലേക്കോടിവന്നു. ലോ
ക്സഭ രാജ്യസഭ, അവിടത്തെ അംഗങ്ങൾ, അവി
ടെ നടക്കുന്ന മീറ്റിംഗുകൾ, അങ്ങനെ പലതും. പു
തിയ പാർലമെന്റിനെക്കാൾ രാജകീയ പ്രൗഢിയിൽ
തല ഉയർത്തി നിൽക്കുന്നത് പഴയ പാർലമെന്റ്
തന്നെ. മനസുകൊണ്ട് ഈ മന്ദിരങ്ങളെയെല്ലാം ബ
ഹുമാനത്തോടെ സല്യൂട്ട് ചെയ്തു. ശേഷം അവി
ടെ നിന്നും പോയത് ഇന്ത്യാഗേറ്റിലേക്ക്. അവിടെ
രാജ് പഥ് (ഇപ്പോൾ പേര് കർത്തവ്യപഥ്) കണ്ട
പ്പോൾ നമ്മുടെ റിപ്പബ്ലിക് ദിന പരേഡ് ഓർമ്മ വ
ന്നു. കുട്ടിക്കാലത്ത് നാഷണൽ ചാനലിൽ വളരെ
കൗതുകത്തോടെ നോക്കിയിരിക്കുമായിരുന്നു.

അവിടെ നിന്നും നേരെ പോയത് ഇന്ദിരാ
ഗാന്ധി മെമ്മോറിയലിലേക്ക്. പക്ഷെ നിർഭാഗ്യവ
ശാൽ അന്ന് അവിടെ സന്ദർശകർക്ക് അനുവാദം
ഉണ്ടായിരുന്നില്ല. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി
താമസിച്ചിരുന്ന വീടും വെടിയേറ്റു മരിച്ച സ്ഥല
വും ആണ് അവിടെ ഇപ്പോൾ മ്യൂസിയം ആക്കി
വച്ചിരിക്കുന്നത്. അവിടേക്ക് കടക്കാൻ കഴിയാത്ത
തിൽ മനസു വിഷമിച്ച് കൊണ്ട് അവിടെ നിന്നും
യാത്രതിരിച്ചു. നേരെ ഗാന്ധി സ്മൃതിയിലേക്ക്. രാ
ഷ്ട്ര പിതാവ് മഹാത്മാഗാന്ധി താമസിച്ചിരുന്ന ഭവ
നവും വെടിയേറ്റ സ്ഥലവും ഒക്കെ സന്ദർശിച്ചു.
അവിടെ നിന്നും രാജ് ഘട്ട്ലേക്ക്. രാഷ്ട്രപിതാവ്
അന്തിയുറങ്ങുന്ന സ്ഥലം. കുറച്ചു നേരം മൗന പ്രാർ
ത്ഥന നടത്തി അവിടെ നിന്നും ഇറങ്ങി. രാജ് ഘ
ട്ടിനടുത്തുതന്നെയാണ് മുൻ പ്രധാന മന്ത്രി രാജീ
വ് ഗാന്ധി അന്തിയുറങ്ങുന്ന വീർഭൂമി! അതിനടു
ത്തായി മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അന്ത്യ
വിശ്രമം കൊള്ളുന്ന ശക്തിസ്ഥൽ. രാജ്യത്തിന് വേ
ണ്ടി ജീവൻ ബലിയർപ്പിച്ച ധീര നേതാക്കളായ ന
മ്മുടെ രാഷ്ട്രപിതാവിനെയും മുൻ പ്രധാനമന്ത്രിമാ
രായിരുന്ന അമ്മയെയും മകനെയുമെല്ലാം വണ
ങ്ങി അവിടെ നിന്നും ഇറങ്ങി.

പിന്നീട് പോയത് സ്വാമി നാരായൺ അക്ഷർ
ധാം ടെമ്പിളിലേക്ക്. അതിന്റെ ഐതിഹ്യമൊന്നും
എനിക്കറിയില്ല. അവിടെയും എന്നെ ആകർഷിച്ച
ത് അതിന്റെ മനോഹാരിത തന്നെയാണ്. ഭീകരാ
ക്രമണം ഉണ്ടായതിനു ശേഷം അവിടെ സുരക്ഷാ
ക്രമീകരണങ്ങൾ കൂടുതലാണ്. അതിനുശേഷം നേ
രെ താമസ സ്ഥലത്തേക്ക് മടങ്ങി.

അതിനിടയിൽ നമ്മുടെ രാജ്യത്തിന്റെ പര
മോന്നത നീതിപീഠവും റിസർവ്വ് ബാങ്ക് ഓഫ് ഇ
ന്ത്യയും കണ്ടിരുന്നു.

വരും വഴി ഓൾഡ് ഡൽഹിയിൽ സ്ഥിതി
ചെയ്യുന്ന റെഡ് ഫോർട്ടിൽ പോയി. അവിടേക്ക്
പോയത് ചോർബസാർ വഴിയാണ്. ആ പേരു കേ
ട്ടപ്പോൾ എന്തോ ഒരു കൗതുകം തോന്നി. ചോർ
ബസാർ! ആ പേരിൽ തന്നെ ഒരു കള്ളത്തരമില്ലേ
എന്ന് സാരഥിയോട് ചോദിച്ചു. അപ്പോൾ അദ്ദേ
ഹം പറഞ്ഞു. അങ്ങിനെ തന്നെയാണെന്ന്. മോഷ
ണ വസ്തുക്കൾ കൊണ്ടു വന്നു വിൽക്കുന്ന ഒരു
ചേരി പ്രദേശം ആണത്രെ അത്.

അതുവഴി ഞങ്ങൾ റെഡ് ഫോർട്ടിൽ എത്തി.
മുഗൾ ചക്രവർത്തി ഷാജഹാൻ ആണത്രെ റെഡ്
ഫോർട്ട് നിർമ്മിച്ചത്. സ്വാതന്ത്ര്യദിനത്തിൽ പ്രധാന
മന്ത്രി പതാക ഉയർത്തുന്നത് അവിടെയാണല്ലോ.

തലസ്ഥാന നഗരിയിൽ കണ്ട കാഴ്ചകൾ ഉ
ളവാക്കിയ സന്തോഷം അച്ഛനുമായി പങ്കുവെക്ക
ണമെന്ന് തോന്നി, റൂമിൽ എത്തിയ ഉടനെ അച്ഛ
നെ ഫോണിൽ വിളിച്ച് ഈ അനുഭവങ്ങൾ പങ്കു
വച്ചു. അപ്പോൾ എനിക്കുണ്ടായ ആനന്ദം പറഞ്ഞ
റിയിക്കാൻ കഴിയുന്നതല്ല. അതിനു ശേഷം കണ്ട
കാഴ്ചകളെയെല്ലാം മനസ്സിൽ താലോലിച്ച് ഉറ
ങ്ങാൻ കിടന്നു.

പിറ്റേ ദിവസം രാവിലെ 6 മണിക്ക് ആഗ്രയി
ലേക്ക് യാത്ര തിരിച്ചു. അവിടെയാണല്ലോ മുഗൾ
ചക്രവർത്തി ഷാജഹാന്റെയും മുംതാസ് മഹലി
ന്റെയും തീവ്ര പ്രണയത്തിന്റെ സ്മാരകം സ്ഥിതി
ചെയ്യുന്നത്. ലോകാത്ഭുതങ്ങളിൽ ഇടം നേടിയ ഈ
സ്മാരകം കാണാൻ കുട്ടിക്കാലം മുതൽ ആഗ്ര
ഹിച്ചിരുന്നു. അതിനെ പറ്റി പഠിച്ചതും അച്ഛൻ പറ
ഞ്ഞുതന്നതും കേട്ടറിഞ്ഞതുമായ കാര്യങ്ങൾ ഒരു
പാടുണ്ട്. മനസ്സിൽ യാത്രയിലുടനീളം വല്ലാത്തൊ
രു ആകാംക്ഷയായിരുന്നു മനസിൽ. അതിലേക്ക്
അടുക്കും തോറും ആകാംക്ഷ കൂടിക്കൂടി വന്നു.
തലസ്ഥാന നഗരിയിൽ നിന്ന് ഏകദേശം. 200 കിലോ
മീറ്റർ കൂടുതൽ അകലെയാണ് താജ്മഹൽ സ്ഥി
തി ചെയ്യുന്നത്. ഈ ദൂരമത്രയും താണ്ടി ഞങ്ങൾ
അവിടെ എത്തി. വെള്ളിയാഴ്ച അവിടെ അവധി
ആയതിനാൽ ഞങ്ങൾ വ്യാഴാഴ്ചയാണ് പോയത്.
പ്രതീക്ഷിച്ചത്ര തിരക്ക് അന്നുണ്ടായിരുന്നില്ല. പ
ക്ഷെ ശനിയാഴ്ചയായാൽ തിരക്ക് കൂടുമെന്നും അ
വർ പറഞ്ഞു. അതിനുള്ളിൽ കയറിയാൽ ഒരു
ആൽബം ഉണ്ടാക്കി വക്കുന്നത് നല്ലതായിരിക്കും
എന്ന സാരഥിയുടെ അഭിപ്രായപ്രകാരം കോമ്പൗ
ണ്ടിനുള്ളിൽ കയറിയപ്പോൾ ഒരു ഫോട്ടോഗ്രാഫ
റെ വിളിച്ചു കുറച്ച് ഫോട്ടോകൾ എടുപ്പിച്ചു. പ
ക്ഷെ എന്നെ സംബന്ധിച്ചിടത്തോളം അതിനക
ത്തെയും പുറത്തെയും കാഴ്ചകൾ കാണാനുള്ള
ആവേശം ആയിരുന്നു മനസു നിറയെ. അതുകൊ
ണ്ടുതന്നെ ഫോട്ടോ എടുക്കുന്നതിലൊന്നും ശ്രദ്ധ
കേന്ദ്രീകരിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. അതി
നു ശേഷം ഞങ്ങൾ സ്മാരകത്തിനുള്ളിൽ കയറി.

അതിന്റെ ശില്പചാതുരിയും മനോഹാരിത

യും ഒന്നും പ്രത്യേകിച്ച് പറഞ്ഞു തരേണ്ട കാര്യമൊന്നുമില്ലല്ലോ. ഉള്ളിലെ വൃത്തിയും പവിത്രതയും നഷ്ടമാകാതിരിക്കാൻ വേണ്ടിയുള്ള മുൻകരുതൽ എന്നെ അത്ഭുതപ്പെടുത്തി. കാലിൽ ചെരുപ്പിനു മുകളിൽ ഇടാൻ സോക്സ് പോലെ ഒരു കവർ. കാരണം ചെരുപ്പ് ഇല്ലാതെ അവിടെ നടക്കാൻ കഴിയില്ല. വെണ്ണക്കല്ല് അല്ലേ നിലത്ത് പതിച്ചിരിക്കുന്നത്. അതിശക്തമായ വെയിലിൽ നിലം ചുട്ടുപഴുത്തു കിടക്കുന്നു. അതുകൊണ്ട് ചെരുപ്പ് ധരിച്ചുകൊണ്ടാണ് അവിടെ കയറുക. എന്നാൽ ചെരുപ്പിലെ മണ്ണ് അവിടെ ആവാനും പാടില്ല. അതിനാണ് ഈ സംവിധാനം. മരം കൊണ്ടുള്ള ഒരു ഗോവണിയിലൂടെയാണ് അതിനു മുകളിലെ തട്ടിലേക്ക് കയറുന്നത്. എന്നാൽ അത് യഥാർത്ഥത്തിൽ മാർബിൾ പാടിക്കെട്ട് ആണത്രെ. അതിന്റെ മുകളിൽ മരം കൊണ്ട് ഒരു കവറിങ് കൊടുത്തിരിക്കുകയാണത്രെ.

അങ്ങനെ ഞങ്ങൾ താജ് മഹലിനുള്ളിൽ പ്രവേശിച്ച് അവർ ഇരുവരുടെയും കബറിടം കണ്ടു. മുഗൾ ശില്പചാതുരി അതിഗംഭീരം തന്നെ. ഷാജഹാൻ ചക്രവർത്തിക്കു മുംതാസ് മഹലിനോടുണ്ടായിരുന്ന തീവ്രപ്രണയത്തെക്കുറിച്ചുള്ള കഥകൾ അവിടത്തെ ഒരു ഗൈഡിലൂടെ അറിയാൻ കഴിഞ്ഞു. അദ്ദേഹം എന്നും മുംതാസ് മഹലിന്റെ ഖബറിൽ എത്തി അവരോട് സംസാരിക്കുമായിരുന്നത്രെ. യമുനാനദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന താജ് മഹലിന്റെ ശില്പചാതുരി അവർണ്ണനീയം തന്നെ.

താജ് മഹൽ പണിത ശില്പിയുടെ കൈവെട്ടിയ കഥയൊക്കെ നമ്മൾ കേട്ടിട്ടുണ്ട്. പക്ഷെ അതൊന്നും വ്യക്തമായി എവിടെയും രേഖപ്പെടുത്തിയിട്ടില്ലെന്നാണ് അവിടെയുള്ളവർ പറഞ്ഞത്. ചിലപ്പോൾ കേട്ടുകേൾവി മാത്രമായിരിക്കാം. ഇതിന്റെ പണി പൂർത്തിയാക്കാൻ 22 വർഷം വേണ്ടി വന്നത്രെ. നിർമ്മാണ സമയത്ത് വന്ന തൊഴിലാളികളെ സന്തോഷിപ്പിക്കാൻ വേണ്ടി ഉണ്ടാക്കിയ മധുര പലഹാരമാണത്രെ ആഗ്ര പേഠ. ഇതിലെ മുഖ്യ ഘടകം കുമ്പളങ്ങയാണ്. കുമ്പളങ്ങ ധാരാളം വിളയുന്ന സ്ഥലമാണത്രെ ആഗ്ര. അതു കൊണ്ട് തന്നെ അവ വേവിച്ച് ഉണക്കി പഞ്ചസാരപാനിയിൽ ഇട്ട് വച്ചിട്ടാണത്രെ ഇത് ഉണ്ടാക്കുന്നത്. അവിടെ പോയപ്പോൾ കിട്ടിയ അറിവാണ്. സത്യമാണോ എന്നറിയില്ല. താജ് മഹലിൽ നിന്നും പുറത്തിറങ്ങിയപ്പോഴേക്കും ആൽബം റെഡിയാക്കിവച്ചിരുന്നു. അതും വാങ്ങി അവിടെ നിന്നും പുറത്തിറങ്ങി.

രാവിലത്തെ ഭക്ഷണം ശരിയാവത്തതിനാൽ നല്ല വിശപ്പ് അനുഭവപ്പെട്ടു. ഡൽഹിയിൽ നിന്നും ആഗ്രയിലേക്ക് പോകുന്ന റോഡിനിരുവശങ്ങളിലും പഞ്ചാബികളുടെ ധാബകൾ നിരനിരയായുണ്ട്. അവരുടെ തനതായ ഭക്ഷണങ്ങൾ. എന്നാൽ അവിടെ ചെന്ന് അവരോട് ഇഡ്ഡലിയോ ദോശയോ ചോദിച്ചാൽ അവർ എന്തുചെയ്യും? ഇഡ്ഡലിയാണെന്നും പറഞ്ഞ് ഒരു സാധനം കൊണ്ടു വന്നു തന്നു. എങ്ങനെയൊക്കെയോ മൂക്കു പിടിച്ച് അതിന്റെ ഒരു പകുതി അകത്താക്കി അവിടെ നിന്നും സ്ഥലം വിട്ടു. അതുകൊണ്ട് താജ് മഹലിൽ നിന്നും പുറത്തിറങ്ങിയപ്പോഴേക്കും നല്ല വിശപ്പ് തോന്നി.

അവിടെയടുത്തുള്ള ഒരു സൗത്ത് ഇന്ത്യൻ വെജിറ്റേറിയൻ ഹോട്ടലിൽ കയറി നല്ല ഒരു ഉച്ചയൂണ് തരമാക്കി. യാത്ര തുടങ്ങി മൂന്നാമത്തെ ദിവസമാണ് ഒരു ഊൺ തരപ്പെട്ടത്.

അതിനു ശേഷം നേരെ പോയത് ആഗ്ര ഫോർട്ടിലേക്കാണ്. മുഗൾ രാജവംശത്തിലെ രാജാക്കന്മാരുടെ താമസസ്ഥലമായിരുന്നു ആഗ്ര ഫോർട്ട്. താജ് മഹലിൽ നിന്നും ഏകദേശം രണ്ടോ മൂന്നോ കിലോമീറ്ററിനുള്ളിലായാണ് ഇത് സ്ഥിതി ചെയ്യുന്നത്.

ഓൾഡ് ഡൽഹിയിൽ സ്ഥിതി ചെയ്യുന്ന റെഡ് ഫോർട്ടിന്റെ മാതൃകയിലാണ് ഇതിന്റെയും നിർമ്മാണം. അതിനുള്ളിൽ നടന്നു കാണാൻ ഒരുപാട് കാഴ്ചകൾ ഉണ്ട്. പല ഇടങ്ങളും അറ്റകുറ്റപ്പണികൾക്കായി അടച്ചിട്ടിരിക്കുകയാണ്. അതിനുള്ളിൽഷാജഹാൻ ചക്രവർത്തിയെ മകൻ ഔറംഗസേബ് വീട്ട് തടങ്കലിൽ ഇട്ടിരിക്കുകയായിരുന്നല്ലോ. 8 വർഷക്കാലം അദ്ദേഹം അതിനുള്ളിൽ കഴിച്ചുകൂട്ടിയത്രെ. അദ്ദേഹത്തെ തടങ്കലിൽ ഇട്ടിരുന്ന ആ ഭാഗങ്ങളും ഞങ്ങൾ സന്ദർശിച്ചു. എന്നും താജ്മഹൽ കാണുന്നതിനായി ആ ഭാഗത്ത് മുഴുവൻ കിളിവാതിലുകൾ ഘടിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തെ മകൻ വീട്ടുതടങ്കലിൽ ഇടാൻ ഉണ്ടായ സാഹചര്യം അവിടെ പോയപ്പോഴാണ് എനിക്ക് മനസിലായത്. ഇപ്പോൾ ഉള്ള താജ് മഹൽ നിർമ്മിക്കുന്നതിനായി ഷാജഹാൻ ചക്രവർത്തി ഒരു പാട് പണം ചെലവഴിച്ചിട്ടുണ്ടത്രെ. അതെല്ലാം ഖജനാവിലെ പണം ആണല്ലോ. അതിനുശേഷം അദ്ദേഹം കറുത്ത മാർബിൾ കൊണ്ട് മറ്റൊരു മഹൽ നിർമ്മിക്കാൻ തീരുമാനിച്ചത്രെ.

അതുകൂടി നിർമ്മിച്ചാൽ ഖജനാവ് കാലിയാകുമെന്ന് പറഞ്ഞ് ഔറംഗസേബ് വിലക്കിയത്രെ. പക്ഷെ അതൊന്നും വകവക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയപ്പോഴാണത്രെ മകൻ അദ്ദേഹത്തെ വീട്ടുതടങ്കലിലാക്കിയത്. അതിനു ശേഷം പുതിയ മഹലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിറുത്തിവക്കുകയും ചെയ്തത്രെ.

അവിടത്തെ കാഴ്ചകൾ മുഴുവനായും കണ്ട

ശേഷം അവിടെ നിന്നും രാജസ്ഥാന്റെ തലസ്ഥാനമായ ജയ്പൂരിലേക്ക് യാത്ര തിരിച്ചു.

ഏകദേശം രാത്രി 10 മണിയോടെ ഞങ്ങൾ ജയ്പൂരിലെത്തി. അവിടെ സിറ്റിയിൽ തന്നെ റൂം എടുത്ത് അന്നു രാത്രി അവിടെ താമസിച്ചു. പിറ്റെ ദിവസം രാവിലെ അവിടത്തെ കാഴ്ചകൾ കാണാനിറങ്ങി. ആദ്യം പോയത് ജൽ മഹലിലേക്ക്. ഒരു തടാകത്തിനു നടുവിലായാണ് ഇത് സ്ഥിതി ചെയ്യുന്നത്. അതു കൊണ്ടുതന്നെ അത് ദൂരെ നിന്ന് കാണാനെ കഴിഞ്ഞുള്ളൂ. പകുതി ഭാഗം വെള്ളത്തിനടിയിലാണ്. അത്യുഷ്ണവും അതിശൈത്യവും അനുഭവപ്പെടുന്ന സ്ഥലമാണല്ലോ രാജസ്ഥാൻ. ഇവ രണ്ടിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി രാജാക്കന്മാർ പണിതതാണത്രെ ജൽ മഹൽ. പുരാതന തീതിയിലുള്ള എയർ കണ്ടീഷനിങ് ചെയ്ത ഒരു ചെറിയ കൊട്ടാരം. ഇത് ഞങ്ങളുടെ സാരഥി പറഞ്ഞു തന്ന കഥയാണ് ട്ടോ..

പിന്നെ ഞങ്ങൾ ജയ്പൂരിലെ പ്രസിദ്ധമായ പിങ്ക് സിറ്റിയിലൂടെ സിറ്റി പാലസ് കാണാൻ പോയി. പേരുപോലെ തന്നെയാണ് പിങ്ക് സിറ്റി അവിടത്തെ ബിൽഡിംഗുകൾക്കെല്ലാം പിങ്ക് നിറത്തിലുള്ള പെയിന്റാണ് അടിയിരിക്കുന്നത്. പിന്നീട് സിറ്റി പാലസ്, ജന്തർ മന്തർ, ഹവാ മഹൽ എന്നിവയും സന്ദർശിച്ചു. ഹവാ മഹൽ 5 തട്ടുകളുള്ള ഒരു പിരമിഡ് ആകൃതിയിലാണ്. ഒരുപാട് പ്രത്യേകതകൾ അതിനുണ്ട്. രാജസ്ഥാനിലെ കൊടും ചൂടിൽ നിന്നും രക്ഷനേടാൻ വേണ്ടി നല്ല രീതിയിൽ വായുസഞ്ചാരം കിട്ടത്തക്ക രീതിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ അതിനുള്ളിൽ നല്ല ഒരു തണുപ്പ് അനുഭവപ്പെട്ടിരുന്നു. കൊട്ടാരത്തിലെ അന്തേവാസികൾ ആയ സ്ത്രീകൾക്ക് പുറമെ നടക്കുന്ന കാര്യങ്ങൾ അറിയാനും ജനങ്ങളെ കാണാനും കാഴ്ചകൾ കാണാനും ഒക്കെയായി കുറെ കിളിവാതിലുകൾ മട്ടുപ്പാവിൽ ഘടിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് അവരെ ഇങ്ങോട്ട് കാണാൻ പാടില്ലായിരുന്നത്രെ. ഇവർ കൊട്ടാരത്തിൽ നിന്നും പുറത്തു പോകുന്നതും വളരെ വിരളം ആയിരുന്നത്രെ. അതിനുള്ളിലെ കാര്യങ്ങൾ വ്യക്തമായി അറിയണമെങ്കിൽ ഒരു ഗൈഡിന്റെ സഹായം അത്യാവശ്യം ആണ്. അതില്ലാതെ നമുക്ക് ഒന്നും മനസിലാവുകയില്ല. ഒരു മുഗൾ രാജ്പുത് ശില്പചാതുരിയുടെ മിശ്രിതം ആണ് ഹവാ മഹൽ. അവിടെ നിന്നും പിന്നീട് ഞങ്ങൾ പോയത് ആംബർ ഫോർട്ടിലേക്ക്. ഒരു കുന്നിന്റെ മുകളിലാണ് ഇത് സ്ഥിതിചെയ്യുന്നത്. മാൻ സിംഗ് എന്ന രാജാവ് പണി കഴിപ്പിച്ചതാണത്രെ ഈ ഫോർട്ട്. ഇതും ഒരു മുഗൾ രജ്പുത് ശൈലികളുടെ മിശ്രിതം ആണ്. അദ്ദേഹത്തിന്റെ ഒരു പത്നി മുഗൾ രാജവശ ത്തിലെ അംഗമായിരുന്നത്രെ. അതുകൊണ്ടു തന്നെ അവരുടെ മുറിയിൽ ബൽജിയത്തിൽ നിന്നും ഇറക്കുമതി ചെയ്ത കണ്ണാടികൾ പതിച്ച ചുമരുകൾ ആണ്. ഒരു ദീപം തെളിയിച്ചു വെച്ചാൽ മുറി മുഴുവൻ പ്രകാശ പൂരിതമാവും. അതിനുള്ളിലെ കാര്യങ്ങൾ വിവരിക്കാനാണെങ്കിൽ ഒരുപാടുണ്ട്. ചൂട് അനുഭവപ്പെടാതിരിക്കാനുള്ള ജലപാതകളും ഒക്കെ അതിനുള്ളിൽ ക്രമീകരിച്ചിട്ടുണ്ട്. രാജാവിന് പന്ത്രണ്ട് ഭാര്യമാർ ഉണ്ടായിരുന്നത്രെ. അവർ തമ്മിലടിക്കാതിരിക്കാനും പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും അവരെ എല്ലാവരെയും ഒരേപോലെ നിലനിർത്തിക്കൊണ്ടുപോകാനും അദ്ദേഹം പ്രയോഗിച്ചിരുന്ന ബുദ്ധിപരമായ കാര്യങ്ങളെ പറ്റിയൊക്കെ ഗൈഡ് ഞങ്ങൾക്ക് പറഞ്ഞു തന്നു. വളരെ രസകരമായിതോന്നി. അന്തപുരത്തിലെ റാണിമാർക്കും മറ്റു സ്ത്രീകൾക്കും കൊട്ടാരത്തിനുള്ളിൽ എല്ലാ സുഖസൗകര്യങ്ങളും രാജകീയ പ്രൗഡിയിൽ തന്നെ ഒരുക്കിയിരുന്നു. പക്ഷെ... അവർക്ക് പുറംലോകവുമായി ഉള്ള ബന്ധം ഈ കിളിവാതിലുകളിലൂടെ മാത്രം ആയിരുന്നല്ലോ എന്നത് എന്നെ വല്ലാതെ വിഷമിപ്പിച്ചു. ഒരു 'ബന്ധുരകാഞ്ചനകൂട്' അല്ലേ... എന്ന് എനിക്കുതോന്നി. പക്ഷെ, ആ കാലഘട്ടത്തിൽ എല്ലാ സ്ത്രീകളും അങ്ങനെ ആയിരുന്നല്ലോ. അതുകൊണ്ട് ആർക്കും അതൊരു വിഷമമായി തോന്നിയിട്ടുണ്ടാവില്ല... എന്ന് സ്വയം സമാധാനിച്ചു.

ആംബർഫോർട്ടിൽ നിന്നും പുറത്തിറങ്ങി ബാറ്ററി വണ്ടിയിൽ കുന്നിനു താഴെയെത്തിയ ശേഷം ജയ്പൂർ കോട്ടൻ വസ്ത്രങ്ങളിൽ കൈകൊണ്ട് പ്രിന്റിംഗ് ചെയ്യുന്ന കരവിരുതും കാണുകയുണ്ടായി. അതിനുശേഷം ഭക്ഷണവും കഴിച്ച് നേരെ വിമാനത്താവളത്തിലേക്ക് യാത്രതിരിച്ചു. സാരഥി ഞങ്ങളെ സുരക്ഷിതമായി ജയ്പൂർ വിമാനത്താവളത്തിൽ എത്തിച്ചു. നാലു ദിവസം ഞങ്ങളോടൊപ്പം ഈ മനോഹരമായ കാഴ്ചകളെയൊക്കെ കാണിച്ച് ഞങ്ങളെ ഒരുപാട് ചിരിപ്പിച്ചും ചിന്തിപ്പിച്ചും ഞങ്ങളുടെ ഒരാളായി മാറിയ 'സാരഥി'... ആ നല്ല മനുഷ്യനോട് നന്ദിയും യാത്രയും പറഞ്ഞ് ഞങ്ങൾ വിമാനത്താളവത്തിനകത്തേക്ക് കയറി. വിമാനം കൃത്യസമയത്ത് പുറപ്പെടുകയും കൃത്യസമയത്ത് ബാംഗ്ലൂരിൽ ഇറങ്ങുകയും ചെയ്തു. അങ്ങനെ നാലുദിവസത്തെ യാത്രയ്ക്കൊടുവിൽ ഞങ്ങൾ സുരക്ഷിതമായി വീട്ടിലെത്തി.

ചരിത്രവും ചരിത്രസ്മാരകങ്ങളുമൊക്കെ ഇഷ്ടവിഷയമായ എന്നെ സംബന്ധിച്ചിടത്തോളം ഈ യാത്ര ഒരു വിസ്മയം തന്നെ ആയിരുന്നു.

യാത്ര ഭാഗം 11

# രജ്പുത്താന



**മുരളി ആനായത്ത്**
ഫോൺ: 9495708403

**ആ**യുധധാരികളായ ഒരു സംഘം കുതിരപ്പടയാളികൾ പൊടിപറത്തിക്കൊണ്ട് അതിവേഗം കോട്ടയിലേയ്ക്ക് പാഞ്ഞു പോയി. ഞാനവർ പോയ വഴിയേ നോക്കി

അമ്പരന്നു നിന്നു. വഴിയിൽ ആവുന്നത്ര ഒതുങ്ങി നിന്നിട്ടും എന്റെ വെള്ളവസ്ത്രങ്ങൾ മുഴുവൻ പൊടിയിൽ മുങ്ങി കാവി നിറമായി. ആ പൊടി തട്ടിക്കളയാൻ ശ്രമിയ്ക്കുമ്പോഴാണ് ഞാനുണർന്നത്. എല്ലാം സ്വപ്നമായിരുന്നോ!

എത്രവേഗമാണ് പൊടിയടങ്ങിയത്,പടയാളികളും കോട്ടയും അപ്രത്യക്ഷമായത്!

ഹോട്ടൽ ദ ബാലമിൽ, ശീതീകരിച്ച നൂറ്റിയേഴാം നമ്പർ മുറിയിൽ ക്വിൽറ്റിനടിയിൽ കിടക്കുകയാണ് ഞാൻ. സ്വപ്നത്തെ ഒന്നുകൂടി ഓർത്തെടുക്കാൻ ഞാൻ ശ്രമിച്ചുനോക്കി. കൂടുതലൊന്നും ഓർക്കാനാവുന്നില്ല! മൂന്നുനാലു ദിവസമായി, പകൽമുഴുവൻ കൊട്ടാരങ്ങളും കോട്ടകളും യുദ്ധചരിത്രങ്ങളും ഒക്കെ കണ്ടും കേട്ടും മനസ്സെന്തോ കളിച്ചതാണ്.

ജാഗ്രത്, സ്വപ്ന സുഷുപ്തികളെക്കുറിച്ചും ആലോചന വന്നു.

ഗാഢനിദ്രയിൽനിന്ന് മിക്കവാറും സ്വപ്നത്തിന്റെ ഇടനാഴിയിലൂടെയാണ് നാം ഉണർവിലേയ്ക്ക് വരുന്നത്. എന്തായാലും ആഴത്തിലുള്ള ഉറക്കം ലഭിച്ചതിന്റെ ഒരു നിറവ് എനിയ്ക്കനുഭവപ്പെട്ടു. പതിവു തെറ്റിക്കാതെ മൊബൈൽ ഫോണെടുത്തു സമയം നോക്കി. നാലേമുക്കാലായിരിക്കുന്നു. എഴുന്നേറ്റ് രണ്ടു തലയിണകൾ അടുക്കി വെച്ച് ചാരിയിരുന്നുകൊണ്ടോരോന്നോർത്തു. ഇന്ന് രാധച്ചെറിയമ്മയുടെ പിറന്നാളാണ്. ഇത്തിരി കഴിഞ്ഞ് ഒന്ന് വിളിച്ച് ആശംസകൾ അറിയിയ്ക്കണം. പ്രാതൽ കഴിഞ്ഞാൽ ഞങ്ങളുടെ സംഘം ഇനി ജയ്സാൽമേറിലേയ്ക്കാണ് പോകുന്നത്. ഇന്ന് രാത്രി അവിടെ മരുഭൂമിയിലെ ടെന്റിലാണ് താമസം ഏർപ്പാടാക്കിയിട്ടുള്ളത്. ഡെസേർട്ട് കേമ്പ് എങ്ങനെയായിരിയ്ക്കും, പൊരിയുന്ന ചൂടാവുമോ, തണുപ്പാവുമോ, പൊടിക്കാറ്റുണ്ടാവുമോ ഒന്നുമറിയില്ല! അവിടത്തെ താമസത്തെ പ്രതി ചെറിയൊരു ഉദ്വേഗം തോന്നുന്നുണ്ട്. ഞാൻ പതിയെ എഴുന്നേറ്റു ഫോൺ ചാർജ്ജ് ചെയ്യാൻ വെച്ച് ദിനചര്യകളിലേയ്ക്ക് തിരിഞ്ഞു. കുളിയൊക്കെ കഴിഞ്ഞ് ഞാനൊന്ന് പുറത്തിറങ്ങി. ബാൽക്കണിയിലൊക്കെപ്പോയി ചുറ്റും നോക്കി. തലേ ദിവസത്തെ ഉഷ്ണം തീരെ ശമിച്ചിരിയ്ക്കുന്നു. ചെറിയ കുളിരുള്ള പുലർകാലം. ചില വീടുകളുടെ ജാലകചില്ലുകളിൽ വെളിച്ചം പരന്നിട്ടുണ്ട്. നഗരം ഉണരുന്നതേയുള്ളൂ. ഇത്തിരി നേരം ബാൽക്കണിയിൽ നിന്ന് ഞാൻ തിരിച്ച് മുറിയിലേയ്ക്ക് തന്നെ കയറി. ഏട്ടൻ ഉണർന്നിരുന്നു. ആറരയ്ക്ക് ശേഷം രാധച്ചെറിയമ്മയെ വിളിച്ച് പ്രണാമപൂർവ്വം പിറന്നാൾ ആശംസകൾ പറഞ്ഞു. വളരെ സന്തോഷത്തോടെ രാധച്ചെറിയമ്മ ചില അനുഗ്രഹവചസ്സുകൾ തിരിച്ചും പറഞ്ഞു. അമ്പലത്തിൽ പോകാൻ ഒരുങ്ങി നില്ക്കുകയാണത്രെ. ഏട്ടനുംഫോണുകൊടുത്തു. എട്ടനും ആശംസകൾ പറഞ്ഞു, അമ്പലത്തിലേയ്ക്ക് നടന്നോളൂ, വൈകിയ്ക്കണ്ട, പിന്നെ സംസാരിയ്ക്കാം എന്നു പറഞ്ഞ് ഫോൺ വെച്ചു.

എട്ടുമണിയോടെ ഞങ്ങൾ പ്രാതലിനായിട്ടിറങ്ങി. ഞങ്ങളായിരുന്നു ഭക്ഷണശാലയിൽ ആദ്യമെത്തിയത്. പിന്നെ ഓരോരുത്തരായി സംഘം മുഴുവനുമായി. ഒമ്പതു മണിയോടെ ഞങ്ങളുടെ സംഘം ജയ്സാൽമേറിനെ ലക്ഷ്യമാക്കി യാത്ര തുടങ്ങി. സഞ്ചരിയ്ക്കാൻ മുന്നൂറു കിലോമീറ്ററോളം ദൂരമുണ്ട്. അഞ്ചോ ആറോ മണിക്കൂറെടുക്കുമായിരിയ്ക്കും. നല്ല റോഡ്! ബസ് അതിവേഗം മുന്നേറിക്കൊണ്ടിരുന്നു. ഭൂപ്രകൃതി മാറിവരുന്നുണ്ട്. ഇപ്പോൾ പാതയ്ക്കിരുവശവും കാണുന്ന മണ്ണിന്റെ സമ്പ്രദായം മാറി, മണൽ കലർന്ന പൂഴിയാണ് കാണുന്നത്. ചിലയിടങ്ങളിൽ ജലസേചന സൗകര്യവും കൃഷിയുമുണ്ട്. അല്ലാത്തിടങ്ങളിൽ അങ്ങിങ്ങ് കുറ്റിച്ചെടികൾ! വെള്ളപൂക്കളുള്ള എരുക്ക് മണലിൽ വളരുമോ? റോഡരുകിൽ ചിലയിടങ്ങളിൽ കാണുന്നുണ്ട്. ഇനി എരുക്കു തന്നെയല്ലേ ആവോ? പതിനൊന്നേകാലോടെ ബസ് ഹൈവേയ്ക്ക

രുകിൽ ചായയ്ക്കായി നിർത്തി. എല്ലാവരും ഇറങ്ങി. മുറ്റത്ത് നാലഞ്ച് പുല്ലുമേഞ്ഞ വലിയ കുട പോലുള്ള മേൽക്കൂരകൾക്ക് കീഴെ സിമന്റിൽ തീർത്ത ഇരിപ്പിടങ്ങളുമായി ഒരു ചെറിയ കട! വെയിലിന് പൊള്ളുന്ന ചൂട്! ഓരോരുത്തരും അതിവേഗം പുല്ലു മേഞ്ഞ മേൽക്കൂരകൾക്ക് കീഴെ അഭയം തേടി. കുറച്ചു ഫോട്ടോകളൊക്കെ എടുത്തു. ചായകുടിച്ചു പതിനൊന്നേമുക്കാലോടെ ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി. എല്ലാവർക്കും ഒന്നര മണിയോടെ ഉച്ച ഭക്ഷണം കഴിയ്ക്കാമെന്നായി. വണ്ടി പൊഖ്രാനിൽ ഒരു ഹോട്ടലിനു മുമ്പിൽ നിർത്തി. ഞങ്ങൾ എല്ലാവരും ഇറങ്ങി. ഇതാണ് പൊഖ്രാൻ. 1974 മെയ് മാസം 18ന് ബുദ്ധൻ പുഞ്ചിരി തൂകിയ അതേ പൊഖ്രാൻ. ഭാരതം ആദ്യമായി അണുവിസ്ഫോടനം നടത്തിയതന്നായിരുന്നു. ആ പ്രൊജക്ടന്റെ പേരാണ് സ്മൈലിങ് ബുദ്ധ.

ഇതൊക്കെ പണ്ട് യു.പി. സ്കൂൾകാലത്ത് ക്വിസ് മത്സരങ്ങൾക്ക് സ്ഥിരം ചോദ്യങ്ങളായിരുന്നു! അന്ന് ഈ പരീക്ഷണം വിജയകരമായി നടത്തിയ ശേഷം ഭാഭ അറ്റോമിക് റിസർച്ച് സെന്ററിന്റെ തലവൻ ഡോ. രാജ രാമണ്ണ, ഉരുക്കുവനിതയായ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ വിളിച്ച് ബുദ്ധ ഹേസ് സ്മൈൽഡ് എന്നാണത്രെ പറഞ്ഞത്. അങ്ങനെ ഭാരതം ലോകത്തിലെ അണുശക്തി രാജ്യങ്ങളുടെ കൂട്ടത്തിലേയ്ക്ക് ആറാമത്തെ അംഗമായി കയറിയിരുന്നു. തികച്ചും അഭിമാനകരമായ ഒരു നേട്ടം തന്നെയായിരുന്നു അത്. പഞ്ചമഹാശക്തികളെ ഇതു ശരിയ്ക്കും ഞെട്ടിച്ചിട്ടുണ്ടാവണം. ഭക്ഷണം കഴിഞ്ഞ് ഞാൻ ഹോട്ടൽ കൗണ്ടറിലിരിയ്ക്കുന്നയാളോട് അണുവിസ്ഫോടനം നടത്തിയ സ്ഥലം എവിടെയാണെന്ന് ചോദിച്ചു. ഇവിടെ നിന്നും അകലെ മരുഭൂമിയുടെ ഉള്ളിലാണ് എന്നു പറഞ്ഞു. ആർക്കും പോവാനൊന്നും പറ്റില്ല. പൂർണ്ണമായും നമ്മുടെ സൈന്യത്തിന്റെ നിയന്ത്രണത്തിലാണ് മുഴുവൻ പ്രദേശവും എന്നും അയാൾ പറഞ്ഞു. ഭക്ഷണശേഷം രണ്ടു മണിയോടെ ജയ്സാൽമേർ ലക്ഷ്യമാക്കിയുള്ള ഞങ്ങളുടെ യാത്ര പുനരാരംഭിച്ചു.

മൂന്നരമണിയോടെ ഞങ്ങൾ ജയ്സാൽമേർ വാർ മ്യൂസിയത്തിനടുത്തെത്തി. വണ്ടി ഒരരികിൽ നിർത്തിയിട്ടു. ഈ മ്യൂസിയം ഞങ്ങളുടെ ലിസ്റ്റിലില്ലായിരുന്നു.

കൈലാസ്ചന്ദറാണ് (ഡ്രൈവർ) ഈ ഹൈവേയിൽ ജയ്സാൽമേറിന് പത്തു കിലോമീറ്റർ മുന്നെ ഇങ്ങനെ ഒരു സംഭവം ഉണ്ട് എന്ന് പറഞ്ഞ് തന്നത്. ഞങ്ങൾ എല്ലാവരും ഇറങ്ങി. ഈ മ്യൂസിയം വിഭാവനം ചെയ്തത് ലെഫ്. ജെൻ. ബോബി മാത്യൂസ് എന്ന പട്ടാള ഓഫീസറാണ്. ഇത് നിർമ്മിച്ചത് ഇന്ത്യൻ ആർമിയുടെ ഡെസർട്ട് കോർപ്സ് ആണ്. 1965 ലെ പാക്കിസ്ഥാനുമായുള്ള യുദ്ധ വിജയത്തിന്റെ അമ്പതാമാണ്ടിൽ (ഗോൾഡൻ ജൂബിലി)– അതായത് 2015 ലാണ് ഈ മ്യൂസിയം ഉല്ഘാടനം ചെയ്യപ്പെട്ടത്. ശിവജിയേട്ടനും കൃഷ്ണദാസേട്ടനും കൂടി പോയി ആളൊന്നിന് അമ്പതു രൂപയോമറ്റോ പ്രവേശന ഫീസ് അടച്ച് എല്ലാവർക്കുമുള്ള പാസ്സുകൾ വാങ്ങി. കടത്തിവിടും മുമ്പ് പട്ടാളക്കാർ ഞങ്ങളിൽചിലരുടെ ഐഡി കാർഡുകൾ പരിശോധിച്ചു. ഞങ്ങൾ മ്യൂസിയത്തിലേയ്ക്ക് കടന്നു. ഉയരത്തിൽ പാറിപ്പറക്കുന്ന ദേശീയ പതാക! വെയിലും, വെയിലിന് നല്ല ചൂടുമുണ്ട്. ഇത് മൊത്തം പതിനഞ്ചേക്കറോളം വരുമത്രെ. നിർമ്മിതികളുള്ള ഭാഗം തന്നെ ഏകദേശം 24000 സ്ക്വയർ മീറ്റർ ഉണ്ടാവും. അകത്ത് മൂന്ന് പ്രദർശനശാലകളുണ്ട്. ഇന്ത്യൻ ആർമി ഹാൾ, ലോംഗേവാല ഹാൾ, ഓഡിയോ വിഷ്വൽഹാൾ. ലോംഗേവാല ജെയ്സാല്മേർ ജില്ലയിലെ, പാക്കിസ്ഥാൻ അതിർത്തിയോട് ചേർന്നു കിടക്കുന്ന ടൗണാണ്. 1971ലെ പാക്കിസ്ഥാൻ യുദ്ധത്തിൽ പൊരിഞ്ഞ പോരാട്ടം നടന്ന സ്ഥലമാണ് ലോംഗേവാല! ആദ്യത്തെ രണ്ടു ഹാളുകളിലും, 1948, 1962, 1965, 1971, 1999 യുദ്ധങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങളും, മിനിയേച്ചറുകളും ഫോട്ടോകളും, വിവരണങ്ങളും, എല്ലാമുണ്ട്. പല യുദ്ധങ്ങളിലുമുപയോഗിച്ച തന്ത്രങ്ങളുടെ വിവരണങ്ങളുമുണ്ട്. പിന്നെയുള്ള ദൃശ്യ ശ്രാവ്യ പ്രദർശനശാലയിൽ അപ്പോൾ പ്രദർശനം ഉണ്ടായിരുന്നില്ല. എല്ലാം കണ്ട്, ഞങ്ങൾ ഹാളിന് പുറത്ത് കടന്നു.

അവിടെ ഒരു സോവനീർ ഷോപ്പുണ്ട്. അവിടെ കയറി ചിലരെല്ലാം ചില്ലറ ഷോപ്പിങ്ങ് നടത്തി. അവിടെ പൈസ വാങ്ങില്ല. ഡിജിറ്റൽ പേമെന്റേ സ്വീകരിയ്ക്കൂ. അവിടത്തെ ലാഭം വാർ വിഡോസിന്റെ വെൽഫേറിനായിട്ടാണുപയോഗിയ്ക്കുക എന്ന് അവിടെയുണ്ടായിരുന്നയാൾ പറഞ്ഞു. അതിനടുത്ത് ഒരു കഫറ്റേരിയയും ഉണ്ട്. നാലു മണിച്ചായ അവിടെനിന്ന് കഴിച്ചു. എല്ലാവരും വാഷ് റൂമിലൊക്കെ പോയി. ഗ്രൗണ്ടിൽ കവചിത വാഹനങ്ങളും, ടാങ്കുകളും, ഫൈറ്റർ ജെറ്റുകളും ഒക്കെ പ്രദർശിപ്പിച്ചിട്ടുണ്ട്. ലോംഗേവാല യുദ്ധത്തിൽ പാക്കിസ്ഥാൻ ടാങ്കുകളെ മുച്ചൂടും നശിപ്പിച്ച ഒരു ഹണ്ടർ വിമാനവും അവിടെ കണ്ടു. കൂട്ടത്തിൽ യുദ്ധത്തിൽ പിടിച്ചെടുത്ത പാക്കിസ്ഥാനി ടാങ്കുകളും വാഹനങ്ങളും ഒക്കെയുണ്ട്. ഒരു വലിയ ഭിത്തിയിൽ, ധീരമായി യുദ്ധത്തിൽ പങ്കെടുത്ത് പരമ വീരചക്ര, മഹാ വീരചക്ര ഒക്കെ ലഭി

ച്ച വീരനായകന്മാരുടെ പേരുകൾ എഴുതി വെച്ചിട്ടുണ്ട്. ഞങ്ങൾ, ആ ത്യാഗികളെ പ്രതി ഉള്ളിലുറന്ന നിസ്സീമമായ സ്നേഹാദരങ്ങളോടെ അവിടെ ഒരു നിമിഷം നിന്നു, അവർക്ക് മനസ്സിൽ അഭിവാദ്യമർപ്പിച്ചു.

നാലരയോടടുത്ത് ഞങ്ങൾ അവിടെനിന്ന് പുറപ്പെട്ടു. ഇവിടെനിന്ന് ജയ്സാല്മേറിലേയ്ക്ക് വെറും പത്തുകിലോമീറ്ററേ ഉള്ളൂ. പക്ഷേ ഞങ്ങൾക്ക് പോകേണ്ട, മരുഭൂമിയിലെ സാം എന്ന സ്ഥലത്തുള്ള റോജാനി റിസോർട്ട് ഏകദേശം 40 കിലോമീറ്റർ ദൂരെയാണ്.

രാജസ്ഥാനിലെ ഏറ്റവും വലിയ ജില്ല ജയ്സാല്മേർ ആണ്. താർ മരുഭൂമിയുടെ ഹൃദയ ഭാഗത്താണിത് സ്ഥിതി ചെയ്യുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെകൂടി പരിഗണിച്ചാൽ തന്നെ വലിപ്പം കൊണ്ട് ജയ്സാൽമേറിന് മൂന്നാംസ്ഥാനമുണ്ട്. ഒന്നാം സ്ഥാനം ഗുജറാത്തിലെ കച്ച് ജില്ലയ്ക്കും രണ്ടാം സ്ഥാനം ജമ്മു കാഷ്മീരിലെ ലേ ജില്ലയ്ക്കുമാണ്. ജെയ്സാൽമേറിന് സുവർണ്ണ നഗരം (Golden City) എന്നുകൂടി പേരുണ്ട്. പടിഞ്ഞാറൻ രാജസ്ഥാനിൽ സ്ഥിതിചെയ്യുന്ന ഈ നഗരം തലസ്ഥാനമായ ജയ്പൂരിൽ നിന്ന് 575 കിലോമീറ്റർ ദൂരെയാണ്. ടർക്കിഷ്, അഫ്ഘാൻ അക്രമങ്ങളിൽനിന്നുള്ള ശല്യം ഒഴിവാക്കാൻ, ഭാട്ടി രജപുത്ര രാജാവ് ജയ്സാൽ സിങ് ആയിരുന്നു 1156ൽ ഈ നഗരം സ്ഥാപിച്ച് തലസ്ഥാനം ലുദർവയിൽ നിന്ന് ഇങ്ങോട്ട് മാറ്റിയത്. അദ്ദേഹത്തിന്റെ പേരിൽ നിന്നാണത്രേ ഈ നഗരത്തിന് ജയ്സാൽമേർ എന്ന നാമം വന്നത്!

അഞ്ചുമണിയോടെ ഞങ്ങൾ റോജാനി റിസോർട്ടിലെത്തി. മണലിൽ വരിവരിയായി ടെന്റടിച്ച് ചെറിയ കോട്ടേജുകൾ ഉണ്ടാക്കിയിട്ടിരിയ്ക്കുന്നു. എട്ടെണ്ണം ഞങ്ങൾക്കായി ബുക്ക് ചെയ്ത് വെച്ചിരുന്നു. ഏട്ടനും എനിയ്ക്കും കൂടി കിട്ടിയത് പന്ത്രണ്ടാം നമ്പർ കോട്ടേജാണ്. ഞങ്ങൾ പൂട്ടു തുറന്ന് അകത്തു കയറി. മണലിൽ നിന്ന് രണ്ടടി ഉയരത്തിൽ കല്ലും സിമന്റു മുപയോഗിച്ച് നീളത്തിൽ പണിത ഒറ്റത്തറയിലാണ് ഓരോ ടെന്റുകളും അടിച്ചിരിയ്ക്കുന്നത്.

അകത്ത് സിമന്റു സ്ലാബിൽ തീർത്ത മൂന്നു കട്ടിലുകളുണ്ട്. അവയിൽ വൃത്തിയുള്ള കിടക്കയും തലയിണകളും എല്ലാം റെഡി. ഒരു സൈഡിൽ എയർ കൂളർ. ബാത്ത്റൂമിന്റെ ചുമരുകളും മേൽക്കൂരയും സിമന്റിൽ തീർത്തതാണ്. ലൈറ്റ്, ഫേൻ, ആവശ്യത്തിന് പ്ലഗ് പോയിന്റുകൾ എല്ലാമുണ്ട്. ഞങ്ങൾ എല്ലാമൊന്നു പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്തി. ഞങ്ങളുടെ ബേഗുകളെല്ലാം ഒരു പയ്യൻ കൊണ്ടുവന്നു. അഞ്ചരയ്ക്ക് മരുഭൂമിയിലേയ്ക്ക് സഫാരി എന്ന് പറഞ്ഞിട്ടുണ്ട്. ഇന്നത്തെ സൂര്യാസ്തമയം മരുഭൂമിയിൽനിന്ന് കാണാം എന്നാണ് പ്ലാൻ. ഞങ്ങൾ രണ്ടു പേരും കാലുംമുഖവുമൊക്കെ ഒന്നു കഴുകി. വെള്ളത്തിന് ഇളം ചൂടുണ്ടായിരുന്നു. ഫ്രെഷായി പുറത്തിറങ്ങി മുറി പൂട്ടി. ഇപ്പൊഴേ സമയം 5.35. മറ്റുള്ളവരൊക്കെ ഇറങ്ങുന്നതേയുള്ളൂ. എല്ലാവരും എത്തി ഞങ്ങൾ 3 മഹീന്ദ്ര ഥാർ വണ്ടികൾ വാടകയ്ക്കെടുത്ത് ഡെസേർട്ട് സഫാരിയ്ക്കിറങ്ങുമ്പോൾ ആറു മണി കഴിഞ്ഞിരുന്നു. ഒരു വണ്ടിയിൽ അഞ്ചു പേരെയേ കയറ്റൂ. ഒരാൾക്ക് 500 രൂപ വെച്ച് നല്കണം. രാമുവേട്ടനും കമലവും ഇത്തിരി വിശ്രമിയ്ക്കണം അതുകൊണ്ട് വരുന്നില്ലെന്നു പറഞ്ഞ് മകൾ രശ്മിയെ ഞങ്ങളുടെ കൂടെ അയച്ചു.

മരുഭൂമിയിലൂടെ, ആടിയുലഞ്ഞു കൊണ്ടുള്ള ഥാർ യാത്ര അവിസ്മരണീയമാണ്. മണൽപ്പരപ്പിൽ ഈ വണ്ടിയോട്ടാൻ നല്ല പരിചയം തന്നെ വേണം. മഹീന്ദ്ര ഈ 4 വീൽ ഡ്രൈവുള്ള വണ്ടിയ്ക്ക് ഥാർ എന്ന പേരു വെച്ചത് എന്താണെന്ന് ഇപ്പൊഴെനിയ്ക്ക് ഊഹിയ്കാനാവുന്നുണ്ട്. ഞങ്ങളൊരെട്ടുപത്തു കിലോമീറ്റർ ഉള്ളിലെവിടെയോ എത്തിക്കാണും, വണ്ടി നിർത്തി! ഞങ്ങളിറങ്ങി. ഞാൻ ചെരുപ്പ് ഊരി കുഴമണലിൽ ചവിട്ടി നിന്നു! മരുഭൂമിയെ തൊട്ടറിയണമല്ലോ! ഇതാണ് ഥാർ മരുഭൂമി!. ഇളം ചൂടുള്ള പൊടിമണൽ! തെളിഞ്ഞ മാനം. ചാഞ്ഞ വെയിലിനും നല്ലചൂട്! ഞങ്ങളുടെ കൂടെയുള്ള ഒരു വണ്ടിയും അതിലെ അഞ്ചുപേരും അവിടെ നേരത്തെയെത്തിയിട്ടുണ്ട്. ചുറ്റും കണ്ണെത്താദൂരത്തോളം മരുപ്പരപ്പ്.

അങ്ങിങ്ങ് ചില കുറ്റിച്ചെടികൾ. സൂര്യനെ നോക്കി ദിശ മനസ്സിലാക്കി. നിന്ന നില്പ്പിൽ ഞാനൊന്ന് 360 ഡിഗ്രി കറങ്ങി. ചുറ്റിലും മാനംവന്ന് ഭൂമിയെ തൊടുമിടംവരെ മരുപ്പരപ്പ്. ഈ കാഴ്ച ഉള്ളിലുണ്ടാക്കുന്ന അനുഭൂതിയെങ്ങനെ പറയാനാണ്.

ഗഗനം ഗഗ നാകാരം സാഗരം സാഗരോപമം ഒരു മരു മരീചിക കാണാൻ തരപ്പെടുമോ? ചുറ്റും നോക്കിയിട്ടും ഒന്നും തോന്നിയില്ല. ഇത്തിരി അകലെ എന്തോ ഒരു നിർമ്മിതിപോലെ കണ്ടു. അപ്പോഴേയ്ക്കും വണ്ടിച്ചക്രങ്ങൾ വെള്ളം തെറിപ്പിയ്ക്കുന്ന പോലെ മണൽ തെറിപ്പിച്ചു കൊണ്ട് മൂന്നാമത്തെ വണ്ടിയും വന്നു ചേർന്നു. ഞങ്ങൾ പതിനഞ്ചു പേരുമായി! സമയം ആറര കഴിഞ്ഞു. ഞങ്ങൾ കുറച്ചു ഫോട്ടോകളൊക്കെയെടുത്തു. അപ്പോഴേയ്ക്കും ഞങ്ങളെ വട്ടമിട്ട് പാരാസെയിലിംഗ്കാരും, ബൈക്ക് സഫാരിക്കാരുമൊക്കെ പ്രലോ

ഭനങ്ങളുമായി വന്നു. ഞാൻ അതിലൊരുത്തനോട് ആ നിർമ്മിതിപോലെ കാണുന്നതെന്താണ് എന്ന് ചോദിച്ചു. അന്നു കാലത്ത് ഏതോ സിനിമാ ഷൂട്ടു നടന്നിരുന്നു, അവരുടെ ചില താത്ക്കാലിക പരിപാടികളാണത് എന്ന് അവൻ പറഞ്ഞു. ഞങ്ങളുടെ കൂട്ടത്തിൽ നിന്ന് കൃഷ്ണദാസേട്ടനും രശ്മിയും മാത്രം പാരാസെയിലിംഗ്ന് പോയി. ഒരാൾക്ക് 800 രൂപയാണ് ചാർജ്ജ് പറഞ്ഞത്. രശ്മിയോട് ഞാൻ പേടിയില്ലേ എന്നു ചോദിച്ചു. എന്തിനു പേടി! എന്നായിരുന്നു കുട്ടിയുടെ മറുചോദ്യം! ബ്രേവ്ഗേൾ എന്ന് ഞാനുള്ളിൽപറഞ്ഞു. ഞങ്ങൾ ഇറങ്ങിയേടത്തിന് അല്പമകലെയായി താണ പ്രദേശമുണ്ട്. അവിടെയാണ് പാരാസെയി ലിംഗ് സെറ്റ് ചെയ്തിട്ടുള്ളത്. ജീപ്പിനു പുറകിൽ പാരച്ചൂട്ട് കെട്ടി, അതിന്റെ ചരടുമായി ഒരു ബെൽറ്റ് ഉപയോഗിച്ച് യാത്രികനെ ബന്ധിച്ച് ജീപ്പ് കാറ്റിന്റെ ഗതിയ്ക്കെതിരെ അതിവേഗം ഓട്ടിയാണ് പാരച്ചൂട്ടിനെയും ഒപ്പം യാത്രികനെയും വായുവിൽ ഉയർത്തുന്നത്. കാറ്റനുകൂല മല്ലെങ്കിൽ ഈ പരിപാടി വിജയിയ്ക്കില്ല. ഈ വക സാഹസങ്ങൾക്കൊക്കെ ഇത്തിരി പേടിയുള്ള കൂട്ടത്തിലാണ് ഞാൻ. ഇത്തിരി അകലത്തുള്ള ഒരു ചെടി എരുക്കാണോ എന്നറിയാൻ ഞാനതിന്റെ അരികിലേയ്ക്ക് നടന്നു. അടുക്കും തോറും, അത് എരുക്കു തന്നെയെന്ന് തെളിഞ്ഞുവന്നു. അതെ ഇതെരുക്കു തന്നെ! വെളുത്ത പൂക്കളും മൊട്ടുകളുമുള്ള എരുക്ക്. ഞാനതിന്റെ ഒരില പൊട്ടിച്ചു നോക്കി. ഉവ്വ് കറയുണ്ട്. അപ്പോൾ ഓടുന്ന ബസ്സിലിരുന്നു കണ്ടതും എരുക്കു തന്നെയാണ്. ഈ മരുഭൂമിയിൽ നില നില്ക്കാൻ ഇതെങ്ങനെയാവും ജലം സമ്പാദിയ്ക്കുന്നത്. ഇതിന്റെ ഇലകൾക്ക് അന്തരീക്ഷത്തിൽനിന്ന് ഈർപ്പം വലിച്ചെടുക്കാനാവുമോ? ഏതെങ്കിലും ബോട്ടണിക്കാരോട് ചോദിയ്ക്കണം. ഓർത്തു വെച്ചു. ദാസേട്ടനും രശ്മിയും താഴെയെത്തി അടുത്ത ഊഴത്തിനായി കാത്തു നില്ക്കുന്നു. പോൾവാൾട്ടിൽ പഴയ യൂണിവേഴ്സിറ്റി ചാമ്പ്യനാണ് ദാസേട്ടൻ.

കുന്തം കുത്തിച്ചാട്ടം നിർത്തിയാലും ഉയരങ്ങൾ കീഴടക്കാനുള്ള ത്വര ഇപ്പൊഴും മൂപ്പരുടെ ഉള്ളിലുണ്ട് എന്ന് രജനിയോട് വെറുതേ തമാശ പറഞ്ഞു! ഇപ്പോൾ താഴെ ദാസേട്ടനെ ഒരാൾ ബെൽട്ട് മുറുക്കി പാരച്ചൂട്ടിന്റെ കയറിനോട് ബന്ധിയ്ക്കുന്നത് കാണാനുണ്ട്. ഞങ്ങൾ കൈവീശി. ദാസേട്ടൻ കാണുന്നില്ല, അവിടെ ബെൽറ്റിന്റെ ബക്കിളുകൾ മുറുകിയില്ലേ എന്ന് ശ്രദ്ധിയ്ക്കുകയാണ്, എന്നു തോന്നുന്നു.

നടത്തിപ്പുകാർ എന്തൊക്കെയോ നിർദ്ദേശങ്ങൾ നല്കുകയായിരിയ്ക്കാം എന്നും തോന്നി. അതാ ജീപ്പ് മുന്നോട്ടെടുക്കുന്നു. രശ്മിയും ആ ജീപ്പിൽ കയറിയിരിയ്ക്കുന്നു! രണ്ടു നിമിഷം കൊണ്ട് പാരച്ചൂട്ട് ദാസേട്ടനേയും കൊണ്ട് വായുവിലുയർന്നു. മണ്ണിലോടുന്ന ജീപ്പിൽ രശ്മിയും, വിണ്ണിൽ പറക്കുന്ന പാരച്ചൂട്ടിൽ ദാസേട്ടനും! ഞങ്ങളുടെ കൂട്ടത്തിൽനിന്ന് രണ്ടു പേർ! ഒന്നു സ്റ്റെഡിയായപ്പോൾ ഞങ്ങളുടെ കൈവീശൽ കാണുകയും ദാസേട്ടൻ തിരിച്ച് കൈവീശുകയും ചെയ്തു. ഞങ്ങളൊക്കെ ആ ഗഗനചാരിയുടെ ഫോട്ടോകളെടുത്തു.

ഏകദേശം നൂറു നൂറ്റമ്പതടി ഉയരം പൊങ്ങിപ്പറന്നുകാണും. കാറ്റിന്റെ ആനുകൂല്യം വേണ്ടത്ര ലഭിയ്ക്കാത്തതു കൊണ്ട്, അഞ്ചാറുമിനിറ്റു കൊണ്ട് ആകാശ സഞ്ചാരം തീർന്ന് ദാസേട്ടൻ ലാന്റ് ചെയ്തു. ആ ഉയരത്തിൽ നിന്നുള്ള കാഴ്ച അതീവ ഹൃദ്യമായിരുന്നിരിയ്ക്കും. എനിയ്ക്കതു കാണാനായില്ലല്ലോ എന്ന് ഉള്ളിൽ ചെറിയൊരു കുശുമ്പു തോന്നി! കാറ്റ് അനുകൂല മല്ലാത്തതിനാൽ രശ്മി കാത്തിരിയ്ക്കണം എന്ന് പറഞ്ഞത്രേ. അപ്പോൾ രശ്മി അവൾക്ക് പറക്കണ്ട എന്നു വെച്ച് അവർ രണ്ടുപേരും തിരിച്ച് നടന്നു. കുഴമണലിലെ കയറ്റം കയറി വരുമ്പോൾ ദാസേട്ടൻ പറഞ്ഞു കാറ്റു ചതിച്ചതു കൊണ്ട് മുഴുവൻ സമയവും തികച്ചു പാറാനായില്ല. എന്നാലും ഉറുപ്പ്യ എണ്ണൂറ് ഹൂശ്! ഞങ്ങൾ എല്ലാവരും ചിരിച്ചു. രശ്മിയ്ക്ക് പറക്കാനേ ആയില്ല അതാണ് സങ്കടം അല്ലെ എന്നു ചോദിച്ചപ്പോൾ നൊ അങ്ക്ൾ 800 സേവ്ഡ് ചിരിച്ചുകൊണ്ട് രശ്മി പറഞ്ഞു. എല്ലാം ശുഭമായിക്കാണുന്ന മിടുക്കി!

ഇപ്പോൾ പടിഞ്ഞാറൻ മാനത്ത് ചോപ്പുരാശി പടർന്നിരിയ്ക്കുന്നു. ദിനകരൻ പിൻവാങ്ങാനോങ്ങി അകലെ ചക്രവാള സീമയിൽ! കുറച്ചു ഫോട്ടോകളൊക്കെ എടുത്തു. പിന്നെ ഞങ്ങളാകാഴ്ചയിൽ മുഗ്ദ്ധരായി നിശ്ശബ്ദം ആ മണൽപ്പരപ്പിലിരുന്നു. 7.10 നായിരുന്നു അസ്തമയം! പകലോൻ ഇറങ്ങിപ്പോയശേഷവും പശ്ചിമാംബരം, എന്തോ ഒരോർമ്മത്തെറ്റു പോലെ ചോപ്പണിഞ്ഞു തന്നെ നിലകൊണ്ടു. തിരിച്ചു പോവാമെന്നു പറഞ്ഞു ഞങ്ങളെ ഡ്രൈവർമാർ വിളിച്ചു. ഞങ്ങൾ തിരികെ അവരവർ വന്ന വണ്ടിയിൽ കയറി.

മരുഭൂമിയിൽ ഇരുട്ടരിച്ചിറങ്ങുന്നതും, മാനത്ത് ആദ്യ നക്ഷത്രങ്ങൾ പ്രത്യക്ഷമാവുന്നതും തുറന്ന ജീപ്പിലിരുന്ന് കണ്ടുകൊണ്ട് ഞങ്ങൾ മടങ്ങി.

വണ്ടിയുടെ ഹെഡ് ലൈറ്റിന്റെ പ്രകാശത്തിൽ മുന്നേ പോവുന്ന വണ്ടി പറത്തുന്ന പൊടി കണ്ടപ്പോൾ പോക്കറ്റിൽനിന്ന് മാസ്ക്കെടുത്തണിഞ്ഞു. കോവിഡിനു സ്തുതി! **(തുടരും..)**

ലേഖനം

# സ്ത്രീ അന്നും ഇന്നും



ദേവി അപ്പാകളം

**ചൂ**ഷണത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിൽ സ്ത്രീപുരുഷ സമത്വവും, സാമൂഹ്യനീതിയും കൈവരിക്കുക എന്നത് അസാദ്ധ്യമായതുകൊണ്ട് ആ വ്യവസ്ഥ തകർത്ത് ചൂഷണരഹിതമായ ഒരു സമൂഹത്തിന്റെ സൃഷ്ടി എന്നതായിരിക്കണം സാമൂഹ്യമാറ്റത്തിനു വേണ്ടി നടത്തുന്ന പ്രക്രിയയുടെ ലക്ഷ്യം.

ഏതു സമൂഹമായാലും അതിന്റെ പരിവർത്തനത്തിനുവേണ്ടിയുള്ള സംഘടിത ശ്രമങ്ങളിൽ സ്ത്രീയ്ക്കും പുരുഷനും തുല്യമായ പങ്കാളിത്തം ഉണ്ടായേ മതിയാവൂ. സാമൂഹ്യമാറ്റത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നിന്നും സ്ത്രീകളെ ഒഴിച്ചു നിർത്തിക്കൊണ്ടുള്ള പരിപാടികൾ ഒരിക്കലും പൂർണ്ണമാവുകയില്ല.

## ചരിത്ര പശ്ചാത്തലം:-

പണ്ടുകാലത്ത് സ്ത്രീയോട് കാണിച്ചിരുന്ന അനീതിയും അവഗണനയും മോശമായ കാഴ്ചപ്പാടുകളും, കഥകൾ പറയുന്നപോലെ നമ്മുടെ മുത്തശ്ശിമാരും മുത്തശ്ശന്മാരും പറഞ്ഞുതന്നത് ഒരു വിങ്ങൽ പോലെ നമ്മുടെയെല്ലാം മനസ്സിലുണ്ടെങ്കിലും, അതിൽനിന്ന് അന്നത്തെ സ്ത്രീയെക്കുറിച്ചും ഇന്നത്തെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, നേരിട്ടും സ്വയം അറിഞ്ഞിട്ടുള്ളതും പഠിച്ചതും നമ്മുടെയൊക്കെ മുൻ തലമുറക്കാർ പറഞ്ഞുകേട്ടിട്ടുള്ളതിൽ നിന്ന് വിലയിരുത്തുമ്പോൾതന്നെ സ്ത്രീയ്ക്ക് ഓരോ കാലഘട്ടത്തിലും നേരിടേണ്ടിവന്ന കഷ്ടപ്പാടുകളും ബന്ധനങ്ങളും, അവയിൽനിന്നെല്ലാം മുൻനിരയിലെത്തിയ ധീരവനിതകളെക്കുറിച്ചും നമുക്ക് ധാരാളം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ ചാതുർവർണ്യത്തിലധിഷ്ഠിതമായതും 'മനുസ്മൃതി'യിലെ ലിഖിതങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായിരുന്നു ജീവിതത്തിന്റെ ആധാരം.

'പിതാ രക്ഷതി കൗമാരെ
പതി രക്ഷതി യൗവ്വനെ
പുത്രോ രക്ഷതി വാർദ്ധക്യെ
ന: സ്ത്രീ സ്വാതന്ത്ര്യമർഹതി'

സ്ത്രീയ്ക്ക് ഒരു കാലത്തും തുല്യതയോ സ്വാതന്ത്ര്യമോ കിട്ടാനുള്ള സാഹചര്യം ഇല്ലായിരുന്നു.

ഒരു കുട്ടി ജനിക്കുമ്പോൾതന്നെ പെൺകുട്ടിയാണെങ്കിൽ അതൊരു ബാദ്ധ്യതയായി കാണുകയും, കുഞ്ഞു പിറന്ന ഉടനെത്തന്നെ പെൺകുട്ടിയാണെങ്കിൽ ചിലർ ജന്മം തന്നെ നിരസിക്കുകയും ചെയ്തിരുന്നു. പിന്നീട് ഭ്രൂണഹത്യ ശിക്ഷാർഹമാണെന്ന നിയമം വന്നതിനുശേഷമാണ് പെൺഭ്രൂണഹത്യകൾ കുറഞ്ഞത്. സത്യത്തിൽ പുരുഷനു വേണ്ടിയുള്ള ലോകം.... സ്ത്രീ അതിനായി ജനിക്കപ്പെട്ട ഒരുപകരണം മാത്രം. ഒരാൺകുട്ടിയും പെൺകുട്ടിയും ഉണ്ടെങ്കിൽ പെൺകുട്ടിക്ക് അടുക്കളജോലിയും കുട്ടികളെ പോറ്റിവളർത്തലും ആൺകുട്ടിക്കുമാത്രം പഠനവും. അതായത് പെൺകുട്ടിക്ക് സ്വന്തം ഇഷ്ടപ്രകാരം ഒന്നും തിരഞ്ഞെടുക്കുവാനുള്ള അവകാശം നിഷേധിച്ചിരുന്നു. രക്ഷിതാക്കളുടെയും മറ്റുള്ളവരുടെയും ആഗ്രഹത്തിനനുസരിച്ച് ജീവിക്കാൻ വിധിക്കപ്പെട്ടവളായിരുന്നു സ്ത്രീ.

വളരെ പുരാതനകാലത്തു അവർണർക്ക് മാറ് മറയ്ക്കാൻ അവകാശമുണ്ടായിരുന്നില്ല. കൂടെ മുലക്കരം കൊടുക്കേണ്ട ഒരവസ്ഥയുമുണ്ടായിരുന്നു. സ്ത്രീയെ ഭോഗവസ്തു മാത്രമായാണ് ചില കാലഘട്ടത്തിൽ കണ്ടിരുന്നത്. ചില സമുദായത്തിൽ നിലനിന്നിരുന്ന, ഭർത്താവ് മരിച്ചാൽ 'സതി' അനുഷ്ഠിക്കുക, വിധവകൾ വീണ്ടും വിവാഹിതരാകരുത്, ആടയാഭരണങ്ങൾ ഉപേക്ഷിക്കുക തുടങ്ങിയ ദുരാചാരങ്ങൾ സ്ത്രീകളെ നിസ്സഹായരാക്കിയിരുന്നു.

സിന്ധുനാഗരികത ഉടലെടുത്തപ്പോൾ നിലനിന്നിരുന്ന തുല്യത, പിന്നീട് പിന്നോക്കം പോയി,

ഇപ്പോഴും ദുരാചാരങ്ങൾ തുടരുന്നു. ദേവാലയങ്ങളിൽ വിലക്ക്, ശബരിമലപോലെയുള്ള പുണ്യ സ്ഥലങ്ങളിൽ സ്ത്രീകൾക്കുള്ള വിലക്ക്. സ്ത്രീശരീരത്തിലെ ജീവശാസ്ത്രപരമായ പ്രശ്നങ്ങൾ ആണെന്ന് ടെക്നോളജി എത്ര മുന്നോട്ടുപോയിട്ടും ആരും മനസ്സിലാക്കുന്നില്ല. സ്ത്രീകൾക്ക് വോട്ടവകാശംപോലും നിഷിദ്ധമായിരുന്ന ഒരു കാലം നിലനിന്നിരുന്നു. കേരളത്തിൽ തന്നെ കൊച്ചിയിൽ ആണെന്നു തോന്നുന്നു സ്ത്രീകൾക്ക് വോട്ടവകാശം ഉണ്ടായിരുന്നില്ല.

## സ്വാതന്ത്ര്യാനന്തര ഇന്ത്യയും സ്ത്രീയും:-

എല്ലാ ജനങ്ങൾക്കും സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയനീതി പ്രദാനം ചെയ്യാൻ കഴിയുന്ന ഒരു പരമാധികാര, ജനാധിപത്യ, മതേതരത്വ സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് നിർമിക്കുക എന്ന ലക്ഷ്യം പ്രഖ്യാപിച്ചു കൊണ്ടാണ് സ്വതന്ത്ര ഇന്ത്യ അതിന്റെ ഭരണഘടന അംഗീകരിച്ച സ്വതന്ത്ര ഇന്ത്യയുടെ 78-ാം വർഷത്തിലും ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീ സമൂഹം വിദ്യാഭ്യാസമില്ലാത്ത, വരുമാനമില്ലാത്ത, തൊഴിലില്ലാത്ത, അധികാരമില്ലാത്ത, സ്വയം നിർണ്ണയാവകാശമില്ലാത്ത, സുരക്ഷിതത്വമില്ലാത്ത, സ്വത്തവകാശമില്ലാത്ത വിഭാഗമായി തുടരുന്നു. ഇന്ത്യൻ ജനാധിപത്യത്തെ അർത്ഥരഹിതമാക്കി മാറ്റുന്ന വിവേചനങ്ങളാണ് ഇന്ത്യൻ സ്ത്രീ അനുഭവിക്കുന്നത്.

കുടുംബത്തിനുള്ളിൽ സ്ത്രീ ചെയ്യുന്ന തൊഴിൽ, നയരൂപീകരണ ചർച്ചകളിൽ പോലും കടന്നുവരുന്നില്ല. വീടിന് പുറത്ത് വരുമാനമുള്ള തൊഴിലെടുക്കുന്ന സ്ത്രീയെ സംബന്ധിച്ചിടത്തോളം അദ്ധ്വാനം ഇരട്ടിയാകുന്നു.

അരക്ഷിതമായ പൊതുയിടങ്ങളാണ് കേരളത്തിലുള്ളത്. പൊതുഗതാഗത സൗകര്യം അപര്യാപ്തവും സൗകര്യമില്ലാത്തതുമാണ്. യാത്രകളിൽ സ്ത്രീകൾ പല രൂപത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്നു.

മതവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും, സ്ത്രീകളുടെ മേൽ അടിച്ചേല്പിച്ചിരിക്കുന്ന വിലക്കുകളും, പുരുഷമേധാവിത്വപരമായി ചിന്തിക്കുന്ന സമൂഹം സ്ത്രീകളോടു കാണിക്കുന്ന ക്രൂരമായ അവഗണനയും, അവയ്ക്കു നല്കിയിരിക്കുന്ന അധമമായ പദവിയും ഒക്കെ സാമൂഹ്യമാറ്റത്തിൽ ക്രിയാത്മകമായ പങ്കുനിർവഹിക്കുന്നതിൽനിന്നും സ്ത്രീകളെ അകറ്റിനിർത്തുന്നു.

## ലിംഗ നീതി:-

ഇന്ത്യ സ്വതന്ത്രയായപ്പോൾ നിലവിൽ വന്ന ഭരണഘടന അനുശാസിക്കുന്നതനുസരിച്ചു ഭാരതത്തിലെ പൗരന്മാർക്ക് സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയപരവും ആയ നീതി, വിദ്യാഭ്യാസം, ഭക്തി, ആരാധന എന്നിവയിലുള്ള സമത്വം സ്വാതന്ത്ര്യം എന്നിവ ഉറപ്പു വരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രീയത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും ഉറപ്പു നൽകുന്നു. പക്ഷേ, ഈ തുല്യത സ്ത്രീകൾക്ക് ലഭിക്കുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

പണ്ടുകാലത്ത് സ്ത്രീകൾ മൗനം പാലിച്ചതുകൊണ്ടാണ് പുരുഷൻ സ്ത്രീക്കുമേൽ ആധിപത്യം സ്ഥാപിച്ചത്. പുരുഷമേധാവിത്വം വളരെയധികം ശക്തിയോടെ സ്ത്രീകളെ അടിച്ചമർത്തപ്പെട്ടു ആ കാലഘട്ടത്തിൽ. സ്ത്രീസ്വാതന്ത്ര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വെറും സ്വാതന്ത്ര്യം എന്നു മാത്രമല്ല പക്ഷേ തുല്യതയും ഭദ്രതയും സമത്വവും സാമൂഹിക സാമ്പത്തികഭദ്രതയും പുരുഷന് കിട്ടുന്നപോലെത്തന്നെ സ്ത്രീക്കും കിട്ടണം എന്നതാണ്. രണ്ടു വർഗ്ഗങ്ങളായിട്ടാണ് നാം മനുഷ്യനെ കാണുന്നത്. ഒന്ന് പുരുഷനും മറ്റൊന്ന് സ്ത്രീയും. രണ്ടു വർഗ്ഗത്തിനും എല്ലാ കാര്യങ്ങളിലും സുരക്ഷയും ഭദ്രതയും വേണം എന്നതാണ് ഒരു സ്ത്രീ സ്വാതന്ത്ര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. രണ്ടുപേരുണ്ടെങ്കിൽ ഒരാൾ മുന്നോട്ടുപോകുകയും അയാൾ ആധിപത്യം സ്ഥാപിക്കുന്നതും മറ്റൊരാളുടെ മൗനസമ്മതം ഉള്ളതുകൊണ്ടാണ്. പണ്ടുകാലത്തുള്ള സ്ത്രീകളിൽ ഒരു മൗനസമ്മതം ഉണ്ടായതുകൊണ്ടാണ് അങ്ങനെ ഒരാധിപത്യം വന്നത്. പൗരാണികകാലത്ത് വേട്ടയാടുകയും കായ്കനികൾ തിന്നു ജീവിക്കുകയും ചെയ്ത മനുഷ്യന് അങ്ങനൊരാധിപത്യം ഉണ്ടായിരുന്നില്ല. പിന്നീട് ആധുനികകാലത്തെ സ്ത്രീയുടെ മൗനം കാരണം അതുണ്ടായിവന്നതാണ്. ഇപ്പോഴത്തെ മാധ്യമങ്ങൾ ആയാലും നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന സിനിമകൾ ആയാലും നമ്മൾ കേട്ടുകൊണ്ടിരിക്കുന്ന ചർച്ചകൾ ആയാലും വായിക്കുന്ന പുസ്തകങ്ങൾ ആയാലും അങ്ങനെയുള്ള കുറെ കാര്യങ്ങൾ ഓരോ കാലഘട്ടത്തിലായി വന്നതുകൊണ്ട് അതിനൊരു മാറ്റം വരാനും സ്ത്രീതന്നെ അതിനെക്കുറിച്ച് ചിന്തിക്കാനും തുടങ്ങി. സ്ത്രീതന്നെ അതിനെക്കുറിച്ച് പറയാൻ തുടങ്ങി. സ്ത്രീതന്നെ അതിന് മുന്നോട്ടിറങ്ങാൻ തുടങ്ങി എന്നതുകൊണ്ടാണ് ഇങ്ങനെ ഒരു സംവരണം വേണമെന്നും സ്ത്രീസുരക്ഷ, തു

ല്യത എന്ന ആശയം വരാൻ തുടങ്ങിയതും അതു കൊണ്ടാണ്. അങ്ങനെയാണ് അതിനെക്കുറിച്ച് സംസാരിച്ചതും ഇങ്ങനെ ഒരാധിപത്യം ഉണ്ടെന്നും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞതും. ഇങ്ങനെ ഒരാശയം വന്നു കഴിഞ്ഞപ്പോൾ ആ ആശയം എവിടുന്നാണ് എപ്പോളാണ് വന്നതെന്നുവെച്ചാൽ, ഒരേ സാമ്പത്തിക സാമൂഹിക ചുറ്റുപാടിൽ ജനിച്ചു വളർന്ന രണ്ടുപേരിൽ ഒരാൾമാത്രം ഒരു വർഗ്ഗത്തിൽ ആയതുകൊണ്ട് അയാൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും ലഭിച്ചു എന്നറിഞ്ഞപ്പോൾ ആണ് മറ്റേ ആൾക്കും ഇതെല്ലാം എനിക്കും കിട്ടേണ്ടതാണല്ലോ എന്നു തോന്നിത്തുടങ്ങിയത്.

## അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്:-

ഒരേ ചുറ്റുപാടിൽ വളർന്ന രണ്ടുപേരാണെങ്കിലും ഒരാൾക്കുമാത്രം പഠിക്കാനുള്ളതും അയാളുടെ താല്പര്യത്തിനനുസരിച്ച് കാര്യങ്ങൾ ചെയ്യാനുമുള്ള അവസരം ഒരാൾക്കുമാത്രം കിട്ടിയപ്പോൾ ആണ് മറ്റേ ആൾ അത് ചോദ്യം ചെയ്യാൻ തുടങ്ങിയത്. പണ്ടത്തെ കാലത്ത് ചോദ്യം ചെയ്തിരുന്നില്ല. അവർ മൗനമായി അതിന് സമ്മതിച്ചു അതിന് കാരണങ്ങൾ വിദ്യാഭ്യാസപരമായും ഫിസിയോളജിക്കൽ പ്രശ്നങ്ങളും ആയിരുന്നിരിക്കാം.

ആ ഒരു ചിന്ത വരാൻ കുറെ കാലം എടുത്തു. പണ്ടത്തെ കാലത്ത് ആളുകൾക്ക് അതിനുള്ള വിദ്യാഭ്യാസം ഉണ്ടായിരുന്നില്ല, പുസ്തകങ്ങൾ അത്രയും വായിക്കാൻ കഴിഞ്ഞിരുന്നില്ല. പണ്ടത്തെ കാലത്തു അങ്ങനെ 1% ആളുകൾ ചിന്തിച്ചിരുന്നുവെങ്കിൽ ആ 1% സ്ത്രീകൾക്ക് മാത്രമേ വിദ്യാഭ്യാസം ഉണ്ടായിരുന്നുള്ളൂ പുസ്തകങ്ങൾ വായിക്കാൻ കഴിഞ്ഞിരുന്നുള്ളു. പഠിക്കാൻ കഴിഞ്ഞിരുന്നുള്ളൂ അതുകൊണ്ട് ആ 1% വേണമെങ്കിൽ അതിനുവേണ്ടി പറഞ്ഞിരിക്കാം. പിന്നീട് കാലം മാറുന്നതനുസരിച്ച് അതിന്റെ ലഭ്യത കൂടുതലായതുകൊണ്ട് കൂടുതൽ സ്ത്രീകൾ അങ്ങനെ ചിന്തിക്കാൻ തുടങ്ങി. അതുകൊണ്ട് നമുക്കങ്ങനെ കൂടുതൽ കാര്യങ്ങൾ പഠിക്കാനും അതിനെക്കുറിച്ച് പറയാനും അവർ തയ്യാറായതുകൊണ്ടാണ് വീണ്ടും ആ രീതിയിൽ മുന്നോട്ട് വന്നുതുടങ്ങിയത്.അന്നത്തെപ്പോലെ സ്ത്രീകൾക്ക് ഇപ്പോഴും പഠിക്കാനോ വീടിനു പുറത്ത് ഇറങ്ങാനോ ഒന്നും കഴിഞ്ഞിരുന്നില്ലെങ്കിൽ ഇപ്പോഴും സ്ത്രീ അങ്ങനെത്തന്നെ ഇരുന്നേനെ. സ്ത്രീക്ക് ഇപ്പോഴും ഒരിടത്തും തുല്യ അവകാശം കിട്ടുമായിരുന്നില്ല.

33.33% സംവരണം മാത്രം ആണ് ഉള്ളത്. പണ്ടൊക്കെ സ്ത്രീകളിൽ ഒരു മൗനസമ്മതം ഉണ്ടായതുകൊണ്ടാണ് അങ്ങനെയൊരാധിപത്യം വന്നത്. തുടക്കത്തിൽ വേട്ടയാടിക്കൊണ്ടിരുന്ന കാലത്ത് ഒരാധിപത്യം ഉണ്ടായിരുന്നില്ല. ഇപ്പോൾ സ്ത്രീകളിൽ 20% എങ്കിലും ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ട്.

രക്ഷാകർത്തൃത്വം, വിദ്യാഭ്യാസരീതി, സമൂഹം, മാധ്യമങ്ങൾ മുതൽ എല്ലാ വിഭാഗങ്ങളും പുതിയ പുതിയ മാറ്റങ്ങൾ വരുന്ന സാങ്കേതികവിദ്യക്കനുസരിച്ചു അതിനൊപ്പം സഞ്ചരിക്കാനോ അതുൾക്കൊള്ളാനോ അതിൽ ഏതാണ് നല്ലവശം എന്ന് അറിഞ്ഞ്, നാളേക്ക് മാറ്റം വരുന്നവയെ പഠിക്കാനോ ആർക്കും ആകുന്നില്ല എന്നത് മറ്റൊരു പരമാർത്ഥം. സാങ്കേതികവിദ്യ കൈപിടിയിൽ ഉണ്ടെങ്കിലും ശരിയായ രീതിയിൽ ഡിജിറ്റൽ ലോകം എങ്ങനെ ഉപയോഗിക്കണം എന്ന് അറിയാത്തതുകൊണ്ടും ഇന്നലത്തെ ഞാൻ ഇന്നത്തെ എന്റെ മക്കളെ നാളേയ്ക്കുവേണ്ടി എങ്ങനെ വളർത്തണം എന്നും അറിയാത്ത അവസ്ഥയാണ്. പുതുതലമുറയുടെ ഭാവിയെക്കുറിച്ച് ചെറിയ രീതിയിലുള്ള പഠനമെങ്കിലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഒരുപോലെ കിട്ടണം. ഡിജിറ്റൽ വേൾഡ് ഉപയോഗപ്രദമായി എങ്ങനെ ഉപയോഗിക്കണം എന്ന് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്ന പഠനസംവിധാനം പുതുതലമുറക്ക് കിട്ടണം.

പഠനത്തിലും ജോലിയിലും വിവേചനം ഉണ്ടായിരുന്നു സ്ത്രീക്കും പുരുഷനും. കളിക്കളത്തിൽ, സേനയിൽ, തുടങ്ങി കുറേ മേഖലകളിൽ നിന്ന് സ്ത്രീയെ ഒഴിവാക്കിയിരുന്നു. കാരണം പുരുഷനേ എല്ലാം കഴിയൂ എന്ന മനോഭാവം. സ്ത്രീക്കും എല്ലാം കഴിയും ഇന്ന് എല്ലാ മേഖലയിലും തെളിയിച്ചുകൊണ്ടിരിക്കുന്നു ഇന്നത്തെ തലമുറ. ഉദാ:- തെങ്ങുകയറൽ, ലോറി ഡ്രൈവിംഗ്, ഓട്ടോ ടാക്സി ഡ്രൈവിംഗ്, പൈലറ്റ്, എന്നു വേണ്ട ഐഎഎസ്, ഐപിഎസ്, സിഇഒ, എവറസ്റ്റ് കീഴടക്കൽ, ചന്ദ്രയാത്ര തുടങ്ങി എന്തിനും സ്ത്രീകൾ പുരുഷനൊപ്പമുണ്ട്.

ഇന്ന് ഏതു ജോലിയും പുരുഷന്മാരേക്കാൾ നന്നായി ഏറ്റെടുക്കാൻ പ്രാപ്തരായിട്ടുണ്ട് സ്ത്രീകൾ. എങ്കിലും തുല്യത ഇപ്പോഴും തിരുനക്കരെതന്നെ.

ഗൾഫ് രാജ്യങ്ങളിൽ സ്ത്രീകൾ ഡ്രൈവ് ചെയ്യാൻ പാടില്ല എന്നുണ്ടായിരുന്നു. ഇപ്പോൾ ആണ് അതിന് മാറ്റം വന്നത്. സ്ത്രീക്കും പുരുഷനും തുല്യവേതനം വേണം എന്ന് പറഞ്ഞെങ്കിലും എവിടെയും കിട്ടുന്നില്ല. ഗവൺമെന്റ് ജോലിക്കാർക്ക് മാത്രമാണ് തുല്യവേതനം ഉള്ളത്. ആധുനികയുഗ

ത്തിൽപോലും ആകെ ഒരു സ്ത്രീ പ്രധാനമന്ത്രിയും രണ്ടു സ്ത്രീ പ്രസിഡന്റും സ്വതന്ത്ര ഇന്ത്യയിൽ ഇതുവരെ ഉണ്ടായിട്ടുള്ളത്. അവരുടേതായ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയണം. മുസ്ലിം സമുദായത്തിലെ 'ശരിയത്ത്' നിയമം സ്ത്രീക്ക് ഒരുപാട് നിയന്ത്രണങ്ങളും ആരാധനാസ്വാതന്ത്ര്യത്തിൽ പോലും വിലക്കുകൾ ഏർപ്പെടുത്തുകയും ചെയ്യുന്നു.

## പരിഹാരം: എന്ത്, എങ്ങിനെ?

ഇത് തുടങ്ങേണ്ടത് വീടുകളിൽ നിന്നാണ്, കുടുംബങ്ങളിൽ നിന്നാണ്. നല്ല പേരെന്റിങ്, നല്ല സമൂഹം, നല്ല വിദ്യാഭ്യാസം, നല്ല ഭരണം തുടങ്ങി സമൂഹത്തിൽ മൊത്തത്തിലുള്ള മനോഭാവം മാറേണ്ടിയിരിക്കുന്നു.

കൂടാതെ സ്ത്രീയുടെ മനോഭാവത്തിലും മാറ്റം അനിവാര്യമാണ്, ഞാൻ ഭരിക്ക പ്പെടേണ്ടവളാണ് എന്ന മനോഭാവം.

രാഷ്ട്രീയപാർട്ടികളും അവരുടെ നിയമാവലികളിലും, കൂടെ അവരുടെ മനോഭാവത്തിലും മാറ്റംവരുത്തണം.

സ്ത്രീ ഞങ്ങളെ ഭരിക്കാൻ യോഗ്യയാണ് എന്ന തോന്നൽ രാഷ്ട്രീയപ്പാർട്ടികളിൽ വേരുറയ്ക്കണം. പുരുഷൻ മാത്രമല്ല, സ്ത്രീകളും എല്ലാ മേഖലയിലും കഴിവുള്ളവരാണ്, അത് തെളിയിച്ചിട്ടും ഉണ്ട് എന്ന സാമാന്യബോധത്തോടെ ചിന്തിക്കാൻ തുടങ്ങുകയും ഭരണഘടനയിലെ തുല്യത, സ്വാതന്ത്ര്യം തുടങ്ങിയവ എല്ലാം സ്ത്രീയും അനുഭവിക്കേണ്ടതാണ്, എന്ന മനോഭാവം സമൂഹത്തിനും, രാഷ്ട്രീയനേതാക്കൾക്കും, ഭരണകർത്താക്കൾക്കും ഉണ്ടാവണം. അത് താഴെത്തട്ടിൽ എത്തിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്താൽ പുതിയ തലമുറയ്ക്കെങ്കിലും തുല്യതയോടെ നന്നായി ജീവിക്കാൻ സാധിക്കും.

സ്ത്രീ സ്വതന്ത്രയാണെന്ന് പറയുന്നുണ്ടെങ്കിലും രാത്രിയോ അല്ലെങ്കിൽ ഒറ്റയ്ക്ക് എവിടെ യാത്ര ചെയ്യുവാനും ഇന്നും ഭയപ്പെടണം. കാരണം പുരുഷമേധാവിത്വം തന്നെ. പുതിയ തലമുറയിലെ ചില കുട്ടികൾ ഉള്ള സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്നതു കൊണ്ട് അബദ്ധങ്ങളിൽ ചെന്നു ചാടുന്നു. ഇവിടെയാണ് രക്ഷകർത്തൃത്വം, ശരിയായ വിദ്യാഭ്യാസം, ശരിയായ സമൂഹം ശരിയായ മാധ്യമധർമ്മം എന്നിവയുടെ പ്രാധാന്യം.

വരുമാനവും തൊഴിലും പുരുഷനെപ്പോലത്തന്നെ സ്ത്രീയുടെയും അടിസ്ഥാനാവകാശമാണ്. മറ്റുരാജ്യങ്ങളിലെ സ്ത്രീകൾക്ക് നല്ല രീതിയിൽ പുരോഗതി ഉണ്ടായിട്ടും ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ സ്ത്രീകൾക്ക് മറ്റു രാജ്യങ്ങളിലെ സ്ത്രീകളുടെ അത്ര പുരോഗതി കിട്ടുന്നില്ല. ഇതിന്റെ വലിയൊരു ഘടകം പേരെന്റ്റിംഗ് ആണ്. കുട്ടിക്കാലം മുതൽ പ്രായപൂർത്തി ആകുന്നതുവരെ കുട്ടിയുടെ ശാരീരികവും വൈകാരികവും സാമൂഹ്യവും ബൗദ്ധികവുമായ വികാസത്തെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന പ്രക്രിയയാണ് രക്ഷകർത്തൃത്വം. കൃത്യമായ നിർദ്ദേശങ്ങളിലൂടെയും കരുതലിലൂടെയും വളർച്ചയുടെ ഓരോ ഘട്ടങ്ങളെയും ശ്രദ്ധയോടെ പ്രോത്സാഹിപ്പിക്കണം.

യാഥാസ്ഥിതിക സംസ്കൃതിയും നവീന പ്രതിസംസ്കൃതിയും തമ്മിൽ നിരന്തരം നടന്ന ഏറ്റുമുട്ടലിനിടയിലാണ് പുതിയ സ്ത്രീ നീതികൾ അവതരിപ്പിക്കപ്പെടുന്നത്.

ഇതിൽ മതത്തിന് ഏറെ കാര്യങ്ങൾ ചെയ്യാനുണ്ട്. യാഥാസ്ഥിതികരും മത വിശ്വാസികളുമായ ഇന്ത്യൻ സ്ത്രീ, മതത്തിന്റെ കുരുക്കിൽ പെട്ടാണ് പുറം ലോകത്തെ കാണുന്നത്. ഇതിന് മത മേലധ്യക്ഷൻമാരും പൗരപ്രമുഖരും ഒത്തുചേർന്ന ഉറച്ച നിലപാടുകൾ ഒരു പരിധിവരെ സ്ത്രീയുടെ ഉന്നമനത്തിൽ നിർണായകമാകും, തീർച്ച. ●


*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

# സ്മരണാഞ്ജലികൾ

## 4-ാം ചരമവാർഷികം (23.06.2025)



# കെ. മണി പിഷാരോടി

മുണ്ടങ്ങാമഠം പിഷാരം,
മാണിക്കമംഗലം, കാലടി

മാതാപിതാക്കൾ:
പരേതരായ കൃഷ്ണപിഷാരോടി & രാധ പിഷാരസ്യാർ

ദുഃഖസ്മരണകളോടെ.....

സഹധർമ്മിണി: ആവണംകോട് പിഷാരത്ത് ഇന്ദിര

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| മീര | അനീഷ് ബോസ് | ഹരിനന്ദൻ, ഹൃദ്യ |
| വിഷ്ണു | അഞ്ജന | അധ്രിത് |

സഹോദരങ്ങൾ

വേണുഗോപാൽ, ബാബു, ജയശ്രീരാജൻ, ശ്രീവൽസൻ, അനിൽകുമാർ

ജനനം: 19.08.1950 മരണം: 23.06.2021

# സ്നേഹ സൂര്യൻ അസ്തമിച്ചിട്ട് 6 വത്സരങ്ങൾ



# ബാബു നാരായണൻ

ജ്യോതിസ്സ്, ചെമ്പൂക്കാവ്, തൃശൂർ

മരണം: 29-06-2019

ദുഃഖസ്മരണകളോടെ....

ഭാര്യ: ജ്യോതി ബാബു

മക്കൾ: ദർശൻ, ശ്രവണ

ബന്ധുമിത്രാദികൾ

# സ്നേഹസ്മരണയിൽ

## 21–ാം ചരമ വാർഷികം 13–ാം ചരമ വാർഷികം





**പി.എ. പിഷാരോടി**
(വർളി അച്ചുവേട്ടൻ)
പാലനൂർ പിഷാരം
28.06.1923 – 29.05.2004

**തങ്കം എ. പിഷാരോടി**
തിരുവത്ര പിഷാരം
05.06.1930 – 02.07.2012

| മക്കൾ | മരുമക്കൾ |
|---|---|
| നളിനി | നന്ദകുമാർ (Late) |
| രാജൻ | വത്സല |
| ഉഷ | ഉണ്ണികൃഷ്ണൻ |
| വിനോദ് | ശ്യാമ |
| മനോജ് | സുധ |

പേരക്കുട്ടികളും



# സ്മരണാഞ്ജലി

## ഏറ്റുമാനൂർ
## അശോകത്ത് പിഷാരത്ത് (ശ്രീരാഗം)
# എ.കെ. രാമപിഷാരടി

*ദുഃഖസ്മരണകളോടെ.....*

ഭാര്യ: ആറങ്ങോട്ട് പിഷാരത്ത്
(ശ്രീകല നെല്ലിക്കോട് ) എ.പി. ഗീത

| മക്കൾ | മരുമക്കൾ | പേരമക്കൾ |
|---|---|---|
| അഞ്ജന റാം | ശരത് ശശി | തീർത്ഥ ശരത്,<br>താത്വിക് ശരത്,<br>തേജശ്രീ ശരത് |
| അനൂപ് രാമപിഷാരടി | ഹൃദ്യ എം.പി. | കൃഷ്ണദിയ പിഷാരോടി |

മരണം: 21.06.2023



# സ്മരണാഞ്ജലി

## 6 -ാം ചരമവാർഷികം (07.06.2025)

# പി. രാധാകൃഷ്ണൻ

നാമെല്ലാം ഒരുമിച്ചുള്ള ആ സുന്ദരദിനങ്ങൾ
ഇനിയൊരിക്കലും മടങ്ങിവരില്ലെന്നറിയാം.
പക്ഷെ, അച്ഛൻ ഞങ്ങൾക്ക് പകർന്ന് തന്ന സ്നേഹം,
അതുള്ളിടത്തോളം എന്നും അച്ഛൻ ഞങ്ങൾക്കൊപ്പമുണ്ടാകും.

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ | പേരക്കുട്ടിയുടെ മക്കൾ |
|---|---|---|---|
| ഇന്ദിര | എ.പി. രഘുപതി | അരുൺ & അഞ്ജലി അരുൺ<br>അഞ്ജലി രാജീവ് & രാജീവ് രവി | അനുശ്രീ<br>മാനവ് രാജീവ് |
| പ്രേമ | ഐ.പി. രാംമോഹൻ | ശ്രീലക്ഷ്മി | |
| നന്ദകുമാർ കൃഷ്ണൻ | ബിന്ദു | ഗൗരവ്, ഗൗതം | |

# സ്മരണാഞ്ജലികൾ

25 – ാം ചരമവാർഷികം (22.06.2025)



ചെങ്ങാനിക്കാട്ട് പിഷാരത്ത്

## അച്ചുതപിഷാരോടി

മരണം: 22.06.2000

24 – ാം ചരമവാർഷികം (23.07.2025)



അഞ്ചേരി പിഷാരത്ത്

## കുഞ്ഞിക്കാവ് പിഷാരസ്യാർ

മരണം: 23.07.2001

**സ്നേഹസ്മരണകളോടെ: കുടുംബാംഗങ്ങൾ**

# 8 – ാം ചരമവാർഷികം (12.06.2025)



## സി.പി. രാഘവപിഷാരോടി
## (ചിറ്റാരി പിഷാരം)

"ആരോമലാം ഗുണഗണങ്ങളിണങ്ങി ദോഷ–
മോരാതുപദ്രവമൊന്നിനു ചെയ്തിടാതെ,
പാരം പരാർത്ഥമിഹ വാണൊരു നിൻ ചരിത്ര–
മാരോർത്തു ഹൃത്തടമലിഞ്ഞു കരഞ്ഞു പോകാ?"

(കുമാരനാശാൻ)

മരിക്കാത്ത ഓർമ്മകളുമായി

ഭാര്യ: കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത്
അന്നലക്ഷ്മി രാഘവൻ

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| സാവിത്രി നന്ദകുമാർ (ലീല) | പി. ആർ. നന്ദകുമാർ | വന്ദന അജയ്, സഞ്ജന |
| സൗമിനി പീതാംബരൻ | പീതാംബരൻ പിഷാരടി | വിനയ്, വിഷ്ണു |
| കെ. പി. ഹരികൃഷ്ണൻ | അനിത ഹരികൃഷ്ണൻ | ദേവിക, ഗോവിന്ദ് |

ജനനം: 11 – 06 – 1938    മരണം: 12 – 06 – 2017

# മലയാള സിനിമാ നായിക പദവിയിലേക്ക് പുതിയ താരോദയം – ഹർഷിത പിഷാരടി








**ഇ**പ്പോൾ തിയ്യേറ്ററുകളിൽ നിറഞ്ഞ സദസ്സിൽ മികച്ച അഭിപ്രായത്തോടെ പ്രദർശനം നടന്നു കൊണ്ടിരിക്കുന്ന ചിത്രമാണ് മൂൺ വാക്ക്. മൂൺവാക്കിലെ നായിക ഒരു പിഷാരടിക്കുട്ടിയാണ്. ഹർഷിത പിഷാരടി. പ്രശസ്ത സംഗീത സംവിധായകനായ ശ്രീ. ജയൻ പിഷാരടിയുടെയും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രൊഫസറും മ്യൂസിക് തെറാപ്പിസ്റ്റും നല്ലൊരു എഴുത്തുകാരിയും കൂടി ആയ ഡോക്ടർ സ്മിത പിഷാരടിയുടെയും മകളായ ഹർഷിത മിടുക്കിയായ ഒരു കലാകാരിയായി മാറിയതിൽ അദ്ഭുതമില്ല.

ആറു മാസം മാത്രം പ്രായമുള്ളപ്പോൾ തന്നെ KIDS WEAR മോഡലായി ക്യാമറക്കു മുന്നിൽ എത്തിയ ഹർഷിത തുടർന്ന് സൈലന്റ് റെയിൽ, കമ്മൽ തുടങ്ങിയ ചെറു സിനിമകളിലും ഒപ്പം പല പരസ്യ ചിത്രങ്ങളിലും ബാലതാരമായി അഭിനയിച്ചു. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ മമ്മൂട്ടി നായകനായ പരോൾ എന്ന ചിത്രത്തിൽ ശ്രദ്ധേയമായ വേഷം ചെയ്തു. തുടർന്ന് അഭിനയിച്ച നൊമ്പരക്കൂട് എന്ന ചിത്രത്തിലെ അഭിനയത്തിന് ജയ്പൂർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച നടിക്കുള്ള പ്രത്യേക ജൂറി പുരസ്കാരം ലഭിച്ചു. തുടർന്ന് Dominic തുടങ്ങിയ സിനിമകൾ.

2024ൽ കൊച്ചിയിൽ നടന്ന 3000 പേർ പങ്കെടുത്ത Lulu Beauty ഫെസ്റ്റിൽ ഫൈനലിലേക്കുള്ള അവസാനത്തെ പത്ത് പേരിലേക്ക് തെരഞ്ഞെടുക്കുകയും Miss Elegant എന്ന ബഹുമതി ലഭിക്കുകയും ചെയ്തു. ഈയിടെ 6000 പേർ പങ്കെടുത്ത് പെഗാസസ് നടത്തിയ Miss Queen Kerala മത്സരത്തിൽ Miss Congeniality, Miss Ramp Walk എന്നീ ബഹുമതികൾ ഹർഷിതയെ തേടിയെത്തി.

കർഷകശ്രീ, മലയാള മനോരമ തുടങ്ങി പല പ്രസിദ്ധീകരണങ്ങളുടെയും മുഖചിത്രമായി ഹർഷിതയുടെ ഫോട്ടോ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ മോഡൽ രംഗത്ത് സജീവമാണ്.

ഭരതനാട്യത്തോടൊപ്പം തന്നെ കർണ്ണാടക സംഗീതവും പശ്ചാത്യ സംഗീതവും നൃത്തവും അഭ്യസിച്ചിട്ടുള്ള ഹർഷിത നല്ലൊരു ഗായിക കൂടിയാണ്. കലാധരൻ സംവിധാനം ചെയ്ത ഗ്രാനി എന്ന സിനിമയിലടക്കം വിവിധ ആൽബങ്ങളിലും ഇതിനകം പിന്നണി പാടിക്കഴിഞ്ഞു. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ BSC ANTHROPOLOGY മൂന്നാം വർഷ വിദ്യാർത്ഥിനിയാണ്. ഹർഷിത അഭിനയിച്ച 'ഉഷാറാക്ക്' എന്ന വെബ് സീരീസ് അടുത്ത് തന്നെ റിലീസ് ചെയ്യും.

നിരവധി അംഗീകാരങ്ങളോടെ കഴിവുറ്റ അഭിനേത്രിയും ഗായികയും ആയി പ്രശസ്തയായിത്തീരാൻ പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും ആശംസകൾ. മൂൺ വാക്ക് എന്ന ചിത്രം വലിയൊരു വിജയമായി തീരട്ടെ എന്നും ആശംസിക്കുന്നു.

കവിത

# സിന്ദൂരത്തിന്റെ മഹത്വം

ഷീബ ദേവദാസ്

**ജീ**വിതഭാണ്ഡത്തിൻ ഭാരം മറന്നവർ ഭൂമിതൻ
പറുദീസയായൊരു കാശ്മീരിൽ
എല്ലാം മറന്നൊന്നുല്ലസിക്കാൻ
ഒത്തുകൂടിയ നാളതിൽ,
വന്നൊരു ദുഷ്ടമനസ്ക്കരാം ഭീകരന്മാരവർ
മതം നോക്കി മനുജരെ കൊന്നൊടുക്കി
മതഭ്രാന്തരായുള്ളൊരാ ദുഷ്ടാത്മാക്കൾ
സീമന്തരേഖയിലെന്നും വിളങ്ങേണ്ട
സിന്ദൂരപ്പൊട്ടുകൾ മായ്ച്ചു കളഞ്ഞവർ
ലോകാസമസ്താ സുഖിനോ ഭവന്തു:
പാടി പുകഴ്ത്തുന്ന
സർവ്വംസഹയായ ഭാരതാംബയ്ക്കത്
നെഞ്ചിലെ തീക്കനലായി മാറി
മക്കൾ തൻ ദുഃഖം സഹിയാതെകണ്ടവൾ
പാപികൾക്കൊക്കെയും ശിക്ഷ നൽകി.
ഹിന്ദുവായി ജനിച്ചതിൻ
ശിക്ഷയായ് മരണത്തെ പുൽകിയ
നിരാലംബർക്കൊക്കെയും മോക്ഷമേകി.
സാഹോദര്യത്തിൻ വിലയറിയുന്ന
ധീരരാം യോദ്ധാക്കൾ വീരജവാന്മാർ
നെഞ്ചിൽ തറയ്ക്കുന്ന കൂരമ്പിൻ മറുപടി
ഒട്ടും മടിയാതെ ലക്ഷ്യത്തിലാക്കുവോർ
നമുക്കൊന്നിച്ചൊരുമിച്ച് എന്നും വിളിക്കാം
ധീരജവാന്മാർക്കായി വന്ദേമാതരം.



# അനന്യ സതീഷ് പിഷാരടിക്ക് അഭിനന്ദനങ്ങൾ

**ഭാ**രതത്തിലെ ഏറ്റവും വലിയ ടിവി റിയാലിറ്റി ഷോയുടെ രണ്ടാം സീസണിൽ (Studio Round of Talent Plus) നൃത്ത പ്രതിഭ വിഭാഗത്തിലേക്ക് കുമാരി അനന്യ പിഷാരടിയെ തെരഞ്ഞെടുത്തു.

ഈയിടെ 82 ഹൈസ്കൂൾ കുട്ടികൾക്കും അവരുടെ അദ്ധ്യാപകർക്കുമായി അനന്യ നടത്തിയ Acrylic Pot Painting Workshop ഒരുപാട് അഭിനന്ദനങ്ങൾ നേടിയിരുന്നു.

ശുകപുരത്ത് പിഷാരത്ത് ശ്രമതി ഗീത സതീഷിന്റെയും (വൈക സതീഷ്) പനങ്ങാട്ടുകര പിഷാരത്ത് ശ്രീ. സതീഷ് പിഷാരടിയുടെയും മകളാണ് കുമാരി അനന്യ. ഗുജറാത്ത് ഗാന്ധി നഗറിൽ താമസിക്കുന്നു.

അനന്യക്ക് പിഷാരടി സമാജത്തിന്റെയും തുളസീദളത്തിന്റെയും വെബ് സൈറ്റിന്റെയും അഭിനന്ദനങ്ങൾ.





# ഓർത്തിരിക്കാൻ ചില കാര്യങ്ങൾ



**കെ.പി. ശ്രീധരൻ മാസ്റ്റർ**

- കുട്ടികൾ പഠിച്ചാൽ മാത്രം പോരാ, കളിച്ചും വളരണം.
- പണക്കാരി പ്രസവിക്കും, പണിക്കാരി കുട്ടിയെ നോക്കും. കുട്ടി എങ്ങനെ നന്നാവും?
- നിരീശ്വരവാദികൾ ഇല്ലെന്നു തന്നെ പറയാം. ചിലർ ഈശ്വരനെ നിരാകരിക്കുകയോ വെറുക്കുകയോ ചെയ്യും. അത് പ്രമേഹ രോഗികൾ മധുരം വർജ്ജിക്കുന്നത് പോലെയാണ്.
- യഥാർത്ഥത്തിൽ മനുഷ്യർക്ക് ജാതിയോ മതമോ അല്ല വേണ്ടത്. നമ്മുടെ തന്നെ സത്തായ ദൈവത്തിലേക്കുള്ള പൂർണ്ണമായ ഇഴുകി ചേരലാണ് വേണ്ടത്.
- ശിവം എന്നതിന് ശാസ്ത്രീയമായ അർത്ഥം മംഗളമായത് എന്നാണ്. ജീവന്റെ ഏറ്റവും മഹത്തായ ഭാവമാണ് അത്. മരിച്ചു കഴിഞ്ഞാൽ ശവം. അതായത് ശിവം പോയത് എന്നർത്ഥം. ശവത്തെ നാം മൂടിക്കളയും. ജീവിതത്തെ മംഗളമാക്കുന്നത് ശിവമാണ്.
- മനുഷ്യമനസ്സ് അസ്വസ്ഥമാണ്. ഇത് മാറ്റാൻ ശാസ്ത്രീയമായ ആരാധനക്ക് പറ്റും. അതിന് പറ്റിയ സാഹചര്യങ്ങൾ ഒരുക്കുകയാണ് ക്ഷേത്രങ്ങൾ ചെയ്യുന്നതും ചെയ്യേണ്ടതും.
- ഭക്തി ആചാരമല്ല വിചാരമാണ്, പ്രേമമാണ്. സന്തോഷത്തോടെ പൂർണ്ണമായി അർപ്പിച്ചുകൊണ്ട് ആത്മാർത്ഥമായി ഏതു പ്രവൃത്തി ചെയ്താലും അത് ഭക്തി തന്നെയാണ്. ഉദാഹരണം-പഴം കടിച്ചു നോക്കി ഭഗവാന് അർപ്പിക്കുന്ന ശബരിയുടെ കഥ.
- മനുഷ്യനെ പിശാചാക്കുന്നത് അവന്റെ അഹന്തയും വാക്കും ആണ്. അവനെ ദൈവമാക്കുന്നത് വിനയവും സ്വാന്തനം നൽകുന്ന വാക്കുകളും പുഞ്ചിരി തൂകുന്ന മുഖവുമാണ്.
- ബൈബിളിൽ ശ്രദ്ധേയമായ ഒരു വാക്യമുണ്ട് - ചോദിച്ചാൽ തരും, തേടിയാൽ കിട്ടും, മുട്ടിയാൽ തുറക്കും.
- ലോകത്ത് ആരാണ് സംതൃപ്തൻ? അത്യാഗ്രഹമുള്ള ധനവാനോ അതോ കിട്ടുന്നതുകൊണ്ട് സുഖമായി കഴിയുന്ന ദരിദ്രനോ?
- ഇന്ന് ചിരിച്ചു കൊണ്ട് ചെയ്യുന്ന പാപകർമ്മത്തിന് നാളെ കരഞ്ഞു കൊണ്ട് ദുഃഖം അനുഭവിക്കേണ്ടി വരും.
- ദാനധർമ്മങ്ങൾക്കായി ഉപയോഗിക്കുന്ന ദ്രവ്യം ഇഹത്തിലും പരത്തിലും തിരിച്ചു കിട്ടും. സ്നേഹിതൻമാർക്കും മറ്റുള്ളവർക്കുമായി ഉപയോഗിക്കുന്നത് ഇഹത്തിൽ മാത്രം ഒരു പക്ഷെ കിട്ടിയെന്നിരിക്കും. എന്നാൽ ഭോഗങ്ങൾക്കായി ഉപയോഗിക്കുന്നത് ഒരിക്കലും തിരികെ ലഭിക്കില്ല.
- സ്ഥാനമാനങ്ങൾ അനുസരിച്ചാണ് ഒരാളുടെ വില. കണക്കിലെ പാഠം തന്നെ അതാണല്ലോ. പൂജ്യത്തിന് തനിയെ ഒരു വിലയുമില്ലെങ്കിലും അത് ഏതെങ്കിലും സംഖ്യക്കു ശേഷം വന്നാൽ ആ സംഖ്യയുടെ മൂല്യം പത്തിരിട്ടിയായി മാറും. അതുകൊണ്ട് സ്ഥാനം കിട്ടി എന്നതു കൊണ്ട് ഒരാളും അഹങ്കരിക്കരുത്. നമ്മുടെ സ്ഥാനം നോക്കി മാനം കളയാതിരിക്കണം.
- പലരും ക്ഷേത്രത്തിൽ പോകുന്നത് തൊഴാൻ വേണ്ടി എന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ധ്യാനിക്കാനും ഉപാസിക്കാനും കൂടിയാണ് ക്ഷേത്രത്തിൽ പോകേണ്ടത്.
- പിശുക്കന്റെ മകൻ ധാരാളി, ധാരാളിയുടെ മകൻ എരപ്പാളി.
- പാത്രം അറിഞ്ഞു മാത്രമേ ദാനം ചെയ്യാവൂ.
- ജീവിതത്തിൽ എല്ലായ്പോഴും പിന്നോട്ടു നോക്കിയതിനു ശേഷം മാത്രം മുന്നോട്ടുള്ള പ്രയാണം തുടരുക.
- ഹൃദയാഘാതം ഒരാളുടെ മരണ വാറണ്ടല്ല. നല്ല രീതിയിലുള്ള ജീവിതത്തിലേക്ക് പോകാനുള്ള ഓർമ്മപ്പെടുത്തൽ മാത്രമാണ്.
- കേരളത്തിൽ Phd ക്കാർ വളരെ കൂടുതലണ് (പ്രഷർ, ഹാർട്ട് അറ്റാക്ക്, ഡയബറ്റിക്)
- ലോകത്തിലെ ഹൃദയാഘാതത്തിന്റെ തോത് ഏറ്റവും കൂടുതൽ കേരളത്തിൽ - കാരണം ഭക്ഷണക്രമം, വ്യായാമക്കുറവ്, ജനിതകം.
- വെളുത്ത ആഹാരങ്ങൾ (തവിടുകളഞ്ഞ അരി, പഞ്ചസാര, ഉപ്പ്, പാൽ, മൈദ etc) പരമാവധി കുറക്കുക. ഇതിൽ പഞ്ചസാരയാണ് വില്ലൻ. പഞ്ചസാര കൂടാതെ തന്നെ നല്ല മധുരമായി ജീവിതം നയിക്കാൻ സാധിക്കും.

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | ശു | | ലമമാ | | |
| | | ല | | ചശി | |
| രശി | | ഗ്രഹനില അകത്ത് | | | കു |
| ച | ര മ മാ | അംശകം പുറത്ത് | | ഗു | സ |
| | ബു കു സ | ശു | | | |
| | | | ഗു | ബു | |

Proposals are invited from parents of Pisharody girls for a Pisharody boy, (Completed Electronics and Communication Engineering from Anna University), aged 33 years, Height is 175 cms, currently working in private sector. Interested parents contact us at:

**Mob: 9895936050,9746245036.**

ജനനം: 18-01-1992, ശനി 12:10 PM, തിരുവാതിര നക്ഷത്രം.
ഗർഭശിഷ്ടദശ: 12 വർഷം 5 മാസം 13 ദിവസം രാഹുദശ.

---

| | | | | | |
|---|---|---|---|---|---|
| | | ബു | സഗുമ | | |
| | | മ | | | |
| ല | ലഗു ശി | ഗ്രഹനില അകത്ത് | | | മാ |
| | | അംശകം പുറത്ത് | | കുസ | കു |
| | | ച മാ | ര ബു ശു | | |
| | | ശിരശു | | ച | |

Proposals are invited from parents of Pisharody Boys for a Pisharody Girl 27 years (Height 165 Cm.), MSc in Sports and Exercise Medicine, currently working as MSK Physiotherapist in Reading, UK. Interested parents may please contact on

**Mobile No. 9594081954 / 9594071954**

Date of Birth: 23-10-1998
Time: 03.10 PM Friday, Star: Anizham

---

| | | | | | |
|---|---|---|---|---|---|
| | | | ബു ഗുശി | കു | |
| | ല | ഗുമ | | | |
| | ച | ഗ്രഹനില അകത്ത് | | സ | |
| | ശി | അംശകം പുറത്ത് | | ഭൃ | |
| | കു മാ | | ര ബു | | |
| | ല | ചസ | രമ | ഭൃമാ | |

Proposals invited from parents of Pisharody Girls for a Pisharody boy, 26 yrs, (172 cms), Diploma in Electronics and Communication Engineering. Occupation: Program Cordinator Keltron Project. Interested parents please contact

**Mobile No. 9847016036**

Date of Birth: 20-10-1999, Star : Avittam

കൊല്ലവർഷം 1175-ാമാണ്ട് തുലാമാസം 3-ാം തിയ്യതി, 1999 ഒക്ടോബർ 20-ാം തിയ്യതി ബുധനാഴ്ച ഉദയാദി 27 നാഴിക 20 വിനാഴികക്ക് അവിട്ടം നക്ഷത്രം പുരുഷജനനം. 0-06-16 കുജശിഷ്ടദശ.

## പെൻഷൻ/സാന്ത്വനം ഫണ്ടിലേക്ക് സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| 1. | കുമാരി നവിക അജയ് പിഷാരോടി, പറളി | - | 2,000.00 |
| 2. | ലക്ഷ്മിക്കുട്ടി പിഷാരസ്സ്യാർ, കേരളശ്ശേരി | - | 500.00 |
| 3. | എ.പി. രാഘവൻ, ചൗവര | - | 2000.00 |

എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**സെക്രട്ടറി, PE & WS**

# ശാഖാവാർത്തകൾ

## മഞ്ചേരി ശാഖ

18-05-25 ന് ഞായറാഴ്ച വൈകുന്നേരം 3.30 ന് കൊളത്തൂരിലെ എ.പി വേണുഗോപാലിന്റെ വസതിയിൽ വച്ച് മെയ് മാസ ഭരണസമിതി യോഗം ചേർന്നു. പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് ഡോ. വാസുദേവന്റെ അധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ ഗൃഹനാഥ ശ്രീമതി. ദേവി ഭദ്രദീപം തെളിയിച്ചു. മൗനപ്രാർത്ഥനക്ക് ശേഷം എ.പി വേണുഗോപാൽ ഏവർക്കും സ്വാഗതം പറയുകയും നാരായണീയ പാരായണം നടത്തുകയും ചെയ്തു.

അനുശോചനം: ഈ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞ എല്ലാ സമുദായാംഗങ്ങൾക്കും മറ്റു പ്രമുഖ വ്യക്തികൾക്കും പുറമേ പുൽവാമയിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്കും പ്രത്യാക്രമണത്തിൽ വീരമൃത്യു വരിച്ച സൈനീകർക്കും വേണ്ടി മൗന പ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

അനുമോദനം: SSLC, +2 (CBSE) എന്നിവയിൽ ഉന്നത വിജയം കൈവരിച്ചവരേയും രാജ്യത്തിന്റെ സുരക്ഷക്കായി പോരാടി വിജയിച്ച ഭാരത സൈനീകരേയും യോഗം അനുമോദിച്ചു.

ഒരു പ്രത്യേക ഭീകരതയാൽ ലോക സാമൂഹിക ഘടനയേ തന്നെ മാറ്റിമറിക്കാനായി പ്രവർത്തിക്കുന്ന ഈ സന്ദർഭത്തിൽ ഭാരതത്തിന്റെ സംസ്കാരം പൈതൃകം തുടങ്ങിയവ നിലനിൽപ്പിന്റെ ഭീഷണിയിലാണെന്ന സത്യം മനസ്സിലാക്കി ചെറിയ സമുദയമാണെങ്കിലും വലിയ ദർശന പാരമ്പര്യവും വിവേക വിചാരവും ഉള്ള നമ്മൾ ഉണർന്ന് ഉയർന്ന് പ്രവർത്തിക്കാൻ നമ്മുടെ സംഘടനയും കൂട്ടായ്മയും പരമാവുധി ഉപയോഗപ്പെടുത്തണമെന്നും അതിനാവട്ടെ നമ്മുടെ പ്രവർത്തനമെന്നുമുള്ള ആശയം അധ്യക്ഷൻ തന്റെ പ്രസംഗത്തിൽ മുന്നോട്ടുവച്ചു. ഇതുമായി ബന്ധപ്പെട്ട സജീവ ചർച്ചയുമുണ്ടായി.

കഴിഞ്ഞ മാസ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു. ട്രഷറർ ഏൽപ്പിച്ച സമാജത്തിന്റെയും സമാജമന്ദിരത്തിന്റെയും തുടങ്ങി എല്ല കണക്കുകളും സെക്രട്ടറി അവതരിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട സംശയങ്ങൾ കണക്കുകൾ ശരിയാക്കുവാൻ സഹായിച്ച എ.അജയകുമാർ വിശദമാക്കുകയും ചെയ്തു. റിപ്പോർട്ടും കണക്കും ചർച്ച ചെയ്ത് ബോധ്യപ്പെട്ട് യോഗം അംഗീകരിച്ചു.

സംഘടനാ ചർച്ചയിൽ ഇതുവരെയുള്ള വരിസംഖ്യ, തുളസീദളം, ട്രസ്റ്റ്, എന്നിവയുടെ കുടിശ്ശിക (2023-24, 2024-25) തീർത്ത് അടക്കുന്നതിന്നും 25-26 മുതൽ കിട്ടുന്ന സംഖ്യ കേന്ദ്രത്തിൽ ലിസ്റ്റ് പ്രകാരം അടക്കുന്നതിനും തീരുമാനമെടുത്തു. വാർഷിക പൊതുയോഗത്തിന് ശാഖയിൽ നിന്നും പരമാവുധി പേർ പങ്കെടുക്കുന്നതിന് തീരുമാനിച്ചു.

പുതിയ കാലഘട്ടത്തിൽ ജീവിതരീതിയും കുടുംബ ബന്ധങ്ങളും മറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണെന്നും അതുകൊണ്ടു തന്നെ നമ്മുടെ സമുദായ സംസ്കാരം നിലനിർത്തുന്നതിനും എല്ലാ സമൂഹത്തിനും യുവജനങ്ങൾക്കും വയോജനങ്ങൾക്കും എന്നു വേണ്ടാ ഏവർക്കും ഉപകാരപ്രദമാകുന്ന തരത്തിൽ ഒരു സമ്പൂർണ്ണ സാംസ്കാരിക (വെജിറ്റേറിയൻ) ഗ്രാമം ഉണ്ടാക്കുന്നതിനായി പരിശ്രമിക്കണമെന്ന അഭിപ്രായം സംഘടനാ ചർച്ചയിൽ ഉയർന്നുവന്നു. ഈ നിർദ്ദേശം കേന്ദ്രത്തിൽ അവതരിപ്പിക്കാനും കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രാവർത്തികമാക്കാനും വേണ്ടി പ്രവർത്തിക്കാൻ മുൻകൈ എടുക്കാൻ തീരുമാനിച്ചു. എല്ലാ പൊതു പരീക്ഷാ റിസൽട്ടും വന്നാൽ അവാർഡുകൾക്കുള്ള അപേക്ഷ സ്വീകരിക്കാനും തീരുമാനിച്ചു. അടുത്ത മാസയോഗം പെരിന്തൽമണ്ണ ഭാഗത്തോ മഞ്ചേരി ഭാഗത്തോ നടത്തുവാൻ സാധിക്കുമോ എന്ന് അന്വേഷിച്ച് വിവരം മുൻകൂട്ടി അറിയിക്കാമെന്നും തീരുമാനിച്ചു. എ. അജയകുമാറിന്റെ നിന്ദിപ്രകാശത്തോടെ യോഗം അവസാനിച്ചു.

## ഇരിഞ്ഞാലക്കുട

പിഷാരോടി സമാജം ഇരിങ്ങാലക്കുട ശാഖയുടെ 2025 മെയ് മാസത്തെ കുടുംബ യോഗം 20/5//25/ (ചൊവ്വാഴ്ച) ഉച്ചതിരിഞ്ഞ് 3.30 മണിക്ക് ഇരിങ്ങാലക്കുട കല്ലങ്കര പിഷാരത്ത് ശ്രീമതി മായാ സുന്ദരേശ്വരന്റെ വസതിയിൽവെച്ച് ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീമതി മായാ സുന്ദരേശ്വരൻ ഈശ്വര പ്രാർത്ഥന ചൊല്ലി. ശാഖയുടെ കമ്മിറ്റി മെംബർമാരെയും, വനിതാ വിങ്ങ് ഭാരവാഹികളെയും, കുടുംബാംഗങ്ങളെയും, ഗൃഹനാഥൻ ശ്രീ. സുന്ദരേശ്വരൻ സ്വാഗതം ചെയ്തു.

കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച സമുദായ അംഗങ്ങൾക്കും, നമ്മളെ വിട്ട് പിരിഞ്ഞ മറ്റുള്ളവർക്കും, പഹൽഗ്രാം ആക്രമണത്തിൽ അ

ന്തരിച്ചവർക്കും മൗനപ്രാർത്ഥനയോടെ യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷ ശ്രീമതി മായാ സുന്ദരേശ്വരൻ കഴിഞ്ഞ മാസക്കാലയളവിൽ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും, അവാർഡുകൾക്കും ശാഖയുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു.

അദ്ധ്യക്ഷ ഭാഷണത്തിൽ ഈ മാസം 25-ാം തിയ്യതി നടത്തുന്ന പിഷാരോടി സമാജം കേന്ദ്ര വാർഷികം ഭംഗിയായി നടത്തുവാൻ ശാഖ മെംബർമാരുടെയും, കുടുംബാംഗങ്ങളുടെയും, ബന്ധുമിത്രാദികളുടെയും, സുഹൃത്തുക്കളുടെയും സാന്നിദ്ധ്യവും, സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചു.

സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ മാസ യോഗ മിനിട്ട്സ് വായിച്ചതും, ട്രഷറർ അവതരിപ്പിച്ച വരവ് ചിലവ് കണക്കുകളും യോഗം പാസ്സാക്കി. സെക്രട്ടറി കേന്ദ്ര വാർഷികം ഭംഗിയായി നടത്തുവാൻ ഇതുവരെ ചെയ്ത കാര്യങ്ങൾ വിശദമായി യോഗത്തിൽ അവതരിപ്പിച്ചു. കൂട്ടായ ചർച്ചകൾക്കു ശേഷം ഇനി ചെയ്യേണ്ട ബാക്കി കാര്യങ്ങൾ വേഗത്തിൽ നടപ്പിൽ വരുത്തുവാൻ സെക്രട്ടറി, ട്രഷറർ, ചിഫ് കോർഡിനേറ്റർ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

പ്രോഗ്രാം കോർഡിനേറ്റർമാരായ ശ്രീമതി റാണി രാധാകൃഷ്ണനും മുരളി ബാലയും ഇതുവരെ ശാഖകളിൽ നിന്ന് കിട്ടിയ കൾച്ചറൽ പ്രോഗ്രാമിന്റെയും പങ്കെടുക്കുന്ന ആളുകളുടെ വിശദ വിവരങ്ങളും യോഗത്തിൽ പങ്കുവെച്ചു. 24/05/25 ശനിയാഴ്ച എല്ലാ കമ്മിറ്റി മെംബർമാരും മറ്റ് പ്രവർത്തകരും ഗായത്രി ഹാളിൽ ഉച്ചക്ക് 2.00 മണിക്ക് എത്തിചേരണമെന്നും വാർഷികത്തിന്റെ തുടർ പ്രവൃത്തികളിൽ പങ്കാളികളാകണമെന്നും, സെക്രട്ടറി യോഗത്തിൽ ആവശ്യപ്പെട്ടു. ക്ഷേമനിധി നടത്തി. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും, യോഗത്തിന് വേണ്ട സൗകര്യങ്ങൾ ചെയ്ത് തന്ന ശ്രീമതി മായാ സുന്ദരേശ്വരൻ കുടുംബത്തിനും മുരളി ബാല നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 6.30 മണിക്ക് പര്യവസാനിച്ചു.

## ചൊവ്വര

ചൊവ്വര ശാഖയുടെ 48-ാം വാർഷികം 04/05/25 ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് അങ്കമാലി രുഗ്മിണി ഓഡിറ്റോറിയത്തിൽ വെച്ച് പ്രസിഡന്റ് ശ്രീ. കെ. വേണുഗോപാലിന്റെ അധ്യക്ഷതയിൽ ശ്രീമതിമാർ പാർവതി ടി.പി., ഉഷ വി.പി. എന്നിവരുടെ ഈശ്വര പ്രാർത്ഥന, ശ്രീമതി തങ്കമണി വേണുഗോപാലിന്റെ നേതൃതത്തിലുള്ള നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. കഴിഞ്ഞ ഒരു കൊല്ലത്തിൽ നമ്മെ വിട്ടു പിരിഞ്ഞ സമുദായ അംഗങ്ങൾ മറ്റു മഹത് വ്യക്തികൾ എന്നിവരുടെ സ്മരണയിൽ യോഗം ഒരു മിനുട്ട് മൗനം പാലിച്ചു അവരെ അനുസ്മരിച്ചു.

ശ്രീ. കെ.പി. രവി യോഗത്തിൽ സന്നിഹിതരായ വിശിഷ്ട അതിഥികളായ പ്രശസ്ത നർത്തകി ശ്രീമതി സൗമ്യ ബാലഗോപാൽ, കുമാരി ആരതി സോമനാഥൻ (ഇരിഞ്ഞാലക്കുട), ശ്രീ. എം.പി. രാജൻ, ജയശ്രീ രാജൻ (തൃശൂർ) കൂടാതെ നമ്മുടെ ശാഖാ അംഗങ്ങളെയും യോഗത്തിലേക്കു സ്വാഗതം ചെയ്തു. അധ്യക്ഷ പ്രസംഗത്തിൽ ഇതു വരെയുള്ള ശാഖ പ്രവർത്തനങ്ങളെ പറ്റി വിലയിരുത്തുകയും വരും വർഷങ്ങളിൽ കൂടുതൽ ഊർജ്ജസ്വലമായി പ്രവർത്തിക്കണം എന്ന് പറയുകയും ചെയ്തു.

ശാഖയുടെ വാർഷിക റിപ്പോർട്ട്, കണക്കുകൾ എന്നിവ ശ്രീ. കെ.എൻ. വിജയൻ, വി.പി. മധു എന്നിവർ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. തുടർന്ന് ശ്രീമതി സൗമ്യ ബാലഗോപാൽ വാർഷിക സമ്മേളനം നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുകയും സഭയെ അഭിസംബോധന ചെയ്യുകയും ചെയ്തു. തുടർന്ന് 70 വയസ്സ് തികഞ്ഞവരെ അനുമോദിക്കുന്ന ചടങ്ങായിരുന്നു. ശ്രീമതിമാർ ശോഭന വിശ്വനാഥൻ, സി.കെ. രാജലക്ഷ്മി, ഇന്ദിര മണി, ചന്ദ്രിക ദാമോദര പിഷാരടി, രമണി ഉണ്ണികൃഷ്ണൻ എന്നിവരെ പ്രസിഡന്റും സൗമ്യ ബാലഗോപാലും ചേർന്ന് ആദരിച്ചു. ക്ഷേമനിധി നറുക്കെടുപ്പും നടത്തി. അടുത്ത രണ്ടു വർഷത്തെ ഭാരവാഹികളെയും തെരഞ്ഞെടുത്തു.

രക്ഷാധികാരി ശ്രീ.സി.കെ. ദാമോദരപിഷാരടി, പ്രസിഡന്റ് ശ്രീ.കെ.വേണുഗോപാൽ, വൈസ് പ്രസിഡന്റ് ശ്രീ.കെ.പി. രവി, സെക്രട്ടറി ശ്രീ.കെ.എൻ. വിജയൻ, ജോയിന്റ് സെക്രട്ടറി ശ്രീ.കെ. ഹരി, ഖജാൻജി ശ്രീ. വി.പി. മധു, കൂടാതെ കമ്മിറ്റി അംഗങ്ങൾ: 1) ഹരികൃഷ്ണൻ പിഷാരടി, 2) ദിവാകര പിഷാരടി, 3) സി. സേതുമാധവൻ, 4) ടി.പി. കൃഷ്ണകുമാർ, 5) റെനീഷ് (മേക്കാട്), 6) യദുകൃഷ്ണൻ, 7) അഖിൽ, 8) വേണുദാസ്, 9) സി.പി. ഉണ്ണികൃഷ്ണൻ, 10) കെ. അജിത്ത്കുമാർ (കുട്ടമശ്ശേരി).

ശ്രീ. കെ. ഹരിയുടെ നന്ദി പ്രകടനത്തോടെ വാർഷിക യോഗനടപടികൾ അവസാനിച്ചു.

തുടർന്ന് കലാപരിപാടികളുടെ ഉത്ഘാടനം

കുമാരി ആരതി സോമനാഥൻ നിർവഹിച്ചു. ശ്രീമതി തങ്കമണി വേണുഗോപാലിന്റെ നേതൃത്വത്തിൽ ഉള്ള ഗംഭീര തിരുവാതിര കളിയാണ് ആദ്യം അരങ്ങേറിയത്. തുടർന്ന് ശ്രീമതി സൗമ്യ ബാലഗോപാൽ, കുമാരി ആരതി സോമനാഥൻ എന്നിവരുടെ നൃത്ത പ്രകടനം കൊണ്ടു വാർഷിക സമ്മേളനം വർണ്ണാഭമായി. കൂടാതെ ശാഖ അംഗങ്ങളുടെ നൃത്തങ്ങളും ഗാനങ്ങളും കൊണ്ടു അരങ്ങു കൊഴുത്തു.രാത്രി പത്തു മണിയോടെ കലാപരിപാടികൾ അവസാനിച്ചു.

## തിരുവനന്തപുരം

തിരുവനന്തപുരം ശാഖയുടെ വാർഷിക പൊതുയോഗം മെയ് 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് തിരുവനന്തപുരം ഹോട്ടൽ സ്റ്റാച്യുവിലെ കെ.സി. പിള്ള ഹാളിൽ നടന്നു. ശ്രീമതി പത്മാവതി പിഷാരസ്യാരുടെ പ്രാർത്ഥനയോടെയാണ് യോഗം ആരംഭിച്ചത്. പഹൽഗാം കൂട്ടക്കൊലയും നമ്മുടെ പടിഞ്ഞാറൻ അതിർത്തിയിൽ അടുത്തിടെയുണ്ടായ സംഘർഷവും കണക്കിലെടുത്ത്, മരിച്ച സാധാരണക്കാരുടെയും സായുധ സേനാംഗങ്ങളുടെയും ഉൾപ്പെടെ നിരവധി പേരുടെ ഓർമ്മയ്ക്കായി ഒരു മിനിറ്റ് മൗനം ആചരിച്ചു.

ശ്രീ. ജഗദീഷ് പിഷാരടി അംഗങ്ങളെ വാർഷിക പൊതുയോഗത്തിലേക്ക് സ്വാഗതം ചെയ്തു, തുടർന്ന് ശ്രീ. എൻ. ഉണ്ണികൃഷ്ണൻ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ പി.പി. അനൂപ് 2024–25 വർഷത്തെ വാർഷിക കണക്കുകൾ അവതരിപ്പിച്ചു. മെയ് 25 ന് നടക്കുന്ന കേന്ദ്രവാർഷികത്തിനായി കൂപ്പണുകൾ വിറ്റുകൊണ്ട് 7500 രൂപ സമാഹരിച്ചതായും അംഗങ്ങളെ അറിയിച്ചു; തുക ഇരിഞ്ഞാലക്കുട ശാഖയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി.

കേന്ദ്ര പ്രതിനിധി സഭയിൽ പങ്കെടുത്ത ശ്രീമതി അംബിക വി., ശ്രീ. മുരളീധരൻ പി.പി. എന്നിവർ പുതിയ കേന്ദ്ര കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ച് അംഗങ്ങളെ അറിയിച്ചു. തുടർന്ന് ഇതിനെക്കുറിച്ചുള്ള ഒരു ചർച്ച നടന്നു, അതിൽ അംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. തുടർന്ന് നമ്മുടെ ശാഖയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. രണ്ടാമത്തെ ചെറുമകന്റെ ജനനത്തിന്റെ സന്തോഷം ശ്രീമതി രമാദേവി പിഷാരസ്സിയാർ പങ്കുവെച്ചു. തുടർന്ന് ശ്രീമതി പത്മാവതിപിഷാരസ്യാരും ശ്രീമതി സത്യഭാമയും ഭക്തിഗാനങ്ങൾ ആലപിച്ച ഒരു സാംസ്കാരിക പരിപാടി നടന്നു. ശ്രീ. ഉണ്ണികൃഷ്ണനും ഒരു സ്തോത്രം ആലപിച്ചു. നമ്മുടെ ശാഖയുടെ അടുത്ത കുടുംബസംഗമം ജൂൺ 22 ന് നടക്കും, ശ്രീമതി അംബികയും ഡോ. സേതുമാധവനും ആതിഥേയത്വം വഹിക്കും. ശ്രീ. മംഗളനാഥ പിഷാരടിയുടെ നന്ദി പ്രകാശനത്തോടെ വാർഷിക പൊതുയോഗം അവസാനിച്ചു, തുടർന്ന് ചായയും ലഘുഭക്ഷണവും നൽകി.

## തൃശൂർ

തൃശൂർ ശാഖയുടെ വാർഷിക പൊതുയോഗം 18/05/2025ന് കിഴക്കുമ്പാട്ടുകര ശ്രീ. ജി.ആർ. ഗോവിന്ദിന്റെ വസതി രാഗസുധയിൽ വെച്ച് പ്രസിഡന്റ് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ശ്രീ. ജി.ആർ. ഗോവിന്ദിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. ശ്രീമതി ഉഷ ചന്ദ്രന്റെ നേതൃത്വത്തിൽ നാരായണീയം 12–ാം ദശകം എല്ലാവരും ചേർന്ന് ചൊല്ലി. തിപ്പിലിശ്ശേരി രാധാമണി പിഷാരസ്യാർ അടക്കം ഇക്കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ച എല്ലാവരുടെയും സ്മരണകളിൽ മൗന പ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിച്ചു.

അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീ. വിനോദ് കൃഷ്ണൻ ഈ ഭരണസമിതി കാലയളവിലെ പ്രവർത്തന നേട്ടങ്ങളെ പറ്റി വിശദീകരിച്ചു. ചാരിറ്റി പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിങ്ങനെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഓണാഘോഷങ്ങൾ, വാർഷികങ്ങൾ എല്ലാം പ്രത്യേകം ശ്രദ്ധേയമായിരുന്നു. വരിസംഖ്യ പിരിവും മികച്ച രീതിയിൽ നടത്താൻ സാധിച്ചു. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണങ്ങൾ കൊണ്ട് മാത്രമാണ് ഭരണസമിതിക്ക് ഈ നേട്ടം കൈ വരിക്കാൻ സാധിച്ചത്. എല്ലാവർക്കും നന്ദി പറയുന്നു. ഇനി വരുന്ന പുതിയ ഭരണ സമിതിക്ക് എല്ലാവിധ ആശംസകളും നേരുന്നു എന്നും ശ്രീ. വിനോദ് കൃഷ്ണൻ പറഞ്ഞു. കഴിഞ്ഞ മാസത്തേയും വർഷത്തെയും റിപ്പോർട്ടുകളും കണക്കുകളും സെക്രട്ടറി ശ്രീ. എ. പി. ജയദേവനും ട്രഷറർ ശ്രീ. ആർ.പി. രഘുനന്ദനനും അവതരിപ്പിച്ചത് കയ്യടികളോടെ പാസ്സാക്കി. തുടർന്ന് വൈസ് പ്രസിഡന്റ് ശ്രീ. എ. രാമചന്ദ്ര പിഷാരോടി മേയ് 25ന് ഇരിഞ്ഞാലക്കുടയിൽ വെച്ച് നടക്കുന്ന കേന്ദ്ര വാർഷികത്തിനു നമ്മുടെ ശാഖയിൽ നിന്ന് പരമാവധി അംഗങ്ങൾ പങ്കെടുക്കണം എന്നഭ്യർഥിച്ചു.

ഇനിയും സംഭാവനകൾ കൊടുക്കാൻ ആരെങ്കിലും ഉണ്ടെങ്കിൽ അവ നൽകി സഹകരിക്കണം. ഇക്കഴിഞ്ഞ എസ്എസ്എൽസി പരീക്ഷയിൽ മുഴുവൻ എ പ്ലസ് നേടിയ ഗോവിന്ദ് ഹരികൃഷ്

ണൻ, സിബിഎസ്ഇ 10th പരീക്ഷയിൽ ഉന്നത വിജയം നേടിയ കൈലാസ് കൃഷ്ണൻ (96.6% മാർക്ക്), സിബിഎസ്ഇ +2 പരീക്ഷയിൽ മീനാക്ഷി അനിൽ (96.6% മാർക്ക്), ശ്രീകാന്ത് എസ് പിഷാരോടി (92% മാർക്ക്), എംബിബിഎസ് പരീക്ഷയിൽ മാനസി കിഷോർ എന്നിവരെയെല്ലാം അഭിനന്ദിച്ചു.

ജനറൽ സെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ ആസ്ഥാനമന്ദിരത്തിൽ വെച്ചു നടന്ന പ്രതിനിധി സഭാ യോഗ വിവരങ്ങൾ വിശദീകരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സർവ്വ ശ്രീ. കെ. പി. ഹരികൃഷ്ണൻ, കെ.പി. ബാലകൃഷ്ണ പിഷാരോടി, ആർ.പി. രഘുനന്ദനൻ, സി.പി. നാരായണ പിഷാരോടി, കെ.പി. വിനോദ് കുമാർ, ടി.പി. ഗോപി, എ.പി. ഗോപി, ഗോപൻ പഴുവിൽ എന്നിവർ പങ്കെടുത്തു. അതിനു ശേഷം പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്തു.

**പുതിയ ഭരണ സമിതി**

പ്രസിഡന്റ്: ശ്രീ. വിനോദ് കൃഷ്ണൻ, വൈസ് പ്രസിഡന്റ്: ശ്രീ. എ. രാമചന്ദ്ര പിഷാരോടി, സെക്രട്ടറി: ശ്രീ. എ.പി. ജയദേവൻ, ജോയിന്റ് സെക്രട്ടറി: കൃഷ്ണകുമാർ ബി. വെളപ്പായ, ട്രഷറർ: ശ്രീ.കെ.പി. വിനോദ്.

കമ്മിറ്റി അംഗങ്ങൾ : സർവ്വശ്രീ സി.പി. അച്യുതൻ, കെ.പി. ഗോപകുമാർ, കെ.പി. ഹരികൃഷ്ണൻ, ആർ.പി. രഘുനന്ദനൻ, എ.പി. ഗോപി, സുരേഷ് പൂത്തോൾ, സേതുമാധവൻ ടി.പി., ഗോപൻ പഴുവിൽ, ശ്രീമതി അനിത ഹരികൃഷ്ണൻ, ശ്രീമതി ജയ ഗോപകുമാർ, ശ്രീമതി രാജലക്ഷ്മി രഘുനന്ദനൻ, ശ്രീമതി ഉഷ ചന്ദ്രൻ.

തുടർന്ന് വല്ലച്ചിറ ട്രസ്റ്റിന്റെ യോഗം നടന്നു. ട്രസ്റ്റിന്റെ കീഴിൽ ഉള്ള വല്ലച്ചിറയിൽ ഉള്ള ഭൂമിയെ പറ്റി എത്രയും വേഗം തീരുമാനമെടുക്കണമെന്ന് ശ്രീ. എ. രാമചന്ദ്ര പിഷാരോടി പറഞ്ഞു. അവിടെ കാട് മൂടിയതിനാൽ പരാതികൾ വന്നെന്നും ഇപ്പോൾ വൃത്തിയാക്കിയിട്ടുണ്ടെന്നും അറിയിച്ചു. വല്ലച്ചിറ കുടുംബവുമായി ആലോചിച്ച് അവിടെയുള്ള സ്ഥലം വിറ്റ് കൊച്ചുകുട്ടി പിഷാരസ്യാർ സ്മാരകം എന്ന നിലയിൽ തൃശൂരിൽ സ്ഥലം വാങ്ങുന്നതിനെ പറ്റി ചിന്തിക്കാവുന്നതാണ് എന്നും അദ്ദേഹം പറഞ്ഞു.

ശ്രീ. സുരേഷ് പൂത്തോൾ നന്ദി പറഞ്ഞതോടെ യോഗം 5.30ന് അവസാനിച്ചു. അടുത്ത മാസത്തെ യോഗം 2025 ജൂൺ 15 ഞായറാഴ്ച്ച വൈകീട്ട് 4ന് തൃശൂർ ഷൊർണ്ണൂർ റോഡിൽ ശ്രീമതി രത്നം ശ്രീകുമാറിന്റെ ഭവനമായ ചിത്രശാലയിൽ വെച്ച് നടത്തുന്നതാണ്. എല്ലാവരും പങ്കെടുക്കണം എന്നഭ്യർത്ഥിക്കുന്നു. അഡ്രസ്സ്: ശ്രീമതി രത്നം ശ്രീകുമാർ, 'ചിത്രശാല', നായ്ക്കനാലിനു സമീപം, ഷൊർണ്ണൂർ റോഡ്, തൃശൂർ. മൊബൈൽ: 9447828529

## പാലക്കാട്

പാലക്കാട് ശാഖയുടെ മെയ് മാസയോഗം 18/05/2025ന് ഓൺലൈൻ (ഗൂഗിൾ മീറ്റിലൂടെ) ആയി നടത്തുകയുണ്ടായി. സെക്രട്ടറിയുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം 11 മണിക്ക് ആരംഭിച്ചു. യോഗത്തിന് എത്തിച്ചേർന്ന ഏവരെയും സെക്രട്ടറി സ്വാഗതം ചെയ്തു. കഴിഞ്ഞ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞു പോയവരുടെ ആത്മാക്കളുടെ നിത്യശാന്തിക്കായി യോഗം മൗനപ്രാർത്ഥന നടത്തി. കാശ്മീരിലെ പേഹല്ഗാം എന്ന സ്ഥലത്ത് നടന്ന ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട സഹോദരങ്ങൾക്കും, തുടർന്നുണ്ടായ സംഭവങ്ങളിൽ രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിക്കപ്പെടേണ്ടി വന്ന പാവപ്പെട്ട ജനങ്ങൾക്ക് വേണ്ടിയും പ്രത്യേകം അനുശോചനം രേഖപ്പെടുത്തി. പ്രസിഡണ്ട് സതീഷ്കുമാർ യോഗത്തിൽ എത്തിച്ചേർന്നവരെ അഭിസംബോധന ചെയ്തു. പാലക്കാട് ശാഖയിൽ നിന്നും കേന്ദ്ര വാർഷികത്തിന് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനെക്കുറിച്ചും ശാഖയിൽ നിന്നും എത്ര അംഗങ്ങൾ വാർഷികത്തിന് പങ്കെടുക്കുന്നുണ്ടെന്നും വിശദമായി ചർച്ച നടത്തി. സെക്രട്ടറി ശാഖയുടെ പ്രവർത്തനങ്ങൾ വിവരിച്ച് വാർഷികത്തിന് ശാഖയിൽ നിന്നും ഒരു ഭരതനാട്യം അവതരിപ്പിക്കുന്നുണ്ട് എന്നും പറയുകയുണ്ടായി. തിരുവാതിര അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് മാറ്റിവയ്ക്കേണ്ടി വന്നതായി അറിയിക്കുകയും ചെയ്തു. വേനൽക്കാല ചൂടിന് അല്പ ശമനം വന്നതിനാൽ ജൂൺ മാസ യോഗം ശ്രീ. എ.പി. ഉണ്ണികൃഷ്ണപിഷാരടിയുടെ (രക്ഷാധികാരി) ഭവനത്തിൽ വച്ച് നടത്താമെന്ന് തീരുമാനിച്ചു. അംഗങ്ങൾ സജീവമായി ചർച്ചകളിൽ പങ്കെടുത്തു. ശാഖയുടെ 2025-26 വർഷത്തെ അംഗത്വ ഫീസ് മെമ്പർമാർ ബാങ്കിലേക്ക് അയക്കുവാൻ ആയി സെക്രട്ടറി അഭ്യർത്ഥിച്ചു. മെയ് മാസത്തിലെ ക്ഷേമനിധി നടത്തി. സെക്രട്ടറിയുടെ നന്ദി പ്രകടനത്തോടെ യോഗം 12 മണിക്ക് മംഗളം പര്യാവസാനിച്ചു.

## കോങ്ങാട്

ശാഖയുടെ മെയ് മാസത്തെ യോഗം 29-05-25ന് രാവിലെ പത്ത് മണിക്ക് പ്രസിഡന്റ് ശ്രീ. പ്രഭാകര പിഷാരോടിയുടെ അധ്യക്ഷതയിൽ

ചേർന്നു. ശ്രീ. അച്ചുണ്ണി പിഷാരോടി പ്രാർത്ഥനയും ശ്രീ. എം.പി. ഹരിദാസൻ പുരാണ പാരായണവും നിർവഹിച്ചു. ശ്രീ. കെ.പി. ഗോവിന്ദൻ സ്വാഗതം ആശംസിച്ചു.

പ്രസിഡന്റിന്റെ ഉപക്രമ പ്രസംഗത്തിൽ 10, 12 ക്ലാസുകളിൽ മികച്ച വിജയം കരസ്ഥമാക്കിയ നമ്മുടെ ശാഖയിൽ നിന്നുള്ള വിദ്യാർത്ഥികളെ അനുമോദിച്ചു. ത്രിവിക്രമപുരത്ത് പിഷാരത്ത് സുധ പിഷാരസ്യാരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. പരേതയുടെ ആത്മാവിന്റെ നിത്യ ശാന്തിക്കായി ഒരു മിനിറ്റ് മൗനാചരണം നടത്തി.

തുടർന്ന് തൃശൂരിൽ നടന്ന പ്രവർത്തക സമിതി യോഗത്തെ പറ്റിയും ഇരിങ്ങാലക്കുടയിൽ നടന്ന കേന്ദ്ര വാർഷികത്തെ സംബന്ധിച്ചും വിശദീകരിച്ചു. പുതിയ ഭരണസമിതി കേന്ദ്രത്തിൽ അധികാരം ഏറ്റെടുത്ത വിവരം എല്ലാവരെയും അറിയിച്ചു. അടുത്ത മാസത്തെ യോഗം ജൂൺ 21നു ശേഷം സമാജം ഹാളിൽ വെച്ച് ചേരാമെന്നും വർഷികത്തിന്റെ കാര്യങ്ങൾ വിശദമായി ചർച്ച ആവാമെന്നും തീരുമാനിച്ചു. സെക്രട്ടറി കഴിഞ്ഞ മാസത്തെ റിപ്പോർട്ട് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. ശ്രീ. ചന്ദ്രശേഖരന്റെ അസാന്നിധ്യത്തിൽ വരവ്ചിലവ് കണക്കുകൾ അടുത്ത മാസത്തെ യോഗത്തിൽ അവതരിപ്പിക്കുമെന്ന് അറിയിച്ചു. ശ്രീ. കെ.പി. ഗോപാലപിഷാരോടി (അനിയമ്മാൻ) യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. യോഗം പതിനൊന്നു മണിയോടെ സമാപിച്ചു.

## കൊടകര

ശാഖയുടെ മെയ് മാസത്തെ യോഗം 18-05-2025 ന് ആളൂർ ചെങ്ങാനിക്കാട് പിഷാരത്ത് ശാന്താ ഹരിഹരന്റെ ഭവനത്തിൽ വച്ച് നടന്നു. 3 മണിക്കു യോഗം ആരംഭിച്ചു. സീതാ നാരായണന്റെ ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. കഴിഞ്ഞ മാസക്കാലയളവിൽ നമ്മളെ വിട്ടുപിരിഞ്ഞ വരന്തരപ്പള്ളി തൃക്കയ്യിൽ പിഷാരത്ത് ടി.ജി. ഗോവിന്ദൻ, മറ്റു സമാജാംഗങ്ങൾക്കായി മൗനം ആചരിച്ചു. ഗൃഹനാഥ ശാന്ത ഹരിഹരൻ യോഗത്തിന് എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡണ്ട് ഉഷാ ശ്രീധരൻ അധ്യക്ഷത വഹിച്ച് സംസാരിച്ചു. കേന്ദ്ര വാർഷികം, കേന്ദ്രത്തിലേക്ക് നടന്ന പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് എന്നീ വിഷയങ്ങളെപ്പറ്റി വിശദമായി തന്നെ സംസാരിച്ചു. രമ്യ രാധാകൃഷ്ണൻ അവതരിപ്പിച്ച ഏപ്രിൽ മാസത്തെ റിപ്പോർട്ടും, എം.പി. വിജയൻ അവതരിപ്പിച്ച കണക്കുകളും യോഗം അംഗീകരിച്ചു.

കൊടകര ശാഖയിൽ നിന്നും കേന്ദ്ര വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്ത സി.പി. രാമചന്ദ്ര പിഷാരോടി, ഗുരുവായൂർ ഗസ്റ്റ് ഹൗസ് വൈസ് പ്രസിഡന്റായി തിരഞ്ഞെടുത്ത രാജൻ സിത്താര, തുളസീദളം അസ്സിസ്റ്റന്റ് മാനേജറായി തിരഞ്ഞെടുത്ത ടി.പി. രാമചന്ദ്രൻ എന്നിവരെ യോഗം അനുമോദിച്ചു. അതിനുശേഷം നടന്ന ചർച്ചകളിൽ അംഗങ്ങൾ എല്ലാം തന്നെ സജീവമായി പങ്കെടുത്തു. മെയ് 25ന് ഇരിങ്ങാലക്കുടയിൽ നടക്കുന്ന 2025 ലെ കേന്ദ്ര വാർഷികത്തിന് കൊടകര ശാഖയിൽ നിന്ന് പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കണമെന്ന് തീരുമാനമെടുത്തു. കൊടകര ശാഖയുടെ വരിസംഖ്യവർധിപ്പിച്ചതിനാൽ ഓണാഘോഷം വാർഷികം എന്നീ പരിപാടികൾക്ക് സംഭാവന നിർബന്ധമല്ലാതാക്കുകയും സമാജത്തിന്റെ മറ്റു പ്രവർത്തനങ്ങൾക്ക് സംഭാവന പിരിക്കാം എന്ന് യോഗം ചർച്ച ചെയ്യുകയും അത് അംഗീകരിക്കുകയും ചെയ്തു.

ജൂൺ മാസത്തെയോഗം വരന്തരപ്പിള്ളി ടി. ആർ. ജയന്റെ വസതിയിൽ വച്ച് ചേരുവാൻ തീരുമാനിച്ചു. സി.പി. രാമചന്ദ്രപിഷാരോടി യോഗത്തിന് എത്തിച്ചേർന്നവർക്കും യോഗം നടത്തുവാൻ സൗകര്യമൊരുക്കിത്തന്ന ശാന്താ ഹരിഹരനും കുടുംബത്തിനും പ്രത്യേകം നന്ദി പറയുകയും ചെയ്തു. കൂട്ടായ്മയുടെ പ്രതീകമായ ഫോട്ടോ സെക്ഷന് ശേഷം കൃത്യം 4.15ന് യോഗം അവസാനിച്ചു.

## ആലത്തൂർ

ശാഖയുടെ 27-ാമത് വാർഷികയോഗം 10-05-2025 ശനിയാഴ്ച കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്ത് വെച്ച് നടന്നു. 32-ഓളം മെമ്പർമാർ പങ്കെടുത്തു. ശ്രീമതി പ്രസീദ ഗോപന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ശ്രീമതി സുനന്ദ ആനന്ദ്, സുമ ജ്യോതിഷ്, രതി ചന്ദ്രൻ എന്നിവർ ചേർന്ന് നാരായണീയം പാരായണം ചെയ്തു.

എക്സിക്യൂട്ടീവ് മെമ്പർ ശ്രീ. സി.പി. മധു, കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ഹരികൃഷ്ണൻ പിഷാരടിയേയും, മുംബൈ ശാഖാ പ്രതിനിധി ശ്രീ. മോഹനൻ പിഷാരടിയേയും, ദേവി മോഹനൻ എന്നിവരെയും, ശാഖാ മെമ്പർമാരെയും ഹാർദ്ദവമായി സ്വാഗതം ചെയ്തു. ശാഖയിൽ നിന്നും നമ്മെ വിട്ടുപിരിഞ്ഞ കുത്തനൂർ വേശപ്പിഷാരസ്യാർ, തോലനൂർ ശാന്ത പിഷാരസ്യാർ, ശാഖാ പ്രസിഡണ്ട് ശ്രീ. ശശിധരന്റെ മാതാവ് ശ്രീമതി

ഇന്ദിര പിഷാരസ്യാർ, പല്ലാവൂർ എന്നിവരുടെ ആത്മശാന്തിക്കായി ഒരു മിനിട്ട് മൗനം പാലിച്ചു കൊണ്ട് അനുശോചനം രേഖപ്പെടുത്തി.

ശാഖാ പ്രസിഡണ്ട് പല്ലാവൂർ ശ്രീ. ശശിധരൻ അദ്ധ്യക്ഷപ്രസംഗം നടത്തി. ശാഖാ വാർഷിക യോഗം പിഷാരടി സമാജം കേന്ദ്ര സെക്രട്ടറി ശ്രീ. ഹരികൃഷ്ണപിഷാരടി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ കുത്തനൂർ ദക്ഷിണാമൂർത്തി പിഷാരത്തെക്കുറിച്ചും ആലത്തൂർ ശാഖയുടെ പ്രവർത്തനങ്ങളെക്കുറിച്ചും കേന്ദ്ര വാർഷികത്തെക്കുറിച്ചും വിവരിച്ചു. ശാഖാ രക്ഷാധികാരി ശ്രീ. അച്യുക്കുട്ടി പിഷാരോടി മുഖ്യ പ്രഭാഷണം നടത്തി. ശാഖാ സെക്രട്ടറി ശ്രീ. ആനന്ദ്കുമാർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ശ്രീ. കാട്ടുശ്ശേരി അച്യുതൻകുട്ടി പിഷാരോടി ശാഖയുടെ വരവ്-ചെലവ് കണക്കുകൾ കൃത്യമായി അംഗങ്ങളെ ബോധിപ്പിച്ചു. അംഗങ്ങൾ കയ്യടിച്ച് പാസ്സാക്കി.

ശേഷം ശ്രീ. അച്യുതൻകുട്ടി പിഷാരോടി കാട്ടുശ്ശേരി, ശ്രീ. രാധാകൃഷ്ണൻ പിഷാരോടി കൊല്ലങ്കോട്, ശ്രീ. രാഘവപിഷാരോടി പല്ലാവൂർ, ശ്രീ. വിശ്വംഭരൻ പിഷാരോടി (മോഹനൻ) മുംബൈ ശാഖാ മെമ്പർ, ശ്രീമതി പ്രസീദ ഗോപൻ പയ്യലൂർ, ശ്രീ. ശശിധരൻ പല്ലാവൂർ എന്നിവരെല്ലാം ശാഖക്ക് ആശംസകൾ നേർന്നു. തുടർന്ന് രതി ചന്ദ്രൻ നെന്മാറ നന്ദി രേഖപ്പെടുത്തി.

തുടർന്ന് ശാഖയിലേക്ക് പുതിയ ഭാരവാഹികളെ ഏകപക്ഷീയമായി തിരഞ്ഞെടുത്തു.

രക്ഷാധികാരി-ശ്രീ. അച്ചുക്കുട്ടി പിഷാരോടി, കുനിശ്ശേരി. പ്രസിഡണ്ട്-ശ്രീമതി സുനനന്ദ ആനന്ദ്, പയ്യലൂർ, വൈസ് പ്രസിഡണ്ട്-ശ്രീമതി രതി ചന്ദ്രൻ, നെന്മാറ, സെക്രട്ടറി-ശ്രീമതി ശ്രീദേവി മധു, കുഴൽമന്ദം, ജോ. സെക്രട്ടറി-ശ്രീമതി ഓമന രാഘവൻ കുത്തനൂർ, ട്രഷറർ-ശ്രീമതി സുമ ജ്യോതിഷ് കുഴൽമന്ദം. എക്സിക്യൂട്ടീവ് മെമ്പർമാർ: ശ്രീ അച്യുതൻകുട്ടി പിഷാരോടി ആലത്തൂർ, ശ്രീ. രമേഷ് പല്ലാവൂർ, ശ്രീ. വിജയൻ പിഷാരോടി മഞ്ഞളൂർ, ശ്രീമതി പ്രസീദ ഗോപൻ പയ്യലൂർ, ശ്രീമതി സരസ്വതി ശശിധരൻ പല്ലാവൂർ, ശ്രീ. മുരളി പിഷാരോടി കാവശ്ശേരി.

ശാഖാ മെമ്പറായ ശ്രീമതി പാർവ്വതി പിഷാരസ്യാർക്ക് കേന്ദ്ര പെൻഷൻ അനുവദിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ഹരികൃഷ്ണപിഷാരോടി അംഗങ്ങളുടെ സമ്മതത്തോടെ കൈപ്പറ്റി. കേന്ദ്ര പ്രതിനിധികളായി ശ്രീ. ആനന്ദ്കുമാർ പയ്യലൂർ, ശ്രീ.സി.പി. മധു കുഴൽമന്ദം, ശ്രീമതി പ്രസീദ ഗോപൻ പയ്യലൂർ എന്നിവരെയും, ഓഡിറ്റർ ആയി ശ്രീ. അച്യുതൻകുട്ടി പിഷാരോടി കാട്ടുശ്ശേരിയേയും തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികളെ ശാഖാ മെമ്പർമാർ കയ്യടിച്ചു കൊണ്ട് സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. വിപുലമായ ഉച്ചഭക്ഷണത്തോടെ യോഗം പര്യവസാനിച്ചു.

## മുംബൈ

മുംബൈ ശാഖയുടെ 450-ാമത് ഭരണസമിതി യോഗം 11-05-2025 ഞായറാഴ്ച രാവിലെ 10.30 ന് ശ്രീ. പി. വിജയന്റെ മരോളിലുള്ള വസതിയിൽ ചേർന്നു. പ്രസിഡണ്ട് ശ്രീ. രഘുപതി അദ്ധ്യക്ഷനായ യോഗം മാസ്റ്റർ സത്യജിത്തിന്റെ ഈശ്വര പ്രാർത്ഥനയോടെ തുടങ്ങി. കഴിഞ്ഞ യോഗത്തിനു ശേഷം അന്തരിച്ച സമുദായാംഗങ്ങളുടെ പേരിലും പഹൽഗാമിലെ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപെട്ടവർക്കു വേണ്ടിയും അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി അവതരിപ്പിച്ച മുൻ യോഗ റിപ്പോർട്ട്, ഖജാൻജി അവതരിപ്പിച്ച, കഴിഞ്ഞ യോഗത്തിനു ശേഷമുള്ള വരവ് ചിലവുകണക്കുകൾ എന്നിവ യോഗം അംഗീകരിച്ചു.

ശാഖയുടെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കണക്കുകൾ (ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ്) എന്നിവ യോഗം വിശദമായി ചർച്ച ചെയ്യുകയും ഇന്റേണൽ ഓഡിറ്റർ, സ്റ്റാട്യൂട്ടറി ഓഡിറ്റർ എന്നിവർക്ക് പരിശോധനക്കായി അയച്ചു കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ശ്രീ. എൻ.എൻ. പിഷാരടിയുടെയും ശ്രീമതി സുപ്രിയ പിഷാരടിയുടെയും ആജീവനാംഗത്വം ചൊവ്വര ശാഖയിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ ലഭിച്ചതായി സെക്രട്ടറി അറിയിച്ചു. യോഗം അത് ചർച്ച ചെയ്യുകയും ചൊവ്വര ശാഖയെയും കേന്ദ്രത്തേയും അറിയിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ചികിത്സാ സഹായത്തിനായി ഒരു അംഗത്തിൽ നിന്നും ലഭിച്ച കത്ത് യോഗം ചർച്ച ചെയ്തു. ശാഖാ പരിമിതിയിൽ ചെയ്യാവുന്ന ഒരു തുക നൽകുവാൻ തീരുമാനിച്ചു. ഇക്കഴിഞ്ഞ കേന്ദ്ര പ്രതിനിധി സഭാ യോഗത്തിൽ മുബൈ ശാഖയെ പ്രതിനിധീകരിച്ച് സെക്രട്ടറി അടക്കം 6 അംഗങ്ങൾ പങ്കെടുത്തു ചർച്ച ചെയ്തു. അടുത്ത യോഗം ജൂൺ 22 ഞായറാഴ്ച മുളുണ്ടിലുള്ള ശ്രീ. രഘുപതിയുടെ ഭവനത്തിൽ വെച്ച് കൂടുവാൻ തീരുമാനിച്ച് ജോ. സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം ഉച്ചക്ക് 2.30ന്നു സമാപിച്ചു.

# ആദരാഞ്ജലികൾ

**സരോജിനി**

ഇരിഞ്ഞാലക്കുട വടക്കേ പിഷാരത്ത് സരോജിനി (80) അന്തരിച്ചു. ഭർത്താവ് പരേതനായ തൃപ്പേക്കുളത്ത് വാര്യത്ത് അനിയൻ വാര്യർ.

**രാധാകൃഷ്ണൻ**

തൃക്കൂർ പിഷാരത്ത് രാധാകൃഷ്ണൻ (റിട്ട. ഗോഡ്ഫ്രേ ഫിലിപ്സ്-67) 20-05-2025ന് നിര്യാതനായി. ഭാര്യ കുത്തന്നൂർ പടിഞ്ഞാത്തറ പിഷാരത്ത് രുഗ്മിണി ദേവി. മക്കൾ: രഞ്ജിനി, രോഹിത്. മരുമകൻ: കൃഷ്ണ പ്രസാദ്. പേരക്കുട്ടികൾ ധ്രുവ്, ദിയ. സഹോദരങ്ങൾ: രാധ, നന്ദൻ, പരേതയായ സതി, ചന്ദ്രൻ.

**രാധാമണി**

തിപ്പിലശ്ശേരി പിഷാരത്ത് രാധാമണി (70) 17-05-2025ന് തൃശൂർ ചെമ്പൂക്കാവ് ആനായത്ത് പിഷാരത്ത് അന്തരിച്ചു. ഭർത്താവ് ആനായത്ത് പിഷാരത്ത് വേണുഗോപാൽ. മക്കൾ ധന്യ (ആസ്ട്രേലിയ), ധനേഷ് (ബാംഗ്ലൂർ). മരുമക്കൾ അനൂപ്, ധന്യ.

**സുധ**

കല്ലുവഴി ത്രിവിക്രമപുരത്ത് പിഷാരത്ത് സുധ (66) 09-05-2025ന് അന്തരിച്ചു. പരേതരായ മുളകുന്നത്ത് കാവ് പിഷാരത്ത് രാമപിഷാരോടിയുടെയും ത്രിവിക്രമപുരത്ത് പിഷാരത്ത് മാധവി (അമ്മു) യുടെയും മകൾ. ഭർത്താവ് എടനാട് പിഷാരത്ത് ദാമോദരൻ പിഷാരോടി. മകൻ അജിത് (ചെന്നൈ), മരുമകൾ അമൃത അജിത്.

**അമ്മിണി പിഷാരസ്യാർ**

കുളപ്പുള്ളി തെക്കേപ്പാട്ട് പിഷാരത്ത് അമ്മിണി പിഷാരസ്യാർ (95) 05-04-2025 ന് നിര്യാതയായി. ഭർത്താവ് പഴയന്നൂർ വടക്കൂട്ട് പിഷാരത്ത് പരേതനായ അച്യുത പിഷാരോടി. മക്കൾ: ടി.പി. രാജേന്ദ്രൻ, പരേതനായ മോഹനൻ, ജയദേവൻ. മരുമക്കൾ: വൃന്ദ, ബിന്ദു, ജയഗീത. (കഴിഞ്ഞ ലക്കം പ്രസിദ്ധീകരിച്ചപ്പോൾ മകൻ രാജേന്ദ്രന്റെ പേര് വിട്ടുപോയതിൽ ഖേദിക്കുന്നു - എഡിറ്റർ).

**ഇന്ദിര പിഷാരസ്യാർ**

ഊരമന പടിഞ്ഞാറെ മഠത്തിൽ ഇന്ദിര പിഷാരസ്യാർ (78) 01-06-2025ന് ചൊവ്വരയിൽ നിര്യാതയായി. ഭർത്താവ് മണികണ്ഠപുരത്ത് പിഷാരത്ത് പരേതനായ എം.എൻ. നാരായണ പിഷാരോടി. മക്കൾ: അജിത്കുമാർ, സന്തോഷ് കുമാർ, ഹേമ. മരുമക്കൾ അജിത, കവിത, രാജൻ.

**ദാമോദര പിഷാരോടി**

ചൊവ്വര ശാഖ രക്ഷാധികാരി പാറക്കടവ് ചെങ്ങാനത്ത് പറമ്പിൽ വടക്കേ പിഷാരത്ത് സി.കെ. ദാമോദര പിഷാരോടി (83) 26-05-2025ന് അന്തരിച്ചു. ഭാര്യ പൂവത്തൂർ പിഷാരത്ത് ചന്ദ്രിക. മക്കൾ ശ്രീജിത്ത്, ശ്രീജ. മരുമക്കൾ സുമ, ഉണ്ണികൃഷ്ണൻ.

**രാജലക്ഷ്മി**

കുനിശ്ശേരി പൂക്കുളങ്ങര പിഷാരത്ത് രാജലക്ഷ്മി (75) 02-06-2025ന് നിര്യാതയായി. ഭർത്താവ്: മുക്കാട്ടുകര പിഷാരത്ത് പരേതനായ കരുണാകര പിഷാരോടി. മകൻ: വിനോദ്കൃഷ്ണൻ, സഹോദരങ്ങൾ: പരേതനായ രവി പിഷാരോടി, ഓമന പിഷാരസ്യാർ, പരേതനായ ശശി, പരേതനായ ചെന്താമരക്കണ്ണൻ, കരുണാകരൻ, ലീലാവതി, പ്രഭാകരൻ, മുരളീധരൻ, ഗീത.


*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

## വരിക്കാരുടെയും വായനക്കാരുടെയും ശ്രദ്ധക്ക്

ഓഫീസ് മേൽവിലാസം: പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ, അയ്യന്തോൾ, തൃശൂർ-680003. Ph: 0487-2384597

---

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം
**ശ്രീ. രാമചന്ദ്രൻ പിഷാരടി**
'ഉഷസ്സ്', ആനായത്ത് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ 680020
Ph: 9495131090

---

ജനറൽ സെക്രട്ടറിയുടെ വിലാസം
**ശ്രീ. കെ.പി. ഹരികൃഷ്ണൻ**, 'ചൈതന്യ', രാമപുരം പിഷാരം, രാമപുരം ശ്രീരാമക്ഷേത്രത്തിന് സമീപം, പുലക്കാട്ടുകര റോഡ്, മണലി, ചിറ്റിശ്ശേരി (പി.ഒ.), തൃശൂർ 680301
Ph: 9447329698. Email: kphpisharody@gmail.com

ട്രഷറർ - **ശ്രീ. സി.ജി. കുട്ടി**, C-1, Pearl Gardens, Near Co operative Society, Viyyur (P.O), Thrissur 680010. Ph: 9633898468

---

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം
**അജയകുമാർ എ**, "വൃന്ദാവനം", പുലാമന്തോൾ പോസ്റ്റ്, മലപ്പുറം 679323
Ph: 9946647757. Email: ajaypisharodi@gmail.com

ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. Ph: 09819512811

---

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം
**ശ്രീ. രവി കെ.പി.**, 'വിഷ്ണുമായ', കടുങ്ങല്ലൂർ വെസ്റ്റ് പി.ഒ., ആലുവ-683110
Ph: 8575351063, 9447869021 Email: ravikp1972@gmail.com

ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802, 91-6238743319 എന്നീ ഫോൺ നമ്പറുകളിൽ അന്വേഷിക്കാവുന്നതാണ്.

ട്രഷറർ - ശ്രീ. എ.പി. ഗോപി, 'അച്യുതം', ചെമ്പൂക്കാവ് പിഷാരം, ചെമ്പൂക്കാവ്, തൃശൂർ.
Ph: 9447916278. Email: apgopi4@gmail.com

---

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം
**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)
"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.
മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com
ശാഖാവാർത്തകൾ ജനറൽ സെക്രട്ടറിക്ക് നേരിട്ട് അയക്കേണ്ടതാണ്.
തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

---

"തുളസീദള"ത്തിലേക്കും വെബ്സൈറ്റിലേക്കുമുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ, Google Pay വഴിയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:
**മാനേജർ, ശ്രീ. ആർ.പി. രഘുനന്ദനൻ,** 7H ആർട്ടെക്ക് ഗേറ്റ് വേ,
ഹോട്ടൽ ജോയ്സ് പാലസിന് എതിർവശം, ടി.ബി. റോഡ്, തൃശൂർ - 680021. Ph: 9892240547
E-mail: thulaseedalamedb@gmail.com / raji.nandanam16@gmail.com
ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.
ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** — **Canara Bank**
**IFSC Code: CNRB0000721** — **West Palace Road, Thrissur.**

# 9-ാം ചരമവാർഷികം



# വേണുഗോപാലൻ ടി. പി.

തൃപ്പറ്റ പിഷാരം, തൃപ്പാദം, പഞ്ചാരമുക്ക്, ഗുരുവായൂർ

മരണം: 21-06-2016

സ്നേഹസ്മരണകളോടെ

| | | |
|---|---|---|
| ഭാര്യ | : | ലത |
| മകൻ | : | പ്രവീൺ വേണുഗോപാൽ |
| മരുമകൾ | : | ആശ പ്രവീൺ |
| പേരക്കുട്ടികൾ | : | ഇശാൻവി. പി., അദ്വൈത്. പി. |
| സഹോദരങ്ങൾ | : | അച്ചുതപിഷാരോടി ടി. പി. |
| | | ഉണ്ണികൃഷ്ണൻ ടി. പി. |
| | | നാരായണൻ ടി. പി. |

മറ്റു കുടുംബാംഗങ്ങൾ

THULASEDALAM

Title No. KERMAL04598
RNI Reg: No.36078/1981

Posted at RMS, Thrissur

Published on 07-06-2025
June 2025, Price-15.00

SAROJA
SINCE 1967
MULTI SPECIALITY HOSPITAL
A UNIT OF SAROJA NURSING HOME

PATIENT SAFETY & QUALITY OF CARE
CERTIFIED

നിങ്ങളുടെ സേവനത്തിന് 24 സ്പെഷ്യാലിറ്റികളോടെ

YEARS OF CARE AND TRUST 57

വർഷത്തെ സേവനപാരമ്പര്യവുമായി

സരോജ
മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
ഷൊർണ്ണൂർ റോഡ്, തൃശ്ശൂർ, Ph: 0487 2335 145 / 2325 185
sarojanursinghome@gmail.com | www.sarojahospital.com



SAROJ
HOME CARE
A UNIT OF SAROJA NURSING HOME

Care & Trust
SINCE 1967

ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് നിങ്ങൾ
കൊടുക്കുന്ന സ്നേഹ സംരക്ഷണം പോലെ

തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

വീട്ടിൽ പരിശോധന
പിക്കപ്പ് സംവിധാനം
ഡോക്ടറുടെ സേവനം വീടുകളിൽ
എമർജൻസി 24 x 7 പിക്കപ്പ്

അപ്പോയ്മെന്റിനായി
വിളിക്കുക / വാട്സാപ്പ് ചെയ്യുക
+91 81380 19090
+91 73563 99116
sarojhomecare@sarojahospital.com
sarojhomecare

Printed and Published by General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy